I consider it a very great previlege to be called upon to propose the toast of our *Alma Mater*, the Maharaja's College, Ernakulam. I had my early education in this College at a time when the High School Department was attached to it. Since then great changes have come over this institution. Even the name has been changed, and now it is proudly called the Maharaja's College. In the course of the past few years, it has grown up into a full-fledged College; and I am sure no one will deny the fact that this College, in its accommodation and equipment and staff has now come to occupy a position which is second to none in the Presidency. It has got splendid laboratories which are probably the best in South India, and the students are provided with decent Hostels and one of the best playgrounds. I am also gratified to see abundant evidence of Collegiate activities in the College *Magazine*, of the Literary Associations, and the Sea Scouts of the College, the Social Service League and many other activities. We have, at the present day, a well equipped and self-contained College which can compete successfully with similar institutions in India. We must not forget the fact of the keen interest taken in its welfare by the successive Maharaja's of the State including the present Ruler, who has spared no energies or resources to make this one of the best Institutions of the kind. It is also our duty, when we celebrate the College Day, to remember, with gratitude, the great giants of this College.— I mean the distinguished old Principals and Directors, and I must not omit the fact that it is due to the enthusiasm of the present very energetic Principal, Mr. Mills and his assistants that the College continues to be held in very high esteem. I have pleasure to hear from the report just now read that we have made very great progress as borne out by the excellent results that have been produced. This College is also enriched by the glorious and splendid records of some of its past students and several of them have attained remarkable success. This evening's President, is one of the most brilliant students of this College. Several of them have by their successful career and honourable conduct in the various activities both inside and outside Cochin-planted the good will and good name of this College, and it is up to you, my young friends to cherish those great traditions and ideals and to bring special rights by your conduct and successess in life in this College. I can only repeat

*Honour and esteem from no conditions rise—*
*Act well your part therein all honour lies.*

You must, while you are here, cultivate study and good habit and also develop robust character. "When wealth is lost, nothing is lost., when health is lost, something is lost, and when character is lost, everything is lost" Please bear these wise words always in your minds, no matter who you may be and whatever positions you may hold.

May this College continue to be the centre of our active academic life and send out every year more and more young men and women of culture and high character and judgment to fight out their battles of life successfully. I have great pleasure in proposing the toast of the Maharaja's College cheers Ernakulam.

### Sreemathy Leela Chettur, responded as follows on behalf of the present students:—

I rise with feelings of unique pleasure to respond to the toast so happily proposed by Justice Mr. Neelakanda Menon. It need hardly be said that the phenomenal development of women's education in the State is fully reflected in the ever increasing

number of women students that undergo training in this institution. To the distinguished president of the day, who passed through the portals of this college a few decades ago the number of women students now on the rolls, may come as a surprise—may I hope a pleasant surprise! But I am confident he will agree with me in thinking; that this is a sure sign of progress and not of deterioration. The women's Hostels attached to the College, the special arrangements made for the women's games and women's extramural activities in the College, and the generous number of seats given to us in the newly constituted Students' Souncil bear out this fact.

The rapid increase in the number of women students in the recent years has in fact led some to suggest that there is need for a separate College for women. But allow me to voice the sentiments of my sisters that a move in this direction will meet with resentment, that it so richly deserves. Sir Shanmukham Chetty has remarked. that the Maharaja's College forms the intellectual centre of the State, and we hope the nucleus of a future University; and to cut off at one stroke the feminine section of this institution would be converting it into a barren receptacle of intellectual cramming.

The unfailing courtesy shown to us by the men-students and teachers, and the remarkable cordiality that exists within the four walls of this College are sure signs of our united ambition to raise the prestige of this institution to still higher levels rather than dismember the College along the lines of an ancient prudishness. For, towards the building up of the traditions of this College the women students also have their share to contribute, and I am confident that the large number of us entering the portals of this Institution year after year are moulding and perfecting these cherished traditions in a manner worthy not only of Malabar but also of our dear Mother Land.

Mr. C. G. Sivadasan, Class II, also spoke in response.

Dr. G. F. Papali, Joint Secretary of the College Day Committee, proposed a vote of thanks. This was followed by a Fancy Dress Competition, at which Mr. P. A. Mathew, Class II, who impersonated a Kabuli woman, was awarded the first prize. Mr. M. T. David called for three cheers to His Highness the Maharaja and to the Day's President, which were lustily responded to.

**7. Entertainments**

The celebrations terminated with a triple dramatic programme that was successfully gone through at night. The Hall was crowded to its capacity, although the previous night had been specially reserved for the present students' entertainment.

As the curtain rose at 9 P. M. the audience were feasted to a most gorgeous and spectacular display of colour, song and light, which formed the chief characteristic of the Musical Drama, *Seetha Kalyanam* in Tamil enacted by the Lady Students of the College. Rama and Sita were impersonated by Misses T. Sarojini and T. C. Suseela respectively who were awarded special appreciative medals by Sry. V. K. Lekshmikutty Naithyaramma, the consort of H. H. the Elaya Raja of Cochin.

The English Farce was an adaptation of Moliere's *The Scamp* which afforded scope for uproarious laughter and great hilarity in the Hall. Mr. T. A. Mathew in the title role acted his difficult part to perfection, and deserved the medal that was awarded to him.

The Malayalam Farce was a homely satire on the clash between a half-educated youth and his old-fashioned servant, *Kittu*, whose part was dexterously played by Mr. A. R. Balakrishna Menon. He too was awarded a medal; while another was given to Mr. K. Bhaskaran who impersonated Kurup, the young hopeful. Mr. M. Krishna Nambisan was impressively realistic in the role of Cherotti Amma, the central female character in "കിട്ടുവിന്റെ പൊട്ടത്തം".

The Entertainments were in the hands of the College Arts and Dramatic Club, with Prof. T. C. Sankara Menon as Convener. Messrs M. Balakrishnan Nair, K. J. Augustine, K. S. Marar and M. Krishna Menon and Miss C. Thankom rendered invaluable help as producers of the different dramas.

## AN APPEAL.

### To The Old Students of the College.

Arrangements are being made to bring the list of old students of the College up to date, and all old students are requested to communicate their present addresses to the undersigned. Such of the old students as have not yet enrolled themselves as members of the Association are requested to get themselves enrolled *either* as Life Members by paying a consolidated subscription of Rs. 6, *or* as ordinary members by paying an annual subscription of 8 as. to the Secretary as early as possible.

—N. PARAMESWARAN MOOTHATH, *B. A., B. L.*,
*Secretary, Old Students' Association*,
Paliam Road, Ernakulam.

# COLLEGE NOTES

## 1. H. H. the Maharaja's Brithday.

The seventy-fifth birthday of H. H. the Maharaja of Cochin was celebrated in this Institution with the hoisting of the Cochin Flag early on the morning of January 11th followed by an assemly of the staff and students in the College Hall, at 10 A. M., when a resolution of loyal greetings was passed, and cheers given to His Highness.

In the afternoon the staff attended the levee held by the Maharaja in the Durbar Hall, Ernakulam, and individually offered the Ruler their respectful homage.

As His Highness, accompanied by the Agent to the Governor General, Mrs. Skrine and Sir Shanmukham Chetty, the Diwan, entered the Durbar Hall grounds for the evening's Garden Party, he was encircled by the men-students of the College who leaped a round him a spirited New Zealand Maori Dance, involving the All-Powerful to preserve and prosper the Maharaja. The boys had made many spirited rehearsals in the sports field and the College quadrangle, and the final performance with vociferous greetings in true student manner greatly pleased His Highness and all those within the ring. The boys were disposed in four concentric circles, the members of the Students' Council forming the innermost ring, the B. A. and B. Sc., students coming next; the senior Intermediates making the third ring, and the Juniors dancing on the larger outer circle.

* * * *

## 2. Staff.

The English and Language Departments continued to be understaffed during this term on account of the absence on privilege leave of three members of the English and two members of the Malayalam staff. A substitute for Malayalam arrived in the person of Vidwan G. Sankara Kurup, while the Principal, in the

# COLLEGE DAY—ENTERTAINMENT.



Malayalam Farce.



Tamil Drama.



English Farce.

(Vide Reports)

# COLLEGE DAY & H. H. MAHARAJA'S BIRTHDAY











Principal's Report. — President's Address.

H. H. The Maharaja, the A. G. G. and Diwan
with College students in Durbar Hall.

Toast: 'Our Alma Mater'. — Prize-Giving.

emergency, took a few classes in English trying his hand now at Ruskin's 'Sesame and Lilies', and now at John Drinkwater's 'Abraham Lincoln'— texts for the Intermediate.

* * *

### 3. University Extension Lectures.

Three courses of well-attended lectures were held during this term under the auspices of the University Extension scheme:

Swami Agamananda of the Ramkrishna Mutt delivered three lectures on *Sri Sankara, his life and thought*, on 7th, 9th and 12th January 1937.

Mr. R. C. Bristow, C. I. E., &c., Administrative Officer and Harbour Engineer-in-Chief, Cochin Port, delivered a course of three lectures on *Cochin Harbour* on Thursdays beginning with 14th January 1937.

Three lectures were given by Rao Sahib I. N. Menon, M. A., B. LITT. (Oxon.), Director of Public Instruction, Cochin State, on *Democracy, its Ethical and Political Significance* on 8th and 15th February, and 2nd March 1937.

The Chathu Panikkar Memorial lecture was delivered by Mr. V. M. Kuttikrishna Menon, B. A., on കേരളത്തിലെ നടനകല— അതിൻെറ ഉത്ഭവവും പരിണാമങ്ങളും.

### 4. Visitors.

One of the distinguished visitors to the College this term was Sir Mirza Ismail, the Dewan of Mysore, who was taken round the College by the Director of Public Instruction and the Principal. He was much interested to see this Institution at work.

Mrs. C. P. Skrine, wife of the A. G. G. Madras States, visited us one afternoon, and was shown round by Mr. & Mrs. Mills and Miss Thankom, Asst. Professor.

The Agent to the Governor-General, Mr. C. P. Skrine, I. C. S., O. B. E., did our Sea Scouts the honour of a visit to their camp on the Willingdon Island early in January (see separate reports).

He gave the Valedictory Address to the College Societies and gave away the Prizes to the winners at the several competitions in Essay-writing, *Ex tempore* speaking, Versification Elocution, Music and Painting.

Mr. Skrine spoke inspiringly on 'Geography and Travel' giving lively anecdotes drawn from his own experiences in Central Asia and Chinese Turkestan, and elsewhere, and concluded with a recommendation for the formation of a Geographical Society in the College.

He also unveiled a portrait of Professor, P. S. Ramakrishna Iyer, presented by his pupils and admirers of the Historical and Economic Society.

### 4. Farewell, and Au Revoir.

Leave-taking, during the last term, necessarily leads to a series of Teas and Photographs, which strain inordinately one's capacity for the sweet things, and tries one's patience—or impatience—with the camera man. It is not easy to put on one's best smile on these last days; yet we spent many happy evenings in one another's company, men and women students vying with one another to make the 'Socials' really memorable and enjoyable. As some one remarked, the earth these days looked less like an orange and more like a *laddoo.*

We offer the outgoing Seniors, the B. As., B. Scs., and the Inters. every luck in their respective Examinations, and prosperous careers thereafter; the Juniors we expect to come out successful in the promotion examinations and return to the College in June, healthier, brighter and happier than ever! *Farewell,* and *Au Revoir*!!

— *The Editor.*

## EXCHANGES.

THE SCHOLAR, PALGHAT.
THE GOSHRI SCOUT, COCHIN.
VISWA BHARATHI NEWS, SANTINIKETAN.
HINDU COLLEGE MAGAZINE, MASULIPATAM.
THE NEW REVIEW, CALCUTTA.
KAIRALI, TRICHUR.
GOVERNMENT BRENNEN COLLEGE MAGAZINE, TELLICHERY.
MYSORE ECONOMIC JOURNAL, BANGALORE.
GOVT. VICTORIA COLLEGE MAGAZINE, PALGHAT.
THE OLD COLLEGE MAGAZINE, TRIVANDRUM.
AMERICAN COLLEGE MAGAZINE, MADURA.
THE HINDU THEOLOGICAL COLLEGE MAGAZINE, MYLAPORE.
THE LITTLE FLOWER, PERUMPADAPPU, PALLURUTHI.
THE DUNGAR COLLEGE MAGAZINE, BIKANER.
THE SOCIAL ORDER, ALLAHABAD.
MADRAS LAW COLLEGE MAGAZINE, MADRAS.
MAGAZINE OF UNIVERSITY STUDENTS' UNION, VIZIANAGRAM.
NATIONAL COLLEGE MAGAZINE, TRICHINOPOLY.
PRESIDENCY COLLEGE MAGAZINE, MADRAS.
A GOVERNMENT COLLEGE MISCELLANY, MANGALORE.
ST. JOSEPH'S COLLEGE MAGAZINE, TRICHINOPOLY.
THE LIGHT OF THE EAST, RANCHI.

മഹാരാജകീയ കലാശാലാ മാസികയുടെ

മലയാളഭാഗം.

# സാഹിത്യസോപാനം.

പത്രാധിപർ:

കവിതിലകൻ, കെ. പി. കറുപ്പൻ.

# വിഷയവിവരം.


| | | |
|---|---|---|
| തിരുനാൾമംഗളാശംസകൾ | | 1 |
| സന്ധ്യയിൽ | (വി. വി. ജി. ക്ലാസ്സ് III.) | 5 |
| സ്നേഹവും പ്രേമവും | (കെ. ബാലകൃഷ്ണമേനോൻ, ക്ലാസ്സ് I, ഗ്രൂപ്പ് III.) | 6 |
| വിയോഗം | (വൈലോപ്പിള്ളിൽ ബലകൃഷ്ണ മേനോൻ.) | 12 |
| കേരളീയസംസ്കാരം | (എം. എൻ. കരുണാകരൻനായർ, ക്ലാസ്സ് III.) | 13 |
| ആധുനികപരിഷ്കാരം | (പി. കെ. ശ്രീധരൻ, ക്ലാസ്സ് I.) | 17 |
| സൌന്ദര്യസുധ (കേക) | (മുല്ലോത്തു വി. നാരായണ മേനോൻ.) | 20 |
| വീരപരീക്ഷ | (ബി. വി. ലക്ഷ്മിക്കുട്ടി, രാഷ്ട്രഭാഷാ വിശാരദാ) | 21 |
| ഒരു തത്വചിന്ത | (വി. എച്ച്. വിശാലാക്ഷി, ക്ലാസ്സ് I, ഗ്രൂപ്പ് III.) | 32 |
| ജപ്പാൻ സ്ത്രീകൾ | (ടി. സി. ജാനകിഅമ്മ, എം. എ. ഓണേഴ്സ്.) | 33 |
| തിരുമുൽകാഴ്ച | (ചങ്ങമ്പുഴ, ക്ലാസ്സ് I.) | 37 |
| പ്രവാചകൻെറ ആകർഷണം | (കെ. എൻ. സുബ്രഹ്മണ്യൻനമ്പൂതിരിപ്പാട്.) | 39 |
| ആരാമത്തിൽ (കേക) | (കെ. കൃഷ്ണൻകുട്ടിമേനോൻ, ക്ലാസ്സ് I, ഗ്രൂപ്പ് III.) | 42 |
| രാവിൻെറ രമണീയത | (കെ. പിൻേറാ ജോസപ്പ്, ക്ലാസ്സ് IV, ഗ്രൂപ്പ് IV ബി.) | 43 |
| "പാതിരായാത്ര" (മഞ്ജരി) | (കെ. എൻ. മേനോൻ, ക്ലാസ്സ് II,) ഗ്രൂപ്പ് II.) | 46 |

# തിരുനാൾമംഗളാശംസകൾ.

---

പാരിൽപ്പാവനഭാവുകക്കഭിമത-
    ന്മാരാം മഹീവല്ലഭ-
ന്മാരിൽപ്പാരമുദാത്തനായ് പ്രഥിതനായ്
    ഗോശ്രീശ്വരൻ മൂലജൻ;
ഭൂരിസ്വാദുതദീയ ജീവിതമഹാ-
    കാവ്യത്തെയവ്യാഹതം
പൂരിപ്പിക്കണമേ! പുരാണപുരുഷൻ
    പൂർണ്ണത്രയീനായകൻ.

കുററിപ്പുറത്തു കേശവൻനായർ.

വിദ്യാവൃത്തിവിവേകസംഘടനയാ
    സ്വീയാഃ സമസ്താഃ പ്രജാ
നിത്യം ഭാവുകഭാസുരാ രചയതോ
    യസ്യോദയാദഞ്ജസാ ।
ശ്രീമൂലംകില താരകം സമധികാ-
    മന്വർത്ഥതാമശ്നുതേ
സോऽയം മാടമഹീശ്വരോ വിജയതാം
    ധർമ്മാവനോൽകശ്ചിരം ॥

പി. എസ്സ്. അനന്തനാരായണശാസ്ത്രി.

ക്ഷോണീപാലനതല്പരഃ സുരവചസ്സാഹിത്യദത്താദരഃ
സമ്യക്ജ്ഞാതധരാഭരഃ സഹൃദയപ്രാശസ്ത്യരമ്യാന്തരഃ
ധീരോऽയം സുരുചാം വരഃ ശ്രിതജഗൽകാരുണ്യപൂരാകരഃ
സാരസ്സർവ്വവിഭൂതിഭിശ്ചിരതരം ജീയാൽ സമാടേശ്വരഃ

മഹോപാദ്ധ്യായ പി. വി. കൃഷ്ണൻനായർ.

മാടശ്രീതൻ നടനനിലയം, ഭാഗ്യവാരാകരത്തിൽ-
ച്ചാടിത്തുള്ളും മകര, മമിതപ്രേമസമ്പൂർണ്ണധാമം
കൂട്ടും മോദം, മമത, മഹിതസ്ഥൈര്യമെന്നീഗുണത്തിൻ-
വാടാവാടം വിലസുക ! ചിരം രാമവർമ്മക്ഷിതീന്ദ്രൻ

വിദ്വാൻ, കെ. പ്രകാശം.

ശ്രീമാടക്ഷിതി നവ്യനവ്യസുപരിഷ്കാരങ്ങൾകൊണ്ടേതുയോ
നാമാശിപ്പതിലും കവിഞ്ഞനിലയെപ്രാപിച്ചുശോഭിപ്പുഹാ !
സീമാതീതഗുണങ്ങൾ മേലിലുമിതേമട്ടിൽപ്പരത്തിക്ഷമാ-
ക്ഷേമാർത്ഥി നൃവരൻ ജയിച്ചു നെടുനാൾവാഴേണമൂഴീതലേ.

സർ ഷണ്മുഖം സചിവപുംഗവനീനൃപന്റെ
നിഷ്കന്മഷംനിറയുമാശയമേറവാങ്ങി
സാക്ഷാൽപുരോഗതിധരയ്ക്കുവരുംവിധത്തിൽ
വർത്തിച്ചു മേന്മയുളവാക്കുക മാടഭൂവിൽ

വിദ്വാൻ, ടി. എം. ചുമ്മാർ.

ഹാ ! ഹർഷാലെഴപത്തിയഞ്ചുതികയുന്നാട്ടത്തിരുന്നാളിതിൽ
മാഹാത്മ്യത്തൊടു മൂലഭൂപതി വിളങ്ങീടുന്നു മാടേശ്വരൻ.
സ്നേഹത്താൽ പ്രജകൾക്കു സൗഖ്യമരുളുംഭൂപൻ ചിരംവാഴുവാൻ
നീ വൃത്തിൽക്കരുതീടണം കനിവതിൻഭണ്ഡാരമാമീശ്വരാ.

ടി. പി. പൌലോസ് ബി. എ.

ജനാവലിസുഖം സുഖം സ്വകമിതിസ്മരിച്ചനപ്പഹം
ജനാവനവിധാനദീക്ഷയെ വരിച്ചു മായേതരം
ജനാർദ്ദനപദാംബുജം ഹൃദി നിനച്ചു വാഴുന്നൊരീ-
ജ്ജനാധിപനു മംഗളം തരിക മംഗളാത്മാവജൻ.

എ. ഡി. നാരായണശർമ്മാ.

1 ശ്രീമാടക്ഷോണിനാഥൻ ശ്രിതജനശരണൻ
ശ്രീമണാളപ്പിറപ്പെ-
ന്നീമർത്ത്യക്കോർത്തിടേണ്ടും നിലയിൽ മഹിതമായ്
രാജ്യഭാരംനടത്തി,
ആമട്ടിൽചക്രവർത്തിക്കതിമതതരനായ്
നാട്ടിലെല്ലായിടത്തും
ക്ഷേമത്തെച്ചേർത്തു പേർത്തും വിമലമതി ജയി-
ക്കുന്നു സർ രാമവർമ്മാ.

2 സത്യം നിഷ്കാമകർമ്മം പ്രജകളിലതിര-
റവുള്ളവാത്സല്യമേവം
ധാത്രീപാലക്കുവേണ്ടും ഗുണഗണമിവയാൽ
പേരുയർത്തി പ്രകാമം.
ധീരാത്മാ മാടമൂലക്ഷിതിപതിയൊരുനൂ-
റാണ്ടു തന്നൂഴി കാക്കാ—
നേകട്ടേ തൃക്കടാക്ഷം മലർമകൾകണവൻ
പൂർണ്ണവേദാലയേശൻ

ടി. എം. ഗോവിന്ദവാരിയർ, ക്ലാസ്സ് III.

പാരാതോരോതരത്തിൽ, പരമരുചിരമാം
ക്ഷേമമൊട്ടൊട്ടുനല്കി-
ട്ടീ രാജ്യശ്രീ വളർത്തും ഭവ്യകജനയിതാ-
വായഗോശ്രീമണാളൻ;
ആരാലും, വർണ്ണ്യനാകും നൃപഗുണമഹിതൻ
നൂറുവർഷം സഹർഷം
സ്ഥാരാഭം പാരിടത്തെപ്പരിചൊടു പരിപാ-
ലിക്കുമാറാസ്സരട്ടെ!

കെ. കൃഷ്ണൻകുട്ടിമേനോൻ, ക്ലാസ്സ് I.

# രാഗമാല

(ശഹന. ചാപ്പ്.)

ശ്രീമൂലമന്നവൻ ശ്രീമാധവാശ്രിതൻ
ശ്രീയാർന്നു വാഴ്ക ഗോ-ശ്രീമാതിൻ മാംഗല്യം! (ശ്രീ)
കാരുണ്യ കോരകം! കാമിത കല്പകം!
കാതരക്കാശ്രയം! കേരളഹീരകം! (ശ്രീ)
പാരിൻ പുകൾക്കൊടി! പ്രേമത്തിൻ പൂന്തിങ്കൾ!
പൌരർ തന്നാനന്ദം പൂജ്യതക്കാസ്ഥാനം! (ശ്രീ)

(എരിക്കില കാമോദരി.)

പാരം ഗുണഗണ വാരിധിയായോരു
പാരിൻ രമണ പുണ്യനിധേ വിജയിക്ക! (ശ്രീ)
പൊങ്ങും പുകളൊളി മലർ വിതറീടും
മംഗള നവകല്പവൃക്ഷം ജയിച്ചാലും! (ശ്രീ)

(കമാച്ചു.)

പാവനചരിത്ര തേ ഭാവുകം വളരുവാൻ
താവക ജനങ്ങളും കൈവണങ്ങീടുന്നല്ലൊ! (ശ്രീ)
ഭൂപതികുലമൌലേ! ഭൂവിനെ ഭരിച്ചുടൻ
ഭാസ്സെഴും പുരുകീർത്തി ചാർത്തണം ചിരകാലം! (ശ്രീ)

(കല്യാണി.)

കൊച്ചി തൻ ഭാഗ്യപ്പൂൺപേ സച്ചരിത്ര ഭവാൻെറ
മെച്ചമാം മാനമോർത്താൽ തുച്ഛരാം വാനവരും! (ശ്രീ)
വാരിധി ലാളിച്ചീടും കേരളമാതാവിനെ
വീരസൂപാദംചേർക്കും ശ്രീരാമവർമ്മൻ ഭൂപൻ! (ശ്രീ)

(സൌരാഷ്ട്രം.)

അർണ്ണോജനാഭനാകും പൂർണ്ണത്രയീശൻ തൻെറ
കൺമണിയായ് കീർത്തി വിണ്ണോളം വീശട്ടെ! (ശ്രീ)
മററുള്ള മന്നവർക്കു മാതൃകയായി നിത്യം
മുററും ശതവർഷം മന്നിടം കാക്കട്ടെ! (ശ്രീ)

എൽ. വെങ്കിടേശ്വരൻ, ബി. ഏ.

# സന്ധ്യയിൽ.

(വി. വി. ജി. ക്ലാസ്സ് III.)

പകലിൻെറ അന്തിമവേളയായി,
സകലവും ശാന്തതതന്നിൽ മുങ്ങി.
തുഹിനകണങ്ങളണിഞ്ഞിടുന്നു
തൃണനികരങ്ങളും താരുകളും

നിശയാംകുളിരാററിൻ തീരത്തിങ്കൽ
നിരുപമാലങ്കാരധോരണിയിൽ;

വിരിയുന്ന താരമാം താരുകളെ
പരിസരദേശത്തിൽ ചിന്തിച്ചിന്തി
മരുവുന്നുസന്ധ്യയാം,—വിശ്വത്തിൻെറ
അഴകിൻെറനിത്യമാം കേളീരംഗം.

അലയുന്നോരാഴിയടങ്ങിനിൽപൂ,
ചലനമെഴാതെ ലതകൾപോലും,
മലയുംമരങ്ങളും പാടലശ്രീ
നലമൊടെ പൂണ്ടുമയങ്ങിനിൽപൂ
പ്രകൃതി,തൻ സൌന്ദൎയ്യംകാണുവാനോ
പരിചൊടെ കൌതുകംപൂണ്ടുനിൽപൂ?

മനമേ നീ നിഷ്പന്ദമായി നില്ക്കൂ,
മഹിതമീവിശ്രാന്ത വേളയിങ്കൽ
വളരുമാസൌന്ദൎയ്യപീയൂഷത്തിൽ
അലിയുവാ,നാനന്ദമഗ്നനാവാൻ.

# സ്നേഹവും പ്രേമവും.

---

(കെ. ബാലകൃഷ്ണമേനോൻ, ക്ലാസ് I ഗ്രൂപ്പ് III)

അന്തിമസൂര്യൻ തൻെറ ചെങ്കതിർജാലത്താൽ ആ ആരാമതരുക്കളെ പാടലവർണ്ണലേപനം ചെയ്തു് മനോഹരതരമാക്കുന്നു. സൂനസഞ്ചയത്തിൽ ലയിച്ചിരിക്കുന്ന പരിമളധോരണിയെ പ്രാന്തപ്രദേശത്തിൽ പ്രചരിപ്പിക്കുന്ന പവനൻെറ പരോപകാരതല്പരത കണ്ടു് എൻെറ ഹൃദയം തെല്ലൊന്നു് വികസിച്ചു. ആ പൂങ്കാവനത്തിൻെറ രമണീയകത്വം എൻെറ ഹൃദയത്തെ പരമാനന്ദത്തിലേക്കു് പായിച്ചു. നിത്യവും ഈ സമയങ്ങളിൽ എന്നോടു് ഒന്നിച്ചു് ഉണ്ടാവാറുള്ള സ്നേഹിതൻെറ വേർപാടിനെപ്പററി ചിന്തിച്ചപ്പോൾ എൻെറ മനസ്സ് ഒന്നു മങ്ങി. അദ്ദേഹത്തെ കൂടാതെയുള്ള ഒരു ദിവസം ഒരു വർഷമായിട്ടാണ് ഞാൻ കഴിച്ചുകൂട്ടുന്നതു്. അഹോ! സ്നേഹത്തിൻെറ പ്രഭാവം. നിഷ്കളങ്കമായ സ്നേഹത്താൽ ബന്ധിക്കപ്പെട്ട രണ്ടു് വ്യക്തികളുടെ ഏകോപിച്ച ജീവിതം എത്ര ആനന്ദദായകം. ആ ഭാഗ്യം അനുഭവിപ്പാൻ ഇടയാവുന്നവനല്ലെ യഥാർത്ഥഭാഗ്യവാൻ? നിർവിഘ്നം പ്രവഹിക്കുന്ന എൻെറ ചിന്താതടിനിക്കു് ഒരു സേതുവെന്നപോലെ ഒരു നിഴൽ മുൻപിൽ പ്രതിഫലിച്ചു. തിരിഞ്ഞു നോക്കിയപ്പോഴേക്കും "ഗുഡ് ഈവ്നിംഗ് മി: പണിക്കർ" എന്നു് പറഞ്ഞുകൊണ്ടു് എന്നെ സമീപിച്ചു കഴിഞ്ഞു. ഞാൻ സമാധാനം പറയുന്നതിനുമുൻപു തന്നെ അവൾ തുടന്നു "മി. ശ്രീധരക്കുറുപ്പെവിടെ? നിങ്ങൾ ഒരുമിച്ചല്ലേ ഇപ്പോൾ താമസം?"

ഞാൻ:—"അതേ. അദ്ദേഹം ഇന്നു് സ്വദേശത്തേക്കു് പോയിരിക്കുന്നു. മൂന്നുമണിക്കുതന്നെ ഇന്നു് കോളേജിൽനിന്നും പോയല്ലോ. ഒരാഴ്ചകഴിഞ്ഞേ തിരിച്ചു വരികയുള്ളു."

പങ്കജം:—"അദ്ദേഹത്തിൻെറ വേർപാടുകൊണ്ടായിരിക്കാം നിങ്ങൾ ചിന്താഗ്രസ്ഥനായിക്കാണുന്നതു്."

ഞാൻ:—"തനിച്ചായതു്കൊണ്ടു് ഒരു വലിയ മുഷിവ്. അതു മാത്രമല്ല, ഈ മൂന്നുകൊല്ലംകൊണ്ടു് ഞങ്ങൾ ആത്മാർത്ഥസ്നേഹിതന്മാരായിപ്പോയി. പ്രാണൻപോലും കുറുപ്പിനുവേണ്ടി ഉപേക്ഷിപ്പാൻ ഞാനും, എനിക്കുവേണ്ടി ഉപേക്ഷിപ്പാൻ കുറുപ്പും തയ്യാറാണ്."

പങ്കജം:—"അതു് ഞാൻ മനസ്സിലാക്കിയിട്ടുണ്ടു്. എന്നാൽ എനിക്കു് ഷേക്സ്പീയർ നോട്ടു് ഒന്നുവേണം. അതിനാണ് ഞാൻ വന്നതു്."

ഞങ്ങൾ അഞ്ചുമിനിട്ടുകൂടി അവിടെനിന്ന് സംസാരിച്ചശേഷം ഞാൻ 'നോട്ട്' എടുത്തുകൊടുത്തു. പങ്കജം അവളുടെ കാറിൽ കയറിതിരിച്ചുപോകയും ചെയ്തു.

ഞാൻ ചില ചിന്തകൾക്ക് വശംവദനായി. "പങ്കജം എന്തിനായിരിക്കാം വന്നതു്? ഒരു നോട്ടുബുക്കിനെ ഉദ്ദേശിച്ച് മാത്രമോ? അല്ല. അതിന് ഇത്ര ബുദ്ധിമുട്ടി വരണമോ? വല്ല വേലക്കാരേയും പറഞ്ഞയച്ചാൽ പോരായിരുന്നോ? അവൾ ഒരു ജഡ്ജിയുടെ മകളല്ലെ? ഒരു നോട്ടുബുക്കിനുവേണ്ടി ഇറങ്ങിത്തിരിക്കുമോ? ഇതിൽ എന്തോ ഒരു രഹസ്യമുണ്ട്—ഹേയ്! ഒന്നുമില്ല. ഞാൻ വെറുതെ സംശയിക്കയാണ്. അനുരാഗദ്യോതകമായി അവൾ ഒന്നും പറഞ്ഞില്ലല്ലോ. കാര്യംകൂടാതെ ഞാൻ മനസ്സിനേ പുണ്ണാക്കുന്നതെന്തിന്?

അടുത്തദിവസം പങ്കജം 'നോട്ട്' കൊടുത്തയച്ചു. അതിനോട് ഒന്നിച്ച് എനിക്ക് ഒരു ക്ഷണനവുമുണ്ടായിരുന്നു. ഏതായാലും വൈകുന്നേരം ഒന്ന് പോകണമെന്ന് ഞാൻ നിശ്ചയിച്ചു. അന്നത്തെ എൻെറ സായാഹ്നസവാരി ആനന്ദഭവനത്തിലേയ്ക്ക് ആയിരുന്നു. പങ്കജം ഗേററിൽതന്നെ എൻെറ വരവിനെ പ്രതീക്ഷിച്ചുകൊണ്ടെന്നവണ്ണം നില്ക്കുന്നുണ്ടായിരുന്നു. ഞങ്ങൾ രണ്ടാളുംകൂടി അവളുടെ മുറിയിൽ പ്രവേശിച്ച് ഓരോ കസേരകളിൽ ഉപവിഷ്ടരായി. ഉടൻതന്നെ ഒരു ഭൃത്യനോട് ചായകൊണ്ടുവരുവാൻ ആജ്ഞാപിച്ചു. അനന്തരം ഒരു ചെറുപുഞ്ചിരിയോടുകൂടി "എൻെറ അപേക്ഷയെ സ്വീകരിക്കുമെന്ന് ഞാൻ വിചാരിച്ചില്ല' എന്നു മൃദുസ്വരത്തിൽ പറഞ്ഞു.

ഞാൻ:— "ഒരാളുടെ അപേക്ഷയെ മനഃപൂവം ഉപേക്ഷിക്കുന്നതു് യോഗ്യമാണോ?" ഇതു് കേട്ടപ്പോൾ പങ്കജം ഒന്ന് ചിരിച്ചു. അപ്പോഴേക്കും ഭൃത്യൻ ലഘുഭക്ഷണത്തിന് ആവശ്യമായ പലഹാരങ്ങളുമായി വന്നുചേന്നു. ഞാൻ അപ്പോൾ തന്നെ ചായ കുടിച്ചിരിക്കയാൽ എനിക്ക് ഇപ്പോൾ ഒന്നും ആവശ്യമില്ലെന്നു പറഞ്ഞതിനെ അവൾ സമ്മതിച്ചില്ല. അതിന് അവൾ ഒരു പരിഹാസസ്വരത്തിൽ ഇങ്ങിനെ മറുപടി പറഞ്ഞു. "അതു് സാധിക്കയില്ല; ചായ കുടിക്കണം. അല്ലാത്തപക്ഷം എൻെറ മനസ്സിന് സുഖമുണ്ടാവുന്നതല്ല."

ഞാൻ:— "ഞാൻ പറഞ്ഞില്ലേ പരമാത്ഥം? ഇപ്പോൾ ചായകുടിക്കണമെന്ന് നിർബന്ധിക്കുന്നതു് എന്നെ വിഷമിപ്പിക്കയാണ്."

പങ്കജം:— "എന്നാൽ പകുതി കുടിക്കണം. പകുതി ഞാനും കുടിക്കാം.........ഉച്ഛിഷ്ടഭോജനം അമൃതിന് തുല്യമല്ലോ?"

ഞാൻ:— "ആരുടെ?"

പങ്കജം:— "കാമുകാനാം എന്നു ചേർത്ത് ഞാൻ ആ സമസ്യ പൂരിപ്പിക്കട്ടെയോ?" ഇത്രയും പറഞ്ഞു് അവൾ അതിൽ കുറെ ചായയെടുത്ത് വേറെ പാത്രത്തിൽ പകൎന്ന് ഞങ്ങൾ രണ്ടുപേരുംകൂടി ചായകുടി കഴിഞ്ഞു. അനന്തരം ഇരുകൂട്ടരും മൌനം അവലംബിച്ചു. ഒടുവിൽ അവൾതന്നെയാണ് ഈ മുദ്ര ഭേദിച്ചതു്. "ഇനി ദിവസവും വൈകുന്നേരം വരണേ. നിങ്ങൾ തനിച്ചല്ലെ ഉള്ളൂ? മി. കുറുപ്പ് ഒരാഴ്ചക്ക് അവധി എടുത്തു പോയിരിക്കയല്ലേ? അച്ഛനും ഇവിടെ ഇല്ല. ഏതോ ആവശ്യം പ്രമാണിച്ച് മദ്രാസിൽ പോയിരിക്കയാണ്."

ഞാൻ:— "എനിക്ക് ഇവിടെ വരുന്നതും പങ്കജവുമായി സംസാരിക്കുന്നതും ആനന്ദപ്രദം തന്നെയാണ്."

നേരം വൈകിയതിനാൽ ഞാൻ എൻെറ വസതിയിലേക്ക് ഗമിച്ചു. അന്നേദിവസം ആനന്ദസാഗരത്തിൽ ആറാടിക്കളിക്കയായിരുന്നു. അന്നുമുതലുള്ള സായന്തനസമയത്തെ രണ്ടു മണിക്കൂർ നേരം എൻെറ ജീവിതത്തിലെ പ്രധാനവും പ്രഹർഷവുമായ രംഗങ്ങളായിത്തീൎന്നു. ഞങ്ങളുടെ അനുരാഗവല്ലി അതിശക്തിയായി തഴച്ചു് വളൎന്നു.

ആനന്ദമസൃണമായ ആ ഏഴു ദിവസം സ്വപ്നസമാനം കഴിഞ്ഞു. ആ ഭാസുരനഭസ്സിൽ ഒരു ചെറു കാർമുകിൽ വന്ന് കയറി. അതേ, ശ്രീധരക്കുറുപ്പ് തിരിച്ചു് വന്നു. അദ്ദേഹത്തിൻെറ പ്രത്യാഗമനം എനിക്ക് സന്തോഷപ്രദമായിരുന്നുവെങ്കിലും എൻെറ മനസ്സ് മങ്ങിത്തുടങ്ങി. ഞങ്ങളുടെ പ്രണയചരിതം ഞാൻ കുറുപ്പിൽനിന്നും മറച്ചു. മൂന്ന് ദിവസം പങ്കജവുമായുള്ള സ്വൈരസല്ലാപത്തെ ഞാൻ ത്യജിച്ചു. എന്നാൽ നാലാം ദിവസം വൈകുന്നേരം കുറുപ്പു് ഒരു ഉപന്യാസം എഴുതിക്കൊണ്ടിരിക്കുമ്പോൾ ഞാൻ അഞ്ചലാപ്പീസിലേക്കെന്നുള്ള വ്യാജവും പറഞ്ഞു് പങ്കജത്തിൻെറ ഗൃഹത്തിലേക്ക് തിരിച്ചു.

* * * * * *

ഞാൻ അവിടെ ചെന്ന സമയം പങ്കജത്തിനെ കണ്ടതു് സന്താപദേവതയുടെ ഹസ്തങ്ങളാൽ ഗ്രസിക്കപ്പെട്ടവളായിട്ടാണ്. പങ്കജത്തിൻെറ കണ്ണുകളിൽനിന്ന് അശ്രുധാര ഇടവിടാതെ പ്രവഹിച്ചുകൊണ്ടിരുന്നു. ഞാൻ കാരണം ആരാഞ്ഞപ്പോൾ അവളുടെ സങ്കടം ദ്വിഗുണീഭവിക്കയാണ് ചെയ്തതു്. അല്പനിമിഷം അതിനെ തെല്ലൊന്ന് അടക്കിയിട്ട് അവൾ ഇപ്രകാരം പറഞ്ഞു:—

"എങ്ങിനെയാണ് ഈ വസ്തുത അങ്ങയോടു പറയുക. എന്നാൽ പറയാതിരിക്കാനും നിവൃത്തിയില്ല. എൻെറ ഹൃദയം സ്ഥിരതയുള്ളതാണ്. ഒന്നിൽ ഉറച്ചാൽ ഇളകുകയില്ല. ഇന്ന് അച്ഛന് വന്ന എഴുത്തുക

ളുടെക്കൂട്ടത്തിൽ അമ്മാവൻെറ ഒരു എഴുത്തുണ്ടായിരുന്നു. ഞാൻ അതു പൊട്ടിച്ചു വായിച്ചു." അവൾ ഏങ്ങി ഏങ്ങിക്കരഞ്ഞുതുടങ്ങി. ശബ്ദം വെളിയിൽ കേൾക്കാതിരിക്കാൻ എത്രശ്രമിച്ചിട്ടും കഴിഞ്ഞില്ല. കുറേനേരം ഈവിധം കഴിഞ്ഞശേഷം വീണ്ടും തുടൻ. "അതിൽ ഇങ്ങനെ എഴുതിയിരുന്നു. 'ശ്രീധരനെക്കൊണ്ട് പങ്കജത്തെ വിവാഹം ചെയ്യിക്കുന്നതു് എനിക്ക് സന്തോഷമാണ്. അവരുടെ പരീക്ഷ കഴിഞ്ഞാലുടൻ അതു് നടത്താം." ഞാൻ ജിജ്ഞാസയോടുകൂടി ചോദിച്ചു:—"ഏതമ്മാവൻ?"

പങ്കജം:—"അതു് അവിടുത്തേക്ക് മനസ്സിലായിട്ടില്ലേ? ശ്രീധരക്കുറുപ്പിൻെറ പിതാവ് എൻെറ അമ്മാവനാണ്. കുറുപ്പ് ജീവിച്ചിരിക്കയാണെങ്കിൽ അവരുടെ നിശ്ചയപ്രകാരം നടക്കുകയും ചെയ്യും. അച്ഛൻ ഈ സംഗതിയെക്കുറിച്ച് അമ്മാവന് എഴുതി അയച്ചിട്ടുണ്ടായിരുന്നു എന്ന് ഈ എഴുത്തിൽനിന്നും വ്യക്തമാകുന്നുണ്ട്. കുറുപ്പിനോട് എനിക്ക് സഹോദരനിർവിശേഷമായ സ്നേഹമേയുള്ളു. വിശേഷിച്ചും അങ്ങയെ ഞാൻ ....................." അവൾ വീണ്ടും കണ്ണീർപ്രവാഹംതുടങ്ങി. മൃദുലങ്ങളെങ്കിലും കാര്യവശാൽ നിശിതങ്ങളായിത്തീൎന്ന അവളുടെ വാങ്നാരാചങ്ങൾ എൻെറ കണ്ണുകളിൽക്കൂടി തുളച്ചുകയറി ഹൃദയത്തിൽ വേദന ഉണ്ടാക്കിക്കൊണ്ടിരുന്നു.

ആ രംഗത്തിന് വലിയൊരു മാററം സംഭവിച്ചു. ശ്രീധരക്കുറുപ്പിൻെറ ആഗമനമാണ് അതിന് കാരണമാക്കിയതു്. ഉടൻതന്നെ പങ്കജം അകത്തു ചെന്ന് കണ്ണുനീർതുടച്ച് ഇറങ്ങിവന്നു. ഒരു പത്തു മിനിട്ടുസമയംകൂടി മറേറാരോ കാൎയ്യങ്ങളെപ്പററി സംസാരിച്ചശേഷം ഞങ്ങൾ അവിടെനിന്നും ഇറങ്ങി. അഞ്ചലാഫീസ്സ് ആനന്ദഭവനമാക്കിയതിനുള്ള കാരണം കുറുപ്പു ചോദിക്കയോ ഞാൻ അതിനെസംബന്ധിച്ച് എന്തെങ്കിലും പറയുകയോ ചെയ്തില്ല. മൌനാവലംബികളായിത്തന്നെയാണ് ഞങ്ങൾ താമസസ്ഥലത്തു ചെന്നെത്തിയത്.

എൻെറ അന്നത്തെ വായന വഴിപാടായിരുന്നു. ശയ്യയിൽ പ്രവേശിച്ചിട്ടും നിദ്രാദേവി എന്നെ സമീപിക്കപോലും ചെയ്തില്ല. വികാരവിജൃംഭണത്താൽ ഹൃദയം നൊന്തുതുടങ്ങി. "യാതൊന്നും കുറുപ്പ് എന്നിൽനിന്നു മറച്ചു വയ്ക്കുന്നതല്ലല്ലോ. പിന്നെ എന്താണ് പങ്കജവുമായുള്ള ബന്ധം എന്നെ അറിയിക്കാതിരുന്നതു? അദ്ദേഹത്തിൻെറ സ്നേഹം നിഷ്കളങ്കമായിരിക്കുമോ? പങ്കജത്തെക്കൂടാതെ ഞാൻ എങ്ങനെ ജീവിച്ചിരിക്കും? ഉപേക്ഷിക്കുക എന്നതു വിചാരിക്കുന്നതുപോലും മഹാസങ്കടം. അല്ലയോ സ്നേഹിതാ! അങ്ങയെ കവിഞ്ഞൊരു മിത്രം ഈ ജന്മത്തു് എനിക്കാരാണ്? ഒരു സ്ത്രീമൂലം അങ്ങയെ

ഞാൻ വെടിയുമോ? ഒരിക്കലുമില്ല. പങ്കജം, ഹാ! ആ അക്ഷരത്രയം എന്നെ സന്താപകൂപത്തിൽ തള്ളിയല്ലോ. ആ മന്ത്രത്തിൻെറ ശക്തി അവൎണ്ണനീയംതന്നെ. ഇപ്രകാരം ഇരുവശങ്ങളിൽനിന്ന് ഇരച്ചുകയറുന്ന വികാരപരമ്പരാവീചികളിൽ മുങ്ങിയും പൊങ്ങിയും ആ രാത്രി കഴിച്ചുകൂട്ടി.

* * * * *

ദിനകരൻ പൂൎവ്വപശ്ചിമശൃംഗങ്ങളിൽ മാറിമാറി പ്രവേശിച്ച് ലോകത്തെ പോഷിപ്പിച്ചും ശോഷിപ്പിച്ചും വളരെ പ്രാവശ്യം കഴിഞ്ഞു. പരീക്ഷ കഴിഞ്ഞാലുടൻ പങ്കജവും ശ്രീധരക്കുറുപ്പും തമ്മിലുള്ള വിവാഹം നടക്കുമെന്ന വാൎത്ത പ്രചരിച്ചുതുടങ്ങി. അതു് സാദ്ധ്യമായിത്തീരുന്നുവെങ്കിൽ നിത്യബ്രഹ്മചൎയ്യം അനുഷ്ഠിപ്പാൻ ഞാൻ തീൎച്ചയാക്കി. ഈവക സംഗതികളെപ്പററി ഞാനും കുറുപ്പുമായി യാതൊന്നും സംസാരിച്ചിട്ടില്ല. ഞങ്ങളെ ചുററിപ്പടൎന്നിരുന്ന സ്നേഹലതക്ക് യാതൊരുഭംഗവും വന്നിട്ടില്ലെങ്കിലും അതിൻെറ കുസുമങ്ങൾ പൊഴിഞ്ഞു് വീണുതുടങ്ങിയിരിക്കുന്നു. പങ്കജവും ഞാനുമായി ബന്ധിക്കപ്പെട്ടിരിക്കുന്ന പ്രേമപാശത്തിൻെറ ദൃഢതനിമിത്തം അവളെ ലഭിക്കുന്നതിന് ഏതു് സാഹസകൃത്യവും ചെയ്യാൻ ഞാൻ ഒരുക്കമായിരുന്നു. പരിതഃസ്ഥിതികളുടെ പ്രാതികൂല്യംനിമിത്തം അവളുമായുള്ള സംസാരാനന്ദാബ്ധിയിൽ മുഴുകുന്നതിന് എനിക്കു സാധിക്കാതെയായി.

പങ്കജത്തിൻെറ കത്തനുസരിച്ച് ഒരുദിവസം വൈകുന്നേരം ഞാൻ ബീച്ചിൽചെന്നു. അവൾ എന്നെ കാത്തു് അക്ഷമയായി അവിടെ ഇരുന്നിരുന്നു. ശ്രീധരക്കുറുപ്പ് ജീവിച്ചിരിക്കയാണെങ്കിൻ ഇരുകൂട്ടരും പ്രതീക്ഷിച്ചിരുന്ന ഭാസുരഭാവി ദുഃഖഭൂയിഷ്ഠമായിത്തീരുമെന്ന് അവൾ തീൎത്തുപറഞ്ഞു. അവിടെവച്ച് ഏതാനും നിശ്ചയങ്ങൾ ഞങ്ങൾ പാസ്സാക്കി.

* * * * * *

തലേദിവസത്തെ സംഭാഷണം എൻെറ ഹൃദയത്തെ കഠിനമായി വ്രണപ്പെടുത്തിക്കൊണ്ടിരുന്നു. വായനകഴിഞ്ഞ് കുറുപ്പ് അദ്ദേഹത്തിൻെറ മുറിയിൽ പോയി കിടന്നു. ഞാനും ശയ്യയിൽ പ്രവേശിച്ചു. ആ കാളരാത്രിയിൽ ദുഷ്ടപിശാചുക്കൾ ഭീകരചേഷ്ടകൾ കാണിച്ചുകൊണ്ടു് എൻെറ ചുററും നൃത്തം ചെയ്യുന്നതായി എനിക്ക് തോന്നി. "ഏതൊരു സാഹസകൃത്യമാണു് ഇന്നു ഞാൻ ചെയ്യേണ്ടതു്? അല്ലയോ പ്രാണസ്നേഹിതാ! ആത്മമിത്രമേ! ഏകഹൃദയത്തോട്ട് കൂടിയല്ലേ നാം വൎത്തിച്ചുപോന്നതു്? അതിൻെറ അവസാനം ഈ തരത്തിലോ? അങ്ങയെ ഞാൻ ...................... ഇല്ല ഒരിക്കലും

ചെയ്യുകയില്ല. പങ്കജം, അഹോ! അതിൻെറ ഭീകരത അല്ല; സുന്ദരരൂപം. എൻെറ പ്രാണപ്രേയസി. ആ കാന്തികരേളബരത്തെ ഞാനൊന്ന് മനസാ ചുംബനംചെയ്യട്ടെ അനുമതി. ഞാൻ സർവ്വവും വെടിയും" ഈവിധവിചാരങ്ങളോടുകൂടി ഞാൻ ഒന്ന് മയങ്ങി. ഉടൻ ഭയങ്കര സ്വപ്നങ്ങൾകണ്ട് ഞെട്ടിയുണർന്ന്; ഞാൻ രഹസ്യമായി സൂക്ഷിച്ചുവെച്ചിരുന്ന "റിവാൾവർ" കയ്യിലെടുത്തു. അതിൽ തൊട്ടപ്പോൾ എൻെറ ദേഹം സ്തംഭിച്ചു. സ്നേഹവും പ്രേമവും ഇരുവശങ്ങളിലായിനിന്ന് എന്നെ വലിച്ചുതുടങ്ങി. ഞാൻ വെറും ഒരു ഉന്മത്തനായിത്തീൎന്നു. അവിടെനിന്നും എഴുന്നേററ ഒരു വെറും പ്രേതം കണക്കെ കുറുപ്പിൻെറ മുറിയിൽ പ്രവേശിച്ചു. അവിടെ ഒരനക്കവും ഇല്ല .ശയ്യയിൽ തപ്പിനോക്കി അതു ശൂന്യമായിരിക്കുന്നു. ഞാൻ വെറുംഭ്രാന്തനെപ്പോലെ തോട്ടത്തിലേക്ക് ഓടി. രാത്രിയുടെ ഭയങ്കരരൂപം സ്പഷ്ടമായി വെളിപ്പെട്ടിരുന്നു. കാററുകൊണ്ടിളകുന്ന ഇലകളുടെ വെറും ശബ്ദമല്ലാതെ അവിടെ യാതൊരു അനക്കവുമില്ല. "സ്നേഹിത" എന്ന് കരുണാമസൃണമായ ഒരു സ്വരം കർണ്ണങ്ങൾക്ക് പരമാനന്ദം നൽകിയ ക്ഷണം തന്നെ രണ്ടു കരവല്ലികൾ എന്നെ വലയം ചെയ്തുകഴിഞ്ഞു. വേറൊരു കോമളപാണി എൻെറ കരത്തിൽ മൃദുലമായി സ്പൎശിച്ചു. അത്ഭുതലോകത്തിൽ സഞ്ചരിച്ചിരുന്ന ഞാൻ പങ്കജത്തിനേയും കുറുപ്പിനേയും തിരിച്ചറിഞ്ഞു.

കുറുപ്പ്:—"സ്നേഹിതാ, നമ്മുടെ സ്നേഹനാടകത്തിന് ഭരതവാക്യം ചൊല്ലേണ്ട ഘട്ടം ഇങ്ങിനെ തട്ടിനീങ്ങിയത് ഭാഗ്യാതിരേകം ഒന്നുകൊണ്ടുമാത്രമാണ്. പങ്കജവും നിങ്ങളുമായുള്ള അനുരാഗം ഞാൻ മുമ്പേ അറിഞ്ഞിരിക്കുന്നു. നിങ്ങളെക്കൊണ്ടു പങ്കജത്തിനെ വിവാഹം ചെയ്യിക്കേണമെന്ന് എനിക്ക് അതിയായ ആഗ്രഹമുണ്ട്. അതുകൊണ്ടാണ് ഞങ്ങൾ തമ്മിലുള്ള ബന്ധം നിങ്ങളെ അറിയിക്കാതിരുന്നത്. ഇവളെ എനിക്ക് വിവാഹം ചെയ്തു തരുവാൻ ഞങ്ങളുടെ അമ്മാവൻ നിശ്ചയിച്ചിരിക്കുന്നു എന്ന വിവരം കുറച്ചുദിവസം മുമ്പു മാത്രമെ എനിക്കറിയാൻ സാധിച്ചുള്ളു. നിങ്ങൾ തന്നെ പ്രാണൻ എന്നു കരുതുന്ന പങ്കജത്തിൻെറ മനസ്സിനെ ശല്യപ്പെടുത്തുന്നുണ്ട് എന്നു കരുതി എൻെറ ആശയം ഇന്നു ഞാൻ ഇവളെ അറിയിച്ചു. ഞാൻ ഇതു അവളെ അറിയിച്ചില്ലായിരുന്നുവെങ്കിൽ, നിങ്ങളുടെ കൈകൊണ്ടു തന്നെ എൻെറ മരണം. ഹാ! അതും ഒരു മഹാഭാഗ്യമായി ഞാൻ കരുതാം. എന്നാൽ ഞാൻ ഉറങ്ങുന്നതിന് മുമ്പ്, പങ്കജം എൻെറ മുറിയിൽ വന്ന്, എന്നെ വിളിച്ചു കൊണ്ടു വന്ന് ഇന്നു രാത്രി എന്നെ വധിക്കുന്നതിന് നിങ്ങൾ തമ്മിൽ ആലോചിച്ചു തീൎച്ചപ്പെടുത്തിയിട്ടുണ്ടെന്നുള്ള വിവരം എന്നെ അറിയിച്ചു. കാൎയ്യം ശുഭമായതുകൊണ്ട് എൻെറ ജീവനെ നശിപ്പി

ക്കാതിരിക്കാൻ വേണ്ടിയാണു് പങ്കജം ഈ രാത്രി ഇവിടെ വന്നതു്. ഇതിൽ പങ്കജത്തിന്റെ മനോധൈൎയ്യത്തെ ഞാൻ അഭിനന്ദിക്കുന്നു. നിങ്ങളുടെ ആഗ്രഹം എന്നെ മറച്ചുവെച്ചതുകൊണ്ടാണു് ഇത്രയും സങ്കടം അനുഭവിക്കേണ്ടിവന്നതു്. വരൂ, നമുക്കു പങ്കജത്തിനെ ആനന്ദഭവനത്തിൽ കൊണ്ടുചെന്നാക്കാം. ഇനിയുള്ള സകല കാൎയ്യവും ഞാനേററു." സന്തോഷം, പശ്ചാത്താപം, ലജ്ജ എന്നീ വിവിധവികാരങ്ങളാൽ ഇതികൎത്തവ്യമൂഢനായിത്തീൎന്ന ഞാൻ എന്റെ സ്നേഹിതനെ പല തവണയും ആശ്ലേഷിച്ചു.

## വിയോഗം*

(വൈലോപ്പിള്ളിൽ ബാലകൃഷ്ണമേനോൻ)

പതിയെ വേർപെട്ടു വാഴുമ്പൊഴെൻമനം
പതറുകയാണു സന്താപബദ്ധമായ്
പരവശതാപം പകലൊക്കെ;യല്ലിലോ
വരുവതില്ലാ സുഷുപ്തിയൊരല്പവും.
പറവതാരൊടു ഞാൻ മമ സങ്കട-
മൊരുവരുമെനിക്കില്ലൊരാലംബനം.

തിമിരമെങ്ങും പരക്കവേ, താന്തമായ്
നിമിഷമോരോന്നിഴഞ്ഞു നീങ്ങീടവേ,
പ്രണയചിന്താപരവശയന്നു ഞാ-
നുണരുമാറുണ്ടു ഞെട്ടിപ്പലപ്പൊഴും.
അരികിലാ മലർമേനി കാണായ്കയാ-
ലെരിപൊരിക്കൊൾകയാണപ്പൊളെൻമനം.

ഇതി കഥിപ്പൂ കബീർ—"എൻസഖാക്കളേ!
മതിതെളിഞ്ഞിതു നിങ്ങൾ കേട്ടീടുവിൻ
പ്രിയജനമൊത്തു വാഴ്കയിലെന്നിയേ
നിയതമില്ലൊരു സംതൃപ്തിയാകുമേ."

---

* കബീർഗീതിയിൽനിന്നു

# കേരളീയസംസ്കാരം.

## അതിൻെറ പൂർവ്വപക്ഷം.

(എം. എൻ. കരുണാകരൻ നായർ, ക്ലാസ്സ് III)

---

"അതിപുരാതനകാലംമുതൽ നിലനിന്നുവരുന്നതും, തന്മൂലം അതിവിശിഷ്ടവും ആയ സംസ്കാരമാണ് കേരളത്തിനുള്ളത്. പാശ്ചാത്യന്മാരും പൌരസ്ത്യന്മാരും ഒരുപോലെ പ്രശംസിച്ചിട്ടുള്ളതാണ് കേരളീയസംസ്കാരത്തെ." എന്നിങ്ങനെ ഉപക്രമിക്കുന്ന എത്രയെത്ര ഉപന്യാസങ്ങളും പ്രസംഗങ്ങളുമാണ് കേരളസംസ്കാരത്തെപ്പററി നാം വായിച്ചിട്ടുള്ളത്. എല്ലാററിനും രണ്ടു വശമുണ്ടെന്നുള്ള വസ്തുത പ്രായേണ നമ്മുടെ ഉപന്യാസകാരന്മാരും പ്രാസംഗികന്മാരും മറന്നിരിക്കുന്നു. അതിനാൽ കേരളത്തിനും അതിൻെറ സംസ്കാരത്തിനും വേറൊരു വശം കൂടിയുണ്ടോ എന്നും ഉണ്ടെങ്കിൽ അത് എത്രമാത്രം ഇരുണ്ടതാണെന്നും നമുക്ക് ചിന്തിക്കാം.

ഒന്നാമതായി കേരളസംസ്കാരത്തിൻെറ സാമുദായികവശം നോക്കാം. കേരളത്തിലെ പ്രാചീനനിവാസികളിൽ പരിഷ്കൃതന്മാർ നായന്മാരായിരുന്നതിനാൽ കേരളസംസ്കാരം നായന്മാരുടെ സംസ്കാരമായിത്തന്നെ കണക്കാക്കാവുന്നതാണ്. സമത്വം, സ്വാതന്ത്ര്യം ഇവയ്ക്ക് ആസ്പദവും, പ്രജാധിപത്യരീതിയോട് ഏറെക്കുറെ സാമ്യമുള്ളതും, അതിനാൽ അതിപരിഷ്കൃതവും ആയ ഗൃഹ്യജീവിതമാണ് കൂട്ടുകുടുംബഏർപ്പാട് എന്നാണ് ചില മഹാന്മാരുടെ മതം. എന്നാൽ കാരണവന്മാരുടെ ധൂർത്തിനും, അമ്മാവിമാരുടെ സ്വേച്ഛാപ്രഭുത്വത്തിനും ഇരയായി നശിക്കാത്ത എത്ര കുടുംബങ്ങൾ ഇനി അവശേഷിച്ചിട്ടുണ്ട്? അഥവാ നായർ ബില്ലാണ് ഇതിനു കാരണമെങ്കിൽ, അതിനു മുൻപ് എത്രയുണ്ട് അഭിവൃദ്ധ്യുന്മുഖമായിരുന്ന കൂട്ടുകുടുംബങ്ങൾ? പരിഷ്കൃതവും വ്യവസ്ഥാപിതവും ആയതായിരുന്നു ഇതെങ്കിൽ, എന്തു കാരണംകൊണ്ട് ഇപ്രകാരം നശിച്ചു? ഇതരദേശീയരുമായി സംസ്കാരവിനിമയത്തിനുതകത്തക്കവിധത്തിൽ സമ്പർക്കം ലഭിക്കാതിരുന്നതിൻെറ ഫലമായി, മററങ്ങുമില്ലാത്ത ഒരു 'തായം' ഇവിടെ ഉണ്ടായി വന്നു. അത് വേറെയെങ്ങുമില്ലാത്തതുകൊണ്ട് വളരെ വിശിഷ്ടമെന്ന് നാം തീരുമാനിക്കയും ചെയ്തു. അല്ലാതെ അത് വിശിഷ്ടമായ ഒരു സംസ്കാരത്തിൻെറ പരിണതഫലമല്ല.

രണ്ടാമതായി നാം കാണുന്നതു് കേരളീയരുടെ വിവാഹരീതിയും ദാമ്പത്യജീവിതവുമാണ്. സ്ത്രീപുരുഷന്മാൎക്കു് ഒരുപോലെ സ്വാതന്ത്ര്യവും സൗഖ്യവും നല്കിയിരുന്ന ഒരു വിവാഹരീതിപോലും! അതേ, സ്വാതന്ത്ര്യം. എന്തിനു്? വെറും മൃഗീയതയ്ക്കു്! ഭോഗംമാത്രമുദ്ദേശിച്ചുള്ള വിവാഹമല്ലേ പണ്ടും ഏറെക്കുറെ ഇന്നും നടന്നുവരുന്നതു്? രണ്ടും മൂന്നും സജാതീയഭാൎയ്യമാരുണ്ടായിരുന്നിട്ടും വീണ്ടും വിവാഹം ചെയ്യുന്നതു്, സൽസന്താനോല്പാദനത്തിനുവേണ്ടിയോ, അതോ കാമവികാരങ്ങളെ ശമിപ്പിക്കുന്നതിനുവേണ്ടിയോ? അപ്രകാരമുള്ളവൎക്കേ തങ്ങളുടെ ഗൃഹങ്ങളിൽനിന്നു് വിവാഹംചെയ്യാൻ പാടുള്ളുവെന്നു് നിൎബ്ബന്ധമുള്ള എത്ര കാരണവന്മാർ ഇനിയും ഈ മലയാളക്കരയിലുണ്ടു്? അതു് അഭിമാനമായി കരുതുന്ന പരിഷ്കൃതാശയന്മാരും ഇക്കൂട്ടത്തിലുൾപ്പെടുന്നതാണ് അതിലും അത്ഭുതം. ബ്രാഹ്മണരും ഇതരസമുദായക്കാരുമായുണ്ടായിരുന്ന 'ബന്ധ'ത്തിന്റെ കഥ ആലോചിച്ചാൽ കേരളത്തിന്റെ സംസ്കാരമാഹാത്മ്യം വെളിപ്പെടും. പുത്രനേയും ഭാൎയ്യയേയും തൊട്ടാൽ അശുദ്ധമാകുന്ന ഇക്കൂട്ടരുമായുള്ള ദാമ്പത്യജീവിതം ശാസ്ത്രീയംപോലും!

നാഴികയ്ക്കു് നാല്പതുവട്ടം സംബന്ധമൊഴിയുന്ന പതിവു് നമ്മുടെ കേരളത്തിലല്ലാതെ എവിടെയുണ്ടു്? ഭ്രാതൃപത്നിയെ മാതൃതുല്യം ബഹുമാനിക്കണമെന്നു് ധൎമ്മശാസ്ത്രം ഒരുവശത്തു് ഉപദേശിക്കുമ്പോൾ, കേരളീയർ ഭ്രാതൃപത്നീപരിഗ്രഹം അനുവദിച്ചിരുന്നു. എല്ലാവരും അങ്ങിനെ ചെയ്തിരുന്നുവെന്നല്ല ഞാൻ പറഞ്ഞതിന്റെ അൎത്ഥം. അപ്രകാരം ചെയ്യുന്ന വ്യക്തിയെ സമുദായം ബഹിഷ്കരിക്കാതിരിക്കുന്നിടത്തോളം കാലം അതംഗീകരിക്കപ്പെട്ടുവെന്നല്ലേ മനസ്സിലാക്കേണ്ടതു്? എത്രയും ആഭാസമായ ആചാരങ്ങളിലൊന്നല്ലേ കേരളീയരുടെ 'കെട്ടുകല്യാണം'? ഇതും സാധൂകരിക്കുന്നതിനു് ചില മഹാന്മാർ വട്ടംകൂട്ടുന്നതു് കാണുമ്പോഴാണു് ആശ്ചൎയ്യം തോന്നുന്നതു്. ഇതുപോലെയുള്ള പല പരമാൎത്ഥങ്ങളും നമ്മുടെ സംസ്കാരത്തിന്റെ തനിനിറം വെളിപ്പെടുത്തുന്നതിനു് പൎയ്യാപ്തമാണ്. "വാലുള്ള വാനരന്മാൎക്കും ചിതം വരാ"ത്ത ഈദൃശമൃഗീയതകൾ ഏതു ധൎമ്മശാസ്ത്രം അംഗീകരിക്കുന്നു? ഏതു സാമ്രാജ്യികനിയമം സാധൂകരിക്കുന്നു?

ഇനിയും നമ്മുടെ സമുദായഘടന നോക്കുക. ആഢ്യബ്രാഹ്മണൻ മുതൽ പറയൻ വരെ എത്രയെത്ര ജാതികളും ഉപജാതികളുമാണ് കേരളീയസമുദായത്തെ ഛിന്നാഭിന്നമാക്കിയിരിക്കുന്നതു്? ലോകത്തിന്റെ യാതൊരു ഭാഗത്തും ഇന്നേവരെ അറിയപ്പെട്ടിട്ടില്ലാത്തതും, സൎവ്വത്ര അനീതിപരവും ആയ ഈ അനാചാരങ്ങളെ നാം ഇന്നും 'വെച്ചു പൂജിക്കു

ന്നില്ലേ? ഈശ്വരസത്തയെ കരതലാമലകംപോലെ അനുഭവിച്ചറിഞ്ഞ ശ്രീനാരായണഗുരുവിനെ നരിയ്ക്കും നായിനുംകൂടി കൊള്ളാത്ത വൃത്തികെട്ട സത്രങ്ങളിൽനിന്നുപോലും ഇറക്കിവിട്ടില്ലേ? ഹരിജനോദ്ധാരകന്മാരും പൊതുജനനേതാക്കന്മാരും അതേസമയത്തുതന്നെ സ്വന്തം ഗൃഹത്തിൽ 'ഏട്ടിലപ്പിടി പയററിലിപ്പിടി' എന്ന നയമെടുക്കുന്നവരും ആയ പല മഹാന്മാരേയും ഇവിടെത്തന്നെ എനിക്ക് അറിയാം. ഇതൊക്കെയല്ലേ നമ്മുടെ സംസ്കാരത്തിൻെറ ഫലങ്ങൾ? അഹോ, കേരളസംസ്കാരത്തിൻെറ വിശിഷ്ടത!

ഇനിയും നോക്കുക. നമ്മുടെ ശുചിത്വാവബോധം. ശൗചം ചെയ്യുന്ന കുളത്തിൽത്തന്നെ പല്ലുതേയ്ക്കുകയും അവിടെത്തന്നെ കുളിക്കുകയും ചെയ്യുന്ന പതിവ് ഇന്നോ ഇന്നലെയോ തുടങ്ങിയതാണോ? ലോകത്തിലറിയപ്പെട്ടിട്ടുള്ള സകലതരമലിനതകളുടെയും ഭണ്ഡാഗാരമാണു നമ്മുടെ തീർത്ഥങ്ങൾ. ഇതുപോലെ ആരോഗ്യത്തിനു ഹാനികരവും വൃത്തിഹീനവുമായ എത്രയെത്ര നടപടികളാണ് നമുക്കുള്ളത്? ഇവയിൽ കുളിച്ചാൽ മാത്രമേ ശുദ്ധമാകുകയുള്ളുവെന്നു വിശ്വസിക്കുന്ന അഭ്യസ്തവിദ്യരെന്നഭിമാനിക്കുന്ന മഹാന്മാർ ഈ ഇരുപതാം നൂററാണ്ടിലും സുലഭമായുണ്ടെന്നറിയുമ്പോഴാണ് ഈ സംസ്കാരത്തിൻെറ ഭയങ്കരത പൂർണ്ണമായി മനസ്സിലാവുന്നത്.

അടുത്തത്, ഈശ്വരാരാധനക്രമമാണ്. ജാതിയിലുള്ളതിനേക്കാൾ കൂടുതൽ വിവിധത്വം ഈശ്വരന്മാരിൽ കാണാം. കള്ളു കുടിക്കുന്ന ദൈവം, കഞ്ചാവുകുടിയൻ ദൈവം, മാംസം കിട്ടിയില്ലെങ്കിൽ കോപിക്കുന്ന ദൈവം എന്നിങ്ങനെ ഏതു ജാതി ദൈവത്തിനേയും എത്ര വേണമെങ്കിലും കിട്ടും. ഈദൃശങ്ങളായ അനാചാരങ്ങൾക്കുപുറമെ പല ദേവാലയങ്ങളിലും ഇനിയും ജന്തുബലി ഇന്നു നടന്നുവരുന്നുണ്ടെന്നുള്ളത് എത്രയും സുവിദിതമാണല്ലോ. നമ്മുടെ സന്മാർഗ്ഗനിഷ്ഠയുടെ മകുടോദാഹരണമാണ് പൂരവും പൂരപ്പാട്ടും. കൊടുങ്ങല്ലൂർ ഭരണിയും മററും നമുക്കെല്ലാവർക്കും അറിയാവുന്നതുകൊണ്ട് അവയെ വർണ്ണിക്കുന്നതിന് ശ്രമിക്കുന്നില്ല. ഇതൊക്കെ എന്തു് സൂചിപ്പിക്കുന്നു? ഈശ്വരസന്നിധിയിൽ, സ്വന്തം മാതാപിതാക്കന്മാരുടേയും സഹോദരിമാരുടേയും സാന്നിദ്ധ്യത്തിൽ, ഈദൃശങ്ങളായ പാട്ടുകൾ പാടണമെങ്കിൽ അതിനു പ്രേരകമായ സംസ്കാരം എത്രമാത്രം ജുഗുപ്സാവഹമാണ്! എന്നാൽ അതു് തെററാണെന്ന് നാം സമ്മതിക്കുമോ? അതു് വളരെ അത്യാവശ്യമാണെന്നും, ഇല്ലെങ്കിൽ ദേവി കോപിക്കുമെന്നും അഭ്യസ്തവിദ്യനായ ഒരു കൊടുങ്ങല്ലൂക്കാരൻ സന്ദർഭവശാൽ ഈയിടെ എന്നോട് പ്രസ്താവിക്കുകയുണ്ടായി. ഈ മനഃസ്ഥിതി എത്രതന്നെ അവഹേളനാർഹമല്ല? പൂരപ്പാട്ടു

കേൾക്കാതെ ഉറക്കംവരാത്ത ഈശ്വരനോ ഈശ്വരിയോ ആരായാലും വേണ്ടില്ല, എടുത്തു സമീപത്തുള്ള കായലിലേക്ക് എഴുന്നള്ളിക്കണം. അതാണു് വേണ്ടതു്.

അതിപരിഷ്കൃതമായ രാജ്യഭരണരീതിയിലും നാം ഇതരഭൂവിഭാഗങ്ങളെ അതിശയിച്ചിരുന്നുവത്രെ! കരകൾ തമ്മിലും, ദേശങ്ങൾ തമ്മിലും പരസ്പരം കലഹിക്കാതിരുന്ന ഒരൊററ കാലഘട്ടംപോലും കേരളചരിത്രത്തിലുണ്ടോ? ഇതായിരിക്കാം പരിഷ്കൃതഭരണരീതിയുടെ ഫലം. അതുപോലെതന്നെ കേരളക്കരയുടെ മിക്ക ഭാഗങ്ങളും ഒരു കോയ്മയുടെ അല്ലെങ്കിൽ മറെറാന്നിൻെറ കീഴിൽ ഇരുന്നിരുന്നുവെന്ന പരമാൎത്ഥം ലജ്ജയോടുകൂടിയെങ്കിലും പറയാതെ നിവൃത്തിയില്ല. പാശ്ചാത്യശക്തികളുടെ വരവോടുകൂടിയുള്ള അവസ്ഥ പൂൎവ്വാധികം ലജ്ജാവഹം തന്നെ.

വീൎയ്യശൗൎയ്യാദി ഗുണഗണങ്ങളുടെ വിളനിലമായിരുന്നുപോലും കേരളീയർ! കേരളചരിത്രം പൊതുവേയും ഓരോ രാജ്യത്തിൻെറയും പ്രത്യേകിച്ചും പരിശോധിക്കുമ്പോൾക്കാണാം ഇതിൻെറ പരമാൎത്ഥം. നമ്മുടെ രാജാക്കന്മാരും അവരുടെ നായർപ്പട്ടാളവും "ചേകോപ്പടയും" യുദ്ധത്തിൽ അതിഖ്യാതി നേടിയിട്ടുള്ളവരാണു്. പരസ്പരം തമ്മിൽത്തല്ലുന്നതിനു് ഇവർ അതിസമൎത്ഥന്മാരെന്നു് സമ്മതിച്ചേ തീരു. എന്നാൽ വിദേശീയാക്രമണങ്ങളിൽ ഗണ്യമായ ഒന്നിനെയെങ്കിലും നമ്മുടെ വീരപുരുഷന്മാർ തടുത്തു് ഓടിച്ചതായി കേട്ടുകേൾവിപോലുമില്ല. എന്നിട്ടും പറയുന്നു, അവർ വീൎയ്യധൈൎയ്യാദികളിൽ സമ്പൂൎണ്ണന്മാരെന്നു്. അസുരന്മാരോട്ട് തോററു പലായനം ചെയ്യുന്ന ദേവസേനകൾ കേരളയോധന്മാരെപ്പോലെ ഓടി എന്നു് നീലകണ്ഠദീക്ഷിതർ സ്വകാവ്യത്തിൽ വൎണ്ണിക്കണമെങ്കിൽ തീൎച്ചയായും അതീവ ധൈൎയ്യശാലികൾതന്നെയായിരിക്കണം അവർ.

ഇപ്രകാരം ഓരോ വശങ്ങളുമെടുത്തു നോക്കുമ്പോൾ നിൎമ്മത്സരബുദ്ധികൾക്ക് ബോദ്ധ്യമാവും, കേരളസംസ്കാരം തനിത്തങ്കമല്ല, നന്നായി ചെമ്പുചേൎന്നതാണെന്നു്. കേരളസംസ്കാരത്തെപ്പററി എനിക്കഭിമാനമില്ലെന്നും അതിനു് സദ്വശങ്ങളില്ലെന്നും ഇതിൽനിന്നൎത്ഥമാക്കരുതു്. ഉള്ള കുററങ്ങളേയും കുറവുകളേയും മൂടിപ്പൊതിഞ്ഞുവെച്ചുകൊണ്ടിരിക്കാതെ അവയെ പ്രത്യക്ഷമാക്കി, പരിഹരിക്കാൻ ശ്രമിക്കുകയാണു് എല്ലാവരുടെയും കൎത്തവ്യമെന്നു മാത്രമേ എനിക്കു് ഉൽബോധിപ്പിക്കാനുള്ളു.

# ആധുനിക പരിഷ്കാരം.

(പി. കെ. ശ്രീധരൻ, ക്ലാസ്സ് I)

---

മനുഷ്യജീവിതത്തെ ശരിയാംവണ്ണം മനുഷ്യത്വത്തോടുകൂടി നയിച്ചു മനുഷ്യസഹജങ്ങളായ പ്രവൃത്തികളെ ചെയ്തു്, ജീവിതായോധനത്തിൽ വിജയിയാകുന്നതിനുതകുന്ന ഏററവും പ്രയാസം കുറഞ്ഞ ജീവിത നടപടിയെയാണ് ഞാൻ പരിഷ്കാരമായി കരുതുന്നതു്. പരിഷ്കാരം രണ്ടുവിധത്തിലുണ്ടു്—ബാഹ്യമായ പരിഷ്കാരം, ആന്തരമായ പരിഷ്കാരം ഇവയെക്കുറിച്ചു അല്പം വിചിന്തനംചെയ്യാം.

ആധുനികലോകത്തെ നാം ശരിയായി മനസ്സിലാക്കുന്നപക്ഷം ബാഹ്യമായ പരിഷ്കാരത്തെക്കുറിച്ചു നിഷ്പ്രയാസം മനസ്സിലാകും. മനോമോഹനങ്ങളും, നയനാകർഷണങ്ങളുമായ കടലാസ്സുപുഷ്പച്ചെണ്ടുകളുടെ സ്ഥിതിയാണു ഞാൻ വാസ്തവത്തിൽ ബാഹ്യമായ പരിഷ്കാരത്തിൽ കാണുന്നതു്. അന്ധത, ഹൃദയാന്തർഭാഗത്തെ, മനുഷ്യനിൽ ലീനമായികിടക്കുന്ന ആ ദിവ്യത്വത്തെ, അമോഘശക്തിയെ, എത്രമേൽ മറയ്ക്കുന്നുവൊ അത്രമേൽ ആ പുറംപൂച്ചു തെളിഞ്ഞുകാണും. എന്നാൽ വാസ്തവത്തിൽ 'മിന്നുന്നതെല്ലാം പൊന്നല്ല' എന്നു മനസ്സിലാക്കിയിരിക്കുന്നവരും ഇല്ലാതില്ല. കാമക്രോധലോഭമോഹാദികളായ പ്രാപഞ്ചികനശ്വരസുഖങ്ങളിൽക്കൂടി മനസ്സിനെ നയിക്കമൂലം ആ യഥാർത്ഥമായ, പരിപാവനമായ ജീവിതം, പാറകളിലുംമററും തട്ടിയുടഞ്ഞു ഛിന്നഭിന്നമായി, നിരുപയോഗമായി സംസാരസാഗരമദ്ധ്യത്തിൽ ചെന്നുചേന്നു കയ്യും കാലും ഇട്ടടിക്കുന്നു. ജീവിതായോധനത്തിൽ വിജയിയാകുവാൻ കഴിയാതെ, യാതൊരു ശരണവുമില്ലാതെ അവർ കുഴങ്ങുന്നു. ബാഹ്യപരിഷ്കാരത്തിൻെറ അവസാനഘട്ടമിങ്ങനെയാണ്.

ആന്തരമായ പരിഷ്കാരത്തെ കുറിച്ചാലോചിക്കാം. ആന്തരമായ പരിഷ്കാരം സിദ്ധിക്കുമ്പോൾ, ഈ ലോകം വെറും കണ്ടകസമ്പൂർണ്ണമായ ഒരു വൈതരണിയാണെന്നും, ഇന്നു നമ്മുടെ ദൃഷ്ടികൾക്കുഗോചരീഭൂതമാകുന്നതെല്ലാം തൃണപ്രായങ്ങളാണെന്നും നമുക്കുതോന്നുകയും, നശ്വരങ്ങളായ സുഖഭോഗങ്ങളെ മനസാ നിഷ്കാസനം ചെയ്തു് ജീവിതോദ്ദേശത്തെ ലാക്കാക്കിപ്രവത്തിച്ചു അതിൽ വിജയിയായി ശാശ്വതാനന്ദം അനുഭവിക്കുകയും ചെയ്യുന്നു.

ഇതിനെ ആധാരമാക്കി ആധുനികപരിഷ്കാരത്തെ കുറിച്ചു കുറച്ചൊന്നാലോചിക്കുമ്പോൾ, ബാഹ്യമായ പരിഷ്കാരത്തെയാണ് ആധുനികപരിഷ്കാരം ആശ്രയിച്ചിരിക്കുന്നതു് എന്നു എളുപ്പത്തിൽ മനസ്സിലാകും. പൂർവ്വകാലത്തു് വെറും മൃഗീയരായി ജീവിച്ചിരുന്ന മനുഷ്യർ, നിത്യോപയോഗത്തിന്നു ശിലകളും മരങ്ങളും ആയുധമായി ഉപയോഗിച്ചിരുന്ന മനുഷ്യർ, കാലാന്തരത്തിൽ നഗ്നതമറച്ചു്, കൂടുതൽ ഉപയോഗപ്രദങ്ങളായ ഇരുമ്പു്, ഉരുക്കു്, മുതലായവകൊണ്ടുള്ള ആയുധങ്ങളുണ്ടാക്കി. ദാരിദ്ര്യപിശാചിനെ—അതെ ആ ഘോരരാക്ഷസിയെ—സംഹരിച്ചുവന്ന ആ സുദർശനചക്രം നശിച്ചു, പരിഷ്കാരം മൂത്തപ്പോൾ ദാരിദ്ര്യത്തെ സ്വാഗതം പറയുന്ന, യജമാനന്മാരുടെ ഭണ്ഡാഗാരങ്ങൾ നിറച്ചു സാധുക്കളെ (തൊഴിലാളികളെ) പട്ടിണിയിട്ടു നട്ടംതിരിക്കുന്ന യന്ത്രങ്ങളുണ്ടായി. ആയതുപോലെ സൈക്കിൾ, മോട്ടോർ, തീവണ്ടി, ട്രാംകാർ, കപ്പൽ, ബോട്ടു എന്നിവയുമുണ്ടായി. ഒടുവിൽ ലോകത്തിന്റെ ഒരു ഭാഗത്തുനിന്നും മറെറാരുഭാഗത്തു നിഷ്പ്രയാസം എത്തുന്നതിന്നുതകത്തക്ക 'വിമാനം' മുതലായവയും; ലോകത്തിന്റെ ഒരു ഭാഗത്തെ വിശേഷങ്ങളെ അതിനിമിഷത്തിൽ മറെറാരുസ്ഥാനത്തെത്തിക്കുന്നതിന്നുള്ള ടെലഫോൺ, ടെലഗ്രാഫ്, സ്വനഗ്രാഹിണി (radio etc.) മുതലായവയും കണ്ടുപിടിച്ചു. ഇപ്രകാരം ലോകത്തിൽ നവംനവങ്ങളായി ഓരോന്നും കണ്ടുപിടിച്ചുവരുന്തോറും അപകടങ്ങളും അപായങ്ങളും ക്രമാതീതമായി വർദ്ധിച്ചുവരുന്നു. ഇതിന്നും പുറമെ ഈയ്യിടെയായി യുദ്ധോപകരണങ്ങൾ പലതും കണ്ടുപിടിച്ചിട്ടുണ്ടത്രെ – അനേകായിരം ജനങ്ങളെ ഒരു നിമിഷംകൊണ്ടു കൊന്നൊടുക്കത്തക്ക ശക്തിയുള്ള ഒരുതരം 'ഗാസ്സും' ഉണ്ടാക്കിയിരിക്കുന്നു. ലോകനാശത്തിന്നിതിൽ കൂടുതലെന്തുവേണം?

പാശ്ചാത്യപരിഷ്കാരം പൂർവ്വപ്രാന്തങ്ങളിൽ കടന്നുതുടങ്ങിയതോടുകൂടി, അനാവശ്യമായ ആ പരിഷ്കാരക്കൊടുങ്കാററു് പൂർവ്വപ്രദേശങ്ങളിലാകമാനം ചുററിയടിക്കുവാനും, അനുകരണഭ്രമക്കാരായ പൌരസ്ത്യർ ആ പരിഷ്കാരക്കൊടുങ്കാററിൽ പെട്ടു നട്ടംതിരിയുവാനുംതുടങ്ങി. ശീതോഷ്ണസ്ഥിതിക്കനുസരിച്ച യൂറോപ്പു് വസ്ത്രധാരണം, ഉഷ്ണപ്രദേശമായ ഇൻഡ്യയിൽ–ഒരു വസ്ത്രംമാത്രം പോരുന്ന ഇൻഡ്യയിൽ–ഒരു 'ഫാഷ'നായിത്തീൎന്നു. തന്നിമിത്തം താങ്ങാൻപാടില്ലാത്ത ഭാരം അവരെ ദാരിദ്ര്യത്തിൽ മുക്കിത്തുടങ്ങി. ആധുനികപരിഷ്കാരങ്ങൾക്കുമുമ്പു് മൃഷ്ടാന്നഭോജനം കഴിച്ചു സസുഖം ജലപാനം ചെയ്തുവന്നിരുന്നതിന്നു പകരമായി പരിഷ്കാരം അധികമായപ്പോൾ, ശുദ്ധവെള്ളത്തിന്നു കൂടി കാശുകൊടുക്കേണ്ടതായിവന്നുകൂടി. നാനാവിധത്തിലുള്ള ദുശ്ശീലങ്ങൾ മനുഷ്യരുടെ ജീവി

തസന്ധാരണമാൎഗ്ഗത്തിൽ പററിപ്പിടിച്ചു് ആ ജീവിതപ്രവാഹത്തിൻെറ ശക്തിയെ ക്ഷയിപ്പിച്ചു് അവരെ അല്പായുസ്സുകളാക്കി.

മതപരമായി ആധുനികപരിഷ്കാരത്തെ വീക്ഷിക്കുന്നപക്ഷം യഥാൎത്ഥമായ പദ്ധതിയിൽനിന്നും മതം ഉത്തരദക്ഷിണധ്രുവങ്ങളേപ്പോലെ അകൽച്ചയിലാണു് സ്ഥിതിചെയ്തുവരുന്നതു്. എന്നാൽ അതിനെ യഥാൎത്ഥരൂപത്തിൽ വരുത്തുവാനുള്ള ലോകവന്ദ്യനായ മഹാത്മാവിൻേറയും അനുചരന്മാരുടേയും ശ്രമം സ്തുത്യൎഹവും ആനന്ദദായകവും തന്നെ.

വിദ്യാഭ്യാസപരമായിട്ടും ധാരാളം ദൂഷ്യങ്ങൾ ആധുനികനിലക്കു പററിപ്പിടിച്ചിട്ടുണ്ടു്. ഗുരുകുലങ്ങളോടുകൂടി സുപ്രശസ്തമാംവണ്ണം ഭക്തിവിനയാദരപുരസ്സരം നടത്തിവന്നിരുന്ന വിദ്യാഭ്യാസം, ഇന്നുവിദ്യാൎത്ഥികൾക്കു സൎവ്വസുഖങ്ങളും— അതെ, സൽപന്ഥാവിൽനിന്നും വഴിപിഴച്ചുപോകുന്നതിനുള്ള സൎവ്വസ്വാതന്ത്ര്യങ്ങളും- പ്രദാനംചെയ്യുന്ന സ്കൂളുകളിലാണു്; പണ്ടുകാലത്തു ക്ഷീണം തോന്നുമ്പോൾ പ്രാണായാമം ചെയ്തിരുന്നതിന്നു പകരം ഇന്നു് വീടി, പൊടി, കുടി മുതലായവയാണു്. ബ്രഹ്മചൎയ്യത്തോടുകൂടിയ ആ സുപ്രഭാതം അസ്തമിച്ചു; കാലസ്ഥിതിക്കും ജീവിതസന്ധാരണത്തിന്നും ഉതകാത്ത മിശ്രമായ വിദ്യാഭ്യാസം നടപ്പിലായി; വിദ്യാൎത്ഥികളുടെ ബ്രഹ്മചൎയ്യം നശിച്ചു; പ്രാപഞ്ചികവ്യവഹാരങ്ങളിൽപെട്ടു രക്ഷാമാൎഗ്ഗം കാണാതെ അലഞ്ഞുതിരിയേണ്ടതായിവന്നു.

ആകപ്പാടെ ആധുനികപരിഷ്കാരം ഗുണങ്ങളേക്കാൾ കൂടുതൽ ദോഷത്തെയാണു് വരുത്തിവച്ചിട്ടുള്ളതു്. "തട്ടിപ്പറിച്ചതു് പൊട്ടിത്തെറിക്കു"മെന്നും, അദ്ധ്വാനിച്ചതു മാത്രമേ നിലനില്ക്കുകയൊള്ളുവെന്നും ലോകം മുമ്പുതന്നെ പഠിപ്പിച്ചിട്ടുള്ളതുകൊണ്ടു് പാശ്ചാത്യരിൽനിന്നു തട്ടിയെടുത്ത ഈ പരിഷ്കാരം പൊട്ടിത്തെറിക്കുമെന്നു ആശിക്കാം. അതിനുള്ള ഒരുസന്ദൎഭം കരഗതമാകട്ടെ. തന്മൂലം ലോകർ ശാശ്വതാനന്ദം അനുഭവിക്കട്ടെ!

# സൌന്ദര്യസുധ.

(മുല്ലോത്തു വി. നാരായണമേനോൻ.)

(കേക)

പഞ്ചമരാഗം മുദാ പൂങ്കുയിൽ പാടീടവെ,
ചാഞ്ചാട്ടം തരുവൃന്ദം മൎമ്മരം പൊഴിക്കവെ,
പുഞ്ചിരിചിതറുന്ന പുഷ്പത്തിൻകപോലത്തിൽ
അഞ്ചിതപ്രേമത്തോടു മാരുതൻ തഴുകവേ,
വാനിനെസ്സന്ധ്യാരാഗം സിന്ദൂരമണിയിക്കെ,
പ്രാണനാഥനെക്കണ്ടു കുമുദം വികസിക്കെ,
ഉല്ലാസവികസ്വരമാകുന്ന മുല്ലപ്പൂക്കൾ
സോല്ലാസം സുഗന്ധത്തെസ്സൎവ്വത്ര പരത്തവെ,
പൂനിലാവണയവേ, തൂമുകിലുലയവേ,
മാനത്തു നക്ഷത്രാളി വന്നെത്തിനോക്കീടവെ,
പൂന്തോപ്പിൽകടന്നു ഞാ,നദ്ദിക്കിൽ കളിയാട്ടം.
ശാന്തമാം സൌന്ദര്യത്തിൻ ബിന്ദുക്കൾ നുകരുമ്പോൾ
എൻസിരകളിൽക്കൂടിയാനന്ദം വമിച്ചുകൊ-
ണ്ടനേരമനന്തമാം ചേതന ചരിക്കയായ്
കാലമാം വീണാഗാനമാധുരി മൽസ്വാന്തത്തെ
ചാലവേ സചേതനമാക്കിനാനതുനേരം.
സച്ചിദാനന്ദൻതൻെറ പാദവിന്യാസത്തിനാൽ
മച്ചിത്തം മുഖരിതമായ് ലസിച്ചിതാത്തവ്വിൽ
മോഹങ്ങളാകും പത്രിജാലങ്ങൾ ചിറകടി-
ച്ചാഹന്ത പറന്നുപോയദ്ദിവ്യനാദംകേൾക്കെ
സങ്കടമണയാതെയണഞ്ഞാൻ മച്ചിത്തമാം
ഭൃംഗ,മാ,ത്വൽപ്പാദമാം പങ്കജസുമംതന്നിൽ
ആദ്യന്തരഹിതമാം സൌന്ദര്യസുധയിങ്കൽ
സദ്യോലീനനായ്‌വാണേനദ്ദിശി സകൌതുകം.

# വീരപരീക്ഷ. *

(ബി. വി. ലക്ഷ്മിക്കുട്ടി, രാഷ്ട്രഭാഷാവിശാരദാ)

---

ഭീമനദിയുടെയും നീരാനദിയുടെയും സംഗമസ്ഥലത്ത് 'മഹേന്ദ്രവിഹാര'മെന്ന് ഒരു പ്രസിദ്ധനഗരമുണ്ടായിരുന്നു. അവിടെയായിരുന്നു ദ്രോണായനനെന്ന രാജാവിൻെറ രാജധാനി. ദ്രോണായനനു തൻെറ രാജ്യം വിപുലമാക്കുവാൻ പ്രബലമായ ആസക്തിയും സാമത്ഥ്യവുമുണ്ടായിരുന്നതിനാൽ അയൽവാസികളായ രാജാക്കന്മാർ അദ്ദേഹത്തെ സദാ ഭയപ്പെട്ടിരുന്നു. അക്കാലത്ത് 'രാജേന്ദ്രഗഡി'ലെ രാജാവായ മല്ലശ്ശൂരനു മാത്രമേ ദ്രോണായനനെ ഭയമില്ലാതിരുന്നുള്ളു. എന്നാൽ ദ്രോണായനൻെറ ഭാഗ്യത്താൽ മല്ലശ്ശൂരന് അകാലമരണമകപ്പെട്ടു. അദ്ദേഹത്തിൻെറ പുത്രനായ പുഷ്പഹാസനെന്ന ബാലനാണ് പിന്നെ രാജാവായത്. പുഷ്പഹാസൻ ചെറുപ്പമായിരുന്നതിനാൽ പ്രധാനമന്ത്രിയായ ജല്ലകണ്ഠൻ രാജ്യംഭരിച്ചുതുടങ്ങി. മല്ലശ്ശൂരൻ മരിച്ച അവസരംനോക്കി ദ്രോണായനൻ പൊടുന്നനെ രാജേന്ദ്രഗഡിനെ ആക്രമിച്ചു. മല്ലശ്ശൂരൻ പരലോകപ്രാപ്തനായതോടുകൂടി തൻെറ മാർഗ്ഗം നിഷ്കണ്ടകമായല്ലോ എന്നായിരുന്നു ദ്രോണായനൻെറ അന്തർഗ്ഗതം. ഈ യുദ്ധത്തിൽ തൻെറ പുത്രനായ ഭദ്രമുഖനും പുത്രിയായ ഭദ്രസാമായും ദ്രോണായനനെ അനുഗമിച്ചിരുന്നു. ദ്രോണായനനൊരുമിച്ചു അവരും ധൈര്യസമേതം പോരാടി.

ജല്ലകണ്ഠൻ സമരഭൂമിയിൽ ബാണവർഷം പൊഴിച്ചുകൊണ്ടിരിക്കെ തനിക്കഭിമുഖമായി ഭദ്രസാമ കാമബാണമയക്കുന്നതായും അതു തൻെറ ഹൃദയാന്തർഭാഗത്തിനെ പിളക്കുന്നതായും കണ്ടു. അന്നത്തെ യുദ്ധം അവസാനിച്ചതോടുകൂടി ജല്ലകണ്ഠൻ തൻെറ കൂടാരത്തിൽപോയി സന്ധ്യോപാസന ചെയ്യുകയായിരുന്നു. അപ്പോഠം അദ്ദേഹത്തിൻെറ അന്തഃകരണത്തിൽ ഭഗവാൻെറ പാദാരവിന്ദങ്ങഠംക്കുപകരം ഭുവനമോഹിനിയായ ഭദ്രസാമയുടെ രൂപമാണ് വ്യക്തമായി പ്രകാശിച്ചത്. ആ മൂത്തിയെ വിസ്മരിക്കുവാനായി അദ്ദേഹം കഴിയുന്നവിധത്തിലെല്ലാം ശ്രമിച്ചുവെങ്കിലും എല്ലാം നിഷ്ഫലമായതെയുള്ളു. ഒടുവിൽ അദ്ദേഹം തൻെറ ഇഷ്ടദേവതയോടിപ്രകാരം പ്രാത്ഥിച്ചുതുടങ്ങി. "ഹേ പ്രഭോ! ദയാസിന്ധോ! എനിക്കിത്ര പൊടുന്നനെ എന്തുസംഭവിച്ചു? നാഥാ!

---

* ഹിന്ദിയിൽനിന്ന്.

എൻെറ ഹൃദയാന്തർഭാഗത്തു് എന്തുഭാവമാണു് ഉല്പന്നമായിരിക്കുന്നതു്? ചിരശത്രുവിൻെറ നേരെ ഇങ്ങിനെ ഒരു സ്നേഹബന്ധത്തിനുള്ള ആസക്തി എൻെറ ഉള്ളിൽ ഉളവാകുവാൻ എന്തു കാരണമാണു്? യാതൊരുവളുടെ ഹൃദയരക്തത്താൽ എൻെറ കർത്തവ്യതർപ്പണം കഴിക്കേണമൊ ആ അവളുടെ പാദങ്ങളെ എൻെറ ഹൃദയരക്തത്താൽ പൂജിക്കുവാനുള്ള ഈ വിരുദ്ധമായ ഇച്ഛ എന്തുകൊണ്ടാണു് എന്നിലുണ്ടായിരിക്കുന്നതെന്നറിയുവാൻ കഴിയുന്നില്ലല്ലോ! അല്ലയോ മദനമദഹരനായ ഭഗവാനെ! എനിക്കു മനശ്ശക്തി പ്രദാനംചെയ്തു് എൻെറ ചിത്തക്ഷോഭത്തെ ശാന്തമാക്കിയാലും."

ഉപാസന സമാപ്തമാകുന്നതിനു മുമ്പായിതന്നെ ജല്ലകണ്ടനെ കാണ്മവാനായി ഒരു ദൂതൻ വന്നിരിക്കുന്നുവെന്നു ദ്വാരപാലകൻ വന്നുണർത്തിച്ചു എന്തൊ ഒരു അവ്യക്തകാരണത്താൽ ജല്ലകണ്ടൻെറ അന്തരംഗത്തിൽ ആശാദ്ധ്വനി മുഴങ്ങുവാൻ തുടങ്ങി. ഒടുവിൽ ദൂതനെ വിളിച്ചു കൊണ്ടുവരുവാനായി ആജ്ഞാപിച്ചു. ദൂതൻ വന്നു നമസ്കരിച്ചു് ഒരു പത്രം തിരുമുമ്പിൽ വെച്ചിട്ടു മറുപടി പ്രതീക്ഷിച്ചുകൊണ്ടു വണങ്ങിനിന്നു. മന്ത്രിപ്രവരൻ കമ്പിതഹസ്തങ്ങളോടുകൂടി പത്രം വായിച്ചു തുടങ്ങി:—

"സ്വസ്തി ശ്രീസമരവിജയ ശ്രീപൂജിത സചിവശ്രേഷ്ഠ ജല്ലകണ്ഠ മഹോദയേഷു—

സമരകുശലനായിരിക്കുന്ന വീരശ്രേഷ്ഠാ! ഇന്നുവരെയും എൻെറ ഹൃദയാന്തർഭാഗത്തു് ഞാൻ ഏതൊരു ആദർശവീരമൂർത്തിയെ ദർശിക്കുവാനുള്ള ഉൽക്കണ്ഠയോടെ വർത്തിക്കുകയും എൻെറ ഹൃദയമന്ദിരത്തിൽ ഏതൊരു മൂർത്തിയെ പ്രതിഷ്ഠിച്ചു ആരാധിക്കുകയും ചെയ്തിരുന്നുവൊ അതിൻെറ അവലോകനം ഇന്നെനിക്കു ഭവാൻെറ മനോഹരമൂർത്തിയിൽ ഉണ്ടായിരിക്കുന്നു താങ്കൾ ശത്രുകന്യകയായിരിക്കുന്ന ഈ എൻെറ പൂജോപചാരം സ്വീകരിക്കുമെങ്കിൽ ഞാൻ കൃതാർത്ഥയായി.

രാജകന്യക ഭദ്രസാമാ."

ഹർഷാവേഗത്താൽ ജല്ലകണ്ടൻെറ ഹൃദയം തുള്ളിച്ചാടുവാൻ തുടങ്ങി. വീണ്ടുംവീണ്ടും ലേഖനം വായിക്കുകയും തിരിച്ചും മറിച്ചും പരിശോധിക്കുകയും ചെയ്തു. തന്നെ കബളിപ്പിക്കുവാൻ അവർ ചെയ്ത സൂത്രമായിരിക്കുമൊ എന്നുള്ള ശങ്കയും ഇടയ്ക്കുളവായി.

"എന്നെ വിഡ്ഢിയാക്കുവാനായി പ്രയോഗിച്ച തന്ത്രമായിരിക്കുമോ? അല്ല; ഒരിക്കലുമല്ല. ഇതു സത്യം തന്നെയാണു്. ഹാ! ഇന്നു ഞാൻ ഭാഗ്യവാനായി. വിജയിയായി. രമണിയെ ജയിക്കുക എന്നതു്

സാമ്രാജ്യവിജയത്തെക്കാൾ തുലോം പ്രയാസമേറിയതുതന്നെയാണ്. ഞാൻ മഹാഭാഗ്യശാലിതന്നെ." ഇങ്ങിനെ നാനാപ്രകാരേണയുള്ള വിചാരതരംഗങ്ങളുടെയിടയിൽ അയാളുടെ ചിത്തം മുങ്ങിപ്പൊങ്ങിക്കൊണ്ടിരുന്നു. ഒടുവിൽ ഇങ്ങിനെ മറുപടി എഴുതി:—

"മന്മഥമൈത്രീവശീകൃത ശ്രീമതി ഭദ്രസാമായുടെ സമക്ഷത്തിൽ:-

ഭദ്രേ! ഭവതി, കാമദേവൻെറ സമ്മോഹനാസ്ത്രമാകുന്നു. ഇന്നു ഞാൻ യഥാൎത്ഥത്തിൽ പരാജിതനായിരിക്കുന്നുവൊ വിജയിയായിരിക്കുന്നുവൊ എന്നു ഞാൻതന്നെ അറിയുന്നില്ല. എന്നാൽ ഇന്നു എനിക്ക് അസാധാരണമായ ഒരു സുഖമുണ്ടായിയെന്നതിന്നു സംശയമില്ല. ഇന്നത്തെ ഈ ആനന്ദവും അപൂൎവ്വസുഖവും എന്നെന്നും നിലനില്ക്കട്ടെ എന്നു ഞാൻ ആഗ്രഹിക്കുന്നു.

ജല്ലകണ്ണൻ."

പിറേറദിവസം ജല്ലകണ്ണൻെറ ഉത്സാഹത്താൽ യുദ്ധം അവസാനിപ്പിച്ചു സന്ധിചെയ്തു. ഗജേന്ദ്രഗഡ് രാജ്യത്തിൻെറ ഒരു വലിയ ഭാഗം കൊടുക്കാമെന്നു ജല്ലകണ്ണൻ സമ്മതിച്ചതിനാൽ തൻെറ പുത്രിയായ ഭദ്രസാമയെ വിവാഹം ചെയ്തുകൊള്ളുവാൻ ദ്രോണായനനും ജല്ലകണ്ണനു അനുമതിനൽകി. സന്ധിപത്രത്തിൽ രണ്ടുപക്ഷക്കാരും ഒപ്പിടുകയും ചെയ്തു. ജല്ലകണ്ണൻ രമണീമോഹത്തിൽപെട്ട് കൎത്തവ്യഭ്രഷ്ടനായിചമഞ്ഞു.

## II

നീരാ നദിയുടെയും ഭീമാ നദിയുടെയും സംഗമസ്ഥലത്തിൻെറ സമീപത്തുതന്നെ ഒരു പുഷ്പവാടികയുണ്ടായിരുന്നു. രാജകുമാരിയായ ഭദ്രസാമ ഉദ്യാനത്തിൻെറ ഒരു രമണീയമായ തിണ്ണയിലിരുന്നുകൊണ്ട്, അനേകം കങ്കണങ്ങൾ അണിഞ്ഞുകൊണ്ടുള്ള തൻെറ കരകമലങ്ങളാൽ താളംപിടിച്ചുകൊണ്ട്, ക്രീഡാമയൂരത്തിനെ നൃത്തം ചെയ്യിക്കയായിരുന്നു. 'പുഷ്പികാ' യെന്നുപേരായ അവളുടെ ഒരു തോഴി അശോകപുഷ്പങ്ങളെക്കൊണ്ട് ഒരു ഹാരമുണ്ടാക്കി രാജകുമാരിയുടെ കിരീടത്തെ അലങ്കരിച്ചിരുന്നു. അവളുടെ ശുഭ്രവൎണ്ണമായ ലലാടത്തിൽ, അരുണവൎണ്ണമായ ആ മാല, ഉഷാദേവിയുടെ നെററിയിന്മേൽ കുങ്കുമതിലകമെന്നപോലെ, പരിശോഭിച്ചിരുന്നു. അവളുടെ ആ മനോഹരവും സുപ്രസന്നവുമായ മുഖകമലം ആ പുഷ്പവാടികയിലെ ഒരു മഹിമയേറിയ പുഷ്പം തന്നെയായിരുന്നു. പുഷ്പങ്ങളുടെ സൌരഭ്യം വഹിച്ചുകൊണ്ട് മന്ദമാരുതൻ ഇടവിടാതെ വീശിയിരുന്നു. ആ സമയത്ത് സചിവശ്രേഷ്ഠനായ ജല്ലകണ്ണൻ ആ ഉദ്യാനത്തിൽ പ്രവേശിച്ചു. അതോടുകൂടി മയൂരം

തൻെറ നൃത്തം അവസാനിപ്പിച്ചു വൃക്ഷത്തിന്മേൽ കയറിയിരുന്നു. തോഴിമാരും അങ്ങുമിങ്ങും മാറി ഒളിച്ചു. രാജകുമാരിമാത്രം അവിടെ ത്തന്നെയിരുന്നു. അവളുടെ മുഖത്തു് സങ്കോചമൊ ലജ്ജയൊ അണു മാത്രം കാണപ്പെട്ടില്ല. ഉദാസീനത കലൎന്നിട്ടുള്ള ഒരു വെറുപ്പിൻെറ നിഴലാട്ടം അവളിൽ പ്രത്യക്ഷീഭവിച്ചിരുന്നു. ജല്ലകണ്ണൻ ഈ കാൎയ്യക ണ്ടിട്ടുംകൂടി പ്രേയസിയുടെ ആ അവസ്ഥയിൽ മുഗ്ദ്ധനായി സ്വൎഗ്ഗസു ഖമനുഭവിക്കുവാൻ തുടങ്ങി.

കുറഞ്ഞൊരു സമയം നിശ്ശബ്ദമായിരുന്നതിനുശേഷം രാജകുമാരി മന്ത്രിയുടെനേരെ നോക്കിക്കൊണ്ടിപ്രകാരം പറയുവാൻതുടങ്ങി:-"മന്ത്രി മഹാശയാ! ഈ ഉദ്യാനം സ്ത്രീകളുടെ ക്രീഡാസ്ഥലമാണെന്നും രാജ്യനീ തിജ്ഞന്മാൎക്കുള്ളതല്ലെന്നും താങ്കൾക്കു് അറിയാമായിരിക്കുമല്ലൊ."

ആ സമയത്തു് ജല്ലകണ്ണൻ പ്രണയവിഹ്വലനായിരിക്കയായിരു ന്നു. അദ്ദേഹം സ്നേഹസ്വരത്തിലിങ്ങിനെ പറഞ്ഞു:—"പ്രേയസി, പ്ര ണയത്തിൻെറ കപടകൌശലമാണു് എനിക്കു് ഇവിടെ വരുവാനുള്ള ധൈൎയ്യം തന്നതു്. അതുകൊണ്ടു മാത്രമാണു് ഞാൻ വന്നതു്. പ്രാണപ്രി യേ, താല്ക്കാലികമായ ആവേശംകൊണ്ടു ഞാൻ വല്ല മൎയ്യാദക്കേടും പ്രവ ൎത്തിച്ചിട്ടുണ്ടെങ്കിൽ ആയതിനു മാപ്പുതരണമെ. എന്നെ അന്യനായിക്ക രുതരുതു്."

ഇത്രയും പറഞ്ഞു രണ്ടടി മുമ്പോട്ടുവെയ്ക്കുകയും ഭദ്രസാമയുടെ ക യ്യുപിടിക്കുവാനായി ഉദ്യമിക്കുകയും ചെയ്തു. ആ സമയത്തു് അയാളുടെ നെററിത്തടം വിയൎപ്പുതുള്ളികളെക്കൊണ്ടു് നിറഞ്ഞിരിക്കുകയും, ശരീര മാകമാനം വിറയ്ക്കുകയും ചെയ്തിരുന്നു.

രാജകുമാരിയാകട്ടെ ഈ കാൎയ്യകൾ കണ്ടിട്ടു കോപവിഹ്വലയായി സൎപ്പത്തേപ്പോലെ ചീററിക്കൊണ്ടു് ഇങ്ങിനെ പറഞ്ഞു തുടങ്ങി:— "മന്ത്രി! അവിവേകം പ്രവൎത്തിക്കരുതു്. ഒരു കുലീനയായ കന്യകയുടെ മാനഭംഗം വരുത്തുവാനായി യത്നിക്കേണ്ടാ."

ജല്ലകണ്ണൻെറ വീരഹൃദയം ഒരു അബലയുടെ ഉപദേശവാക്യ ത്താൽ വിറച്ചുപോയി. അദ്ദേഹം വിനീതസ്വരത്തിൽ സാവധാനമാ യി പറഞ്ഞു:-"കുമാരി, ഞാൻ ഭവതിയുടെ പ്രോത്സാഹനവും സമ്മത വും ലഭിച്ചതിനുശേഷം മാത്രമാണല്ലൊ ഈ സാഹസം ചെയ്യുവാൻ മു തിൎന്നതു്. ഭവതിയുടെ പൂൎവ്വസമ്മതം ആലോചിച്ചിട്ടു പ്രേമവഞ്ചന ചെയ്യാതിരിക്കുവാൻ ദയയുണ്ടാകേണം."

ഭദ്രസാമയാകട്ടെ ആദ്യത്തെപ്പോലെ തന്നെ തീവ്രസ്വരത്തിൽ പ റഞ്ഞുതുടങ്ങി:—

"ഞാൻ ഭവാൻെറ ധീരതയിൽ മുഗ്ദ്ധയായിട്ടു വല്ല സമ്മതവും തന്നിട്ടുണ്ടെങ്കിൽ ആയതിന് എനിക്കു മാപ്പുതന്നു ക്ഷമിക്കണം. ഞാൻ താങ്കൾക്ക് എല്ലാംകൊണ്ടും അയോഗ്യയാണെന്നു എനിക്കു പൂർണ്ണബോധം വന്നിരിക്കുന്നു. യുദ്ധത്തിനുശേഷം ഞാൻ ശാന്തമായി ഈ സംഗതികളെല്ലാം മനസ്സിരുത്തി ആലോചിച്ചുനോക്കിയപ്പോൾ എൻെറ വിഡ്ഢിത്തത്താൽ ചെയ്തതു് അനുചിതമായിപ്പോയി എന്നെനിക്കു മനസ്സിലായി.. എൻെറ അറിവില്ലായ്മയ്ക്കു മാപ്പുതരിക."

വാക്യബാണത്താൽ മുറിവേററ ജല്ലകണ്ണൻ കുറച്ചുനേരം രാജകുമാരിയുടെ ലാവണ്യമേറിയ മുഖത്തുനോക്കിക്കൊണ്ടു നിന്നുപോയി. അവളുടെ മുഖത്തു് കരുണ ലേശംപോലും ഉണ്ടായിരുന്നില്ല. അവളുടെ വാക്കു സ്ഥിരമായിരുന്നു. മന്ത്രി നിരാശയോടെ ഉദ്യാനത്തിൽ നിന്നു മടങ്ങിപ്പോയി.

ജല്ലകണ്ണൻ പോയതോടുകൂടി ഭദ്രസാമയുടെ ദൃഢനിശ്ചയത്തിനു കുറേശ്ശെ ഇളക്കം വന്നുതുടങ്ങി. അവളുടെ ഹൃദയാന്തർഭാഗത്തു് കഠിനമായ വ്യകഥതുടങ്ങി. അത് അവൾക്ക് ഒടുവിൽ സഹിക്കവയ്യാതായി. പല അസ്വാസ്ഥതകളും കാട്ടിത്തുടങ്ങി. തൻെറ പുഷ്പകിരീടമെല്ലാം വലിച്ചുപൊട്ടിച്ചു ദൂരത്തെറിഞ്ഞു. അതിൻശേഷം മടിയിൽനിന്നു മന്ത്രിയുടെ പ്രണയപത്രമെടുത്തു വീണ്ടുംവീണ്ടും ചുംബിക്കയും ചെയ്തു. കണ്ണിൽനിന്നും ബാഷ്പധാര ഒഴുകി. തന്നെത്താൻ ഇങ്ങനെ വിലപിച്ചു "പ്രാണപ്രിയാ' വീണ്ടും വരിക! അങ്ങയെ അപമാനിച്ചതിനു ഞാൻ പ്രേമചന്ദനംകൊണ്ടു പൂജിച്ചുകൊള്ളാം. എൻെറ ഹൃദയമന്ദിരത്തിൻെറ പ്രേമസിംഹാസനത്തിൽ ഭവാനെ പ്രതിഷ്ഠിക്കാം, എൻെറ യൌവനവസന്തത്തിലെ പ്രഥമപുഷ്പാഞ്ജലി അങ്ങയുടെ പാദാരവിന്ദങ്ങളിൽ സമർപ്പിക്കാം. അങ്ങു പോയിട്ട് എനിക്കിവിടെ സർവ്വവും ശൂന്യമായിത്തോന്നുന്നു. പ്രാണനാഥാ! എൻെറ ചിത്തം ശാന്തമാക്കിയാലും! പ്രാണേശ്വരാ! വേഗം തിരിച്ചുവന്നാലും.

രാജകുമാരിയുടെ പ്രണയവിലാപം കേട്ടിട്ടു തോഴിയായ പുഷ്പിക ജല്ലകണ്ണൻ പോയവഴിയെ ഓടി ഉച്ചത്തിൽ വിളിച്ചുപറഞ്ഞു:—"മന്ത്രി മഹാശയാ! രാജകുമാരി അങ്ങു പോയിട്ടു കരഞ്ഞു കരഞ്ഞു പരവശയായിരിക്കുന്നു. ആയതിനാൽ ഉടനെ മടങ്ങിവന്നാലും."

ചന്ദ്രൻെറ ശീതളകിരണങ്ങളേല്ക്കുമ്പോൾ സമുദ്രം മറിയുന്നതുപോലെ, ആ വാക്കുകൾ കേട്ട മാത്രയിൽ ജല്ലകണ്ണൻെറ ഹൃദയം ഹർഷാതിരേകത്താൽ തുള്ളിച്ചാടുവാൻ തുടങ്ങി. ഉടനെ അയാൾ ഉദ്യാനത്തിൽ തിരിച്ചെത്തി. രാജകുമാരി തൻെറ നാമധേയം ഉച്ചത്തിൽ വി

ളിക്കുന്നതു് അദ്ദേഹം ദൂരത്തുനിന്നുതന്നെ കേട്ടിരുന്നു. ജല്ലകണ്ണൻ സ്നേഹപൂർവ്വമിങ്ങനെ ഉച്ചരിച്ചു. "പ്രിയേ! ഇതാ ഞാൻ തിരിച്ചുവന്നിരിക്കുന്നു. ഹൃദയേശ്വരി! എഴുന്നേററാലും." എന്നാൽ ജല്ലകണ്ണൻെറ ആശാങ്കുരം അധികം നിലനിന്നില്ല. രാജകുമാരി ചാടി എഴുന്നേററ് സിംഹത്തെപ്പോലെ ഇങ്ങനെ ഗർജ്ജിച്ചു:—"താങ്കൾ ഇവിടെ എന്തുകൊണ്ടു വന്നിരിക്കുന്നു? ഉടനെ മടങ്ങി പോവുക. ഒരിക്കൽ എന്നെ അപമാനിച്ചിട്ടു തൃപ്തിവന്നില്ലയൊ? വീണ്ടും അന്യായം പ്രവർത്തിക്കുവാൻ വന്നതാണൊ? കത്തുന്ന തീയ്യിൽ നെയ്യൊഴിക്കുവാൻ വന്നിരിക്കുന്നുവൊ? ലോകാചാരമെങ്കിലും അറിയുവാനുള്ള ബുദ്ധിയില്ലാതായല്ലൊ?"

രാജകുമാരിയുടെ ഈ അവിചാരിതമായ വാക്കുകൾ കേട്ടിട്ടു ജല്ലകണ്ണൻ സ്തംഭിച്ചുനിന്നുപോയി. സ്ത്രീഹൃദയം എത്ര അഗമ്യവും ചഞ്ചലവുമാണെന്ന് അദ്ദേഹം തന്നത്താൻ ചിന്തിച്ചു. ഒരക്ഷരമെങ്കിലും ഉരയ്ക്കാതെ അവിടെനിന്നും തിരിച്ചുപോയി. പുഷ്പിക ഇതെല്ലാം കണ്ടു വിസ്മയിച്ചുനിന്നു.

അല്പനേരം കഴിഞ്ഞപ്പോൾ ഭദ്രസാമ വീണ്ടും വിലാപം തുടങ്ങി:– "എന്തിനാണു വന്നതു്? രതിയെ ജയിക്കുവാനാണൊ? അങ്ങനെയാണെങ്കിൽ പിന്നെ എന്തിനാണു മടങ്ങിപ്പോയതു്? രണഭൂമിയിൽ ബാഹുബലം പ്രദർശിപ്പിക്കുന്നമാതിരി രതിഭൂമിയിൽ എന്തുകൊണ്ടു് അങ്ങയ്ക്കു ഹൃദയബലമുണ്ടാകുന്നില്ല? തിരിച്ചുവന്നു ധീരത പ്രദർശിപ്പിച്ച് എൻെറ ഹൃദയദുർഗ്ഗം കീഴടക്കിയാലും! ഹാ! ഞാൻ ഭവാനെ അധീനപ്പെടുത്തിയിട്ടു വീണ്ടും എനിക്കു നഷ്ടമായിപ്പോയല്ലൊ. ഹേ! പ്രാണവല്ലഭാ! ഞാൻ അങ്ങേയ്ക്കുവേണ്ടി ഇതാ മരിക്കുന്നു. എന്നെ രക്ഷിച്ചാലും!"

## III

ജല്ലകണ്ണൻ തൻെറ കൂടാരത്തിൽ പോയിട്ടു രാജകുമാരിക്ക് ഇപ്രകാരം ഒരു കത്തെഴുതി.

"ഭദ്രേ! മൂഢത്വംകൊണ്ടു ഞാൻ ഭവതിക്കു വല്ല ഉപദ്രവവും ചെയ്തിട്ടുണ്ടെങ്കിൽ ദയവായി ആയതിന് എനിക്കു മാപ്പുതരേണം. ഞാൻ എൻെറ അപരാധത്തിൻെറ പ്രായശ്ചിത്തം അനുഭവിക്കുന്നുണ്ടു്.

ജല്ലകണ്ണൻ."

ദൂതൻ പത്രം കൊടുത്തു തിരിച്ചെത്തി. രാജകുമാരി യാതൊരു മറുപടിയും കൊടുത്തില്ല.

ഒരുദിവസം ഭദ്രസാമയുടെ സഹോദരനായ ഭദ്രമുഖൻ തൻെറ സഹോദരിയെ വിളിച്ചിപ്രകാരം ചോദിച്ചു. "ഭദ്രേ! സചിവശ്രേഷ്ഠനായ

ജല്ലകണ്ണനെ എന്തിനായിട്ടാണ് ഇങ്ങനെ നിരാശപ്പെടുത്തിയതു്? പ്രിയസോദരി! അദ്ദേഹം സർവ്വഥാ നിനക്കു യോജിച്ച വരനാണെന്നാണ് എനിക്കു തോന്നുന്നതു്. രാജകുമാരി ഒരു ദീർഘശ്വാസം കഴിച്ചുകൊണ്ടിങ്ങനെ പറഞ്ഞു:—"അദ്ദേഹം എനിക്കു യോജിച്ച ആളായിരിക്കാം. പക്ഷെ ഞാൻ അദ്ദേഹത്തിനു യോജിച്ചവളല്ല. രണഭൂമിയാണദ്ദേഹത്തിനു യോജിച്ചതു്, പ്രേമഭൂമിയല്ല എന്നാണെനിക്കു തോന്നുന്നതു്. എൻെറ കഥയില്ലായ്മയെല്ലാം മറന്നു കളയേണമെന്നു ജ്യേഷ്ഠൻതന്നെ അദ്ദേഹത്തിനോടു പറയണം." രാജകുമാരൻ അവിടെനിന്നും പോയി.

സഹോദരൻ പോയതോടുകൂടി ഭദ്രസാമയുടെ മനസ്സും അവളുടെ അധീനത്തിൽനിന്നും പിന്നെയും വിട്ടുതുടങ്ങി. അവളിപ്രകാരം ചിന്തിക്കുവാൻ തുടങ്ങി:—"പ്രേമം അങ്കുരിക്കുന്നു. എന്നാൽ അതൊരുമിച്ചുതന്നെ യോഗ്യതയും എന്തുകൊണ്ടുണ്ടാകുന്നില്ല? ഇല്ലെങ്കിൽ പിന്നെ ഈ ഗുണദോഷചിന്തനങ്ങൾ എന്തിനുണ്ടാകുന്നു?" ആ സമയത്തു ദ്രോണായന മഹാരാജാവും ഇവിടെവന്നു മകളെ വിളിച്ചിങ്ങനെ ചോദിച്ചു. "മകളെ, നിനക്ക് ഇതു പെട്ടന്ന് എന്താണു സംഭവിച്ചതു്? ജല്ലകണ്ണനെ എന്തിനാണിങ്ങനെ നിരാശനാക്കിയതു്? അദ്ദേഹം നിനക്കുവേണ്ടി എന്തെല്ലാം ചെയ്തുവെന്നു നീ അറിയുന്നില്ലെ? അദ്ദേഹം എന്നെ ഒരു വിശാലമായ രാജ്യത്തിൻെറ അധിപനാക്കിയിട്ട് എൻെറ അതിയായ ആഗ്രഹമെല്ലാം അനായാസേന നിറവേററിത്തന്നു. നീ നിൻെറ ഈ കുട്ടിക്കളിയൊക്കെ വിട്ടിട്ടു ജല്ലകണ്ണനെ വിവാഹം ചെയ്യുക. നിൻെറ ഭോഷത്വംകൊണ്ട്, എനിക്കു കിട്ടിയിട്ടുള്ള രാജ്യങ്ങളെല്ലാം നഷ്ടപ്പെട്ടുപോകാതെ സൂക്ഷിക്കണെ. എന്തായാലും നീ ജല്ലകണ്ണനെ വിവാഹം ചെയ്യാതെ നിവൃത്തിയില്ല."

രാജകുമാരിയാകട്ടെ ദൃഢനിശ്ചയത്തോടെ പറഞ്ഞു: "അച്ഛാ, അവിടുന്നു രാജ്യലോഭംകൊണ്ടാണ് മകളുടെ വിവാഹം കഴിക്കുവാൻ ആഗ്രഹിക്കുന്നതു്. ഇതു മകളുടെ വിവാഹമെന്നല്ല, വില്പന എന്നാണു പറയേണ്ടതു്."

ദ്രോണായനൻ അവളുടെ വാക്യബാണത്താൽ ക്ഷതനായി അവിടെ നിന്നും പോയി. ഭദ്രസാമ വീണ്ടും ആലോചിക്കുവാൻ തുടങ്ങി. "കർത്തവ്യപാലനത്തിനായി എൻെറ മനസ്സിനെ സ്വാധീനമാക്കുവാൻ എനിക്കു സാധിക്കുകയില്ലയൊ? ഒരുവശത്തു പ്രേമവും മറുവശത്തു കർത്തവ്യവും. പ്രേമസിംഹാസനം കർത്തവ്യത്തേക്കാൾ ഉയന്നതാണൊ? എന്നാൽ പ്രേമത്തിനെ ജയിക്കുവാനും അത്ര എളുപ്പമുള്ളതല്ല." ഇങ്ങനെ രാജകുമാരിയുടെ ഹൃദയത്തിൽ കർത്തവ്യവും പ്രേമവും തമ്മിൽ ഒരു

ഘോരസമരം നടന്നു. അവൾ കർത്തവ്യവിമൂഢയായി, സന്മാർഗ്ഗം കാണിച്ചുതരുവാനായി, ജഗദീശ്വരനെ ധ്യാനിച്ചു.

IV

ജല്ലകണ്ണൻ തൻെറ സ്വാമിയുടെ രാജ്യങ്ങൾ മടക്കി കൊടുക്കുവാനായി ദ്രോണായനനോട് ആവശ്യപ്പെട്ടു. എന്നാൽ ദ്രോണായനൻ വിട്ടുകൊടുത്തില്ല. ജല്ലകണ്ണൻ സമ്മതിക്കാതായപ്പോൾ ദ്രോണായനനിങ്ങനെ പറഞ്ഞു:—"കന്യകാദാനത്തിന് എനിക്കു സമ്മതമാണ്. പക്ഷെ രാജകുമാരി അനുവദിക്കുന്നില്ല. അതു് എൻെറ കുററമല്ലല്ലൊ; താങ്കൾക്ക് അവളെ വശത്താക്കരുതെ? ഇതുകേട്ടിട്ടു ജല്ലകണ്ണൻ വീണ്ടും ഭദ്രസാമയെ പ്രീതിപ്പെടുത്തുവാനായി കഴിയുന്നവിധമെല്ലാം ശ്രമിച്ചു. പക്ഷെ ഇതുകൊണ്ടൊന്നും യാതൊരു പ്രയോജനവുമുണ്ടാകാതായപ്പോൾ പിന്നെ സ്വാമിയുടെ രാജ്യം ആവശ്യപ്പെടുവാൻ തുടങ്ങി. ദ്രോണായനൻ രാജ്യം കൊടുക്കയില്ലെന്നു തീർത്തുപറഞ്ഞു. അപ്പോൾ ജല്ലകണ്ണനിങ്ങനെ പറഞ്ഞു. "എൻെറ കരങ്ങൾക്കു ബലമുണ്ടെങ്കിൽ മടക്കി വാങ്ങാതിരിക്കയില്ല. അതു നമുക്കു കാണാം." ഇതുകേട്ടു ദ്രോണായനനിങ്ങനെ ഉത്തരം പറഞ്ഞു. "രാജ്യം ഒരുപക്ഷെ തിരിച്ചുമേടിക്കുമായിരിക്കാം. എന്നാൽ എൻെറ മകളെ ഒരിക്കലും ലഭിക്കുകയില്ല." ജല്ലകണ്ണൻ ആയതിന് ഉത്തരമൊന്നും പറഞ്ഞില്ല.

V

അവമാനം കൊണ്ടു ഗർവിഷ്ഠനായിരുന്ന ജല്ലകണ്ണൻ, തൻെറ സ്വാമിയുടെ രാജ്യംതിരിച്ചു വാങ്ങുവാനായിട്ടുള്ള ശ്രമം തുടൎന്നുകൊണ്ടു തന്നെയിരുന്നു. കഴിയുന്നത്ര ഉത്സാഹിച്ചു. വീണ്ടും വീണ്ടും യുദ്ധം ചെയ്തു് ഒടുവിൽ തൻെറ രാജ്യങ്ങൾ മാത്രമല്ല ദ്രോണായനൻെറ മററു പലേ കോട്ടകളും ജല്ലകണ്ണൻ പിടിച്ചടക്കി. ദ്രോണായനനാകട്ടെ ഗത്യന്തരമില്ലാതായപ്പോൾ സന്ധിക്കപേക്ഷിക്കുവാൻ നിശ്ചയിച്ചു.

ജല്ലകണ്ണൻ തൻെറ കൂടാരത്തിൽ ഇരിക്കുകയായിരുന്നു. വിജയോല്ലാസത്താൽ അദ്ദേഹം പ്രസന്നവദനായിരുന്നു. ആ സമയത്തു് യാദൃച്ഛികമായി അദ്ദേഹത്തിനു ഭദ്രസാമയുടെ ആദ്യത്തെ പ്രണയപത്രത്തിൻെറ സ്മരണയുണ്ടായി. അതിൽ എഴുതിയിരിക്കുന്ന വാക്യത്തിൻെറ സാരം അയാൾക്ക് അപ്പോൾ മാത്രമാണു യഥാർത്ഥത്തിൽ മനസ്സിലായതു്.

ആ സമയത്തു രാജകുമാരനായ ഭദ്രമുഖൻ, സന്ധിക്കാൎയ്യമാലോചിക്കുവാനായി വന്നിരിക്കുന്നുവെന്നു ദ്വാരപാലകൻ വന്നു ജല്ലകണ്ണനെ അറി

യിച്ചു. ജല്ലകണ്ഠൻ തൽക്ഷണം പുറത്തുപോയി ഭദ്രമുഖനെ ആദരപൂൎവ്വം സ്വീകരിച്ചു് തന്റെ സമീപത്തുതന്നെ ഒരു ആസനത്തിന്മേൽ സല്ക്കരിച്ചിരുത്തി. ഭദ്രമുഖനിങ്ങനെ പറഞ്ഞു:—"മന്ത്രിശ്രേഷ്ഠാ! താങ്കളുടെ രാജ്യങ്ങളെല്ലാം വീണ്ടെടുത്തു തന്റെ അഭിലാഷസിദ്ധി വരുത്തിയല്ലൊ. ഇനി ഇഷ്ടമുണ്ടെങ്കിൽ സന്ധിചെയ്യുന്നതിനു വിരോധമില്ല. മേലാൽ മിത്രഭാവത്തിൽതന്നെ വൎത്തിക്കേണമെന്നാണു ഞങ്ങളുടെ ആഗ്രഹം." ആയതിനു ജല്ലകണ്ഠനിങ്ങനെ ഉത്തരം പറഞ്ഞു:—"രാജകുമാരാ! നിങ്ങൾ തയ്യാറായിരിക്കാം. എന്നാൽ ഞാൻ തയ്യാറല്ല. ഞാൻ ഈ കാൎയ്യത്തിൽ വളരെ ബുദ്ധിമുട്ടും മനഃക്ലേശവും സഹിച്ചു. ഇനി ഏതായാലും ഇതിനു മുഴുവനും പ്രതികാരം ചെയ്യാതെല്ലാതെ ഞാൻ അടങ്ങുകയില്ല. എന്നെ ആദ്യമായി യുദ്ധത്തിൽ തോല്പിച്ചു, നിങ്ങളുടെ സഹോദരിയായ ഭദ്രസാമയെ ലഭിച്ചാലല്ലാതെ എന്റെ ഈ പ്രതികാരേച്ഛ അടങ്ങുകയില്ല."

"മന്ത്രി, ഒരിക്കലുമില്ല. താങ്കൾ തെററിദ്ധരിക്കയാണു്. യഥാൎത്ഥമായ പ്രതികാരം ഇതാണു്. ഇതാ എടുക്കുക; എന്റെ കൈവശമുണ്ടു്." ഇങ്ങിനെ പറഞ്ഞുകൊണ്ടു് ഭദ്രമുഖൻ തന്റെ അരയിൽ നിക്ഷേപിച്ചിരുന്ന ഒരു കഠാരമെടുത്തു് ജല്ലകണ്ഠന്റെ മാൎവ്വിടത്തിൽ കുത്തിയിറക്കിയിട്ടു വായുവേഗത്തിൽ അവിടെനിന്നും പാഞ്ഞുപോയി.

ഇതിനിടയിൽ ഭദ്രസാമയുടെ ദൂതൻ വന്നിരിക്കുന്നുവെന്നു ദ്വാരപാലകൻ വന്നുണൎത്തിച്ചു.

മരണോന്മുഖനായിരുന്ന മന്ത്രി, ദൂതനെ ഉടനെ കൂട്ടിക്കൊണ്ടുവരുവാനായി കല്പനകൊടുത്തു. 'ചണ്ഡാലനായ ഈ ദൂതൻ എന്തിനായിട്ടാണിപ്പോൾ വന്നിരിക്കുന്ന'തെന്നു വീണ്ടുംവീണ്ടും പറഞ്ഞുകൊണ്ടു് ജല്ലകണ്ഠൻ മൂൎഛിച്ചുവീണു.

ഈ കാഴ്ചകണ്ടിട്ടു ദ്വാരപാലകൻ നിലവിളിച്ചുതുടങ്ങി. നിലവിളികേട്ടിട്ടു് അനേകായിരം ജനങ്ങൾ അവിടെ വന്നുചേൎന്നു. ദൂതനും അകത്തു പ്രവേശിച്ചു. അല്പസമയം കഴിഞ്ഞപ്പോൾ മന്ത്രിപുംഗവൻ കണ്ണുകൾ തുറന്നു. അപ്പോൾ മററുള്ളവരോടൊക്കെ പുറത്തുപോകുവാൻ ആജ്ഞാപിച്ചിട്ടു ദൂതനെ മാത്രം തന്റെ സമീപത്തേക്കു് വിളിച്ചു. മന്ത്രിയുടെ ദയനീയാവസ്ഥ കണ്ടിട്ടു ദൂതൻ വ്യാകുലതയോടെ ഇങ്ങിനെ ചോദിച്ചു:—

"അവിടുത്തെ ഈ സ്ഥിതിയിൽ ആക്കിയതു് ആരാണാവോ?"

"എന്റെ ഭാഗ്യം തന്നെ. അതായതു് രാജകുമാരനായ ഭദ്രമുഖൻ തന്നെയാണു്." എന്നു മന്ത്രി മറുപടി പറഞ്ഞു. "ഏതായാലും രാജകുമാരൻ

ഒരു ഭീരുവാണെന്ന സംശയമില്ല. ഇങ്ങിനെയുള്ള പ്രവൃത്തി വീരപുരുഷന്മാൎക്കു യോജിച്ചതല്ല" എന്ന ദൂതൻ പറഞ്ഞു.

ജല്ലകണ്ണൻ വീണ്ടും പറഞ്ഞുതുടങ്ങി:— "എല്ലാം എൻെറ ഭാഗ്യദോഷം തന്നെയാണ്. കൎത്തവ്യഭ്രഷ്ടനായിട്ടു ഞാൻ എൻെറ സ്വാൎത്ഥലാഭത്തിന്ന വേണ്ടി മാത്രം സ്വാമിയുടെ രാജ്യങ്ങൾ വിട്ടുകൊടുത്തു. അതിൻെറ ഫലം തന്നെയാണ് ഞാനിപ്പോൾ അനുഭവിക്കുന്നത്. അതിൻെറ പ്രായശ്ചിത്തമാണ്. പക്ഷെ ഇനി ഇത്രയൊക്കെ പറഞ്ഞിട്ടു എന്തു പ്രയോജനമാണ്. നിങ്ങളിവിടെ വരുവാനുള്ള കാരണം പറയുക." ദൂതൻ ഒരെഴുത്തെടുത്തു് മന്ത്രിയുടെ കയ്യിൽ കൊടുത്തു. മന്ത്രി എഴുത്തു വായിക്കുവാൻ വളരെ ശ്രമിച്ചുവെങ്കിലും ഒരക്ഷരംപോലും വായിക്കുവാൻ കഴിഞ്ഞില്ല. അദ്ദേഹത്തിൻെറ കണ്ണുകളുടെ കാഴ്ച തീരെ ക്ഷയിച്ചിരുന്നു. മരണം ആസന്നമായിരുന്നു. ഒടുവിൽ പത്രം ദൂതനോടു തന്നെ വായിച്ചു കേൾപ്പിക്കുവാൻ പറഞ്ഞു. "ഒട്ടും താമസിക്കരുതു്. പ്രിയതമ എന്താണ് എഴുതി അയച്ചിരിക്കുന്നതെന്നറിയുവാൻ ഞാൻ അക്ഷമനായിരിക്കുന്നു. കേൾക്കുവാനുള്ള ശക്തി ഇതുവരെ ക്ഷയിച്ചു കഴിഞ്ഞിട്ടില്ല." എന്ന വീണ്ടും പറഞ്ഞു.

ദൂതൻ ഇപ്രകാരം വായിച്ചു തുടങ്ങി:—

"സചിവശ്രേഷ്ഠനായ ജല്ലകണ്ണൻ സമയംപോലെ ബോധിപ്പാൻ—

പ്രാണപ്രിയാ, താങ്കൾ കൎത്തവ്യഭ്രഷ്ടനായമുതല്ക്ക്, ആയിരം തേൾ ഒരുമിച്ചു കൊത്തുന്നപോലെയുള്ള തീവ്രവേദനയാണ് ഹൃദയാന്തൎഭാഗത്തു് ഉണ്ടായിരുന്നതു്. താങ്കൾ ഉചിതമാൎഗ്ഗത്തെ ഉപേക്ഷിച്ചു് നീചവൃത്തി ചെയ്യുവാൻ മുതിൎന്നപ്പോൾ എൻെറ മാൎവ്വിടം വിദീൎണ്ണമായി—താങ്കളുടെ വീരതയിൽ കളങ്കം കണ്ടുതുടങ്ങിയമുതൽ എൻെറ ഹൃദയവും കാർമേഘത്താൽ ആവൃതമായി—അതെ സത്യംപറയുകയാണെങ്കിൽ ഞാൻ ഒരു പ്രകാരത്തിൽ നരകയാതനതന്നെ അനുഭവിച്ചിരുന്നു. എന്നാൽ നേരെമറിച്ച് താങ്കൾ വീണ്ടും കാൎയ്യഗൌരവവും വിവേകവും ഉള്ള മഹാശയനായിരിക്കുന്നതു് കണ്ടിട്ടു എനിക്കു എത്രത്തോളം സന്തോഷവും കൃതാൎത്ഥതയുമുണ്ടെന്ന എഴുതി അറിയിക്കുവാൻ പ്രയാസമാണ്. താങ്കളുടെ കീൎത്തിമുദ്ര കണ്ടിട്ടു എൻെറ ഹൃദയം ആനന്ദഭരിതമായിരിക്കുന്നു. താങ്കളുടെ രണവിജയംതന്നെയാണ് എന്നെ ജയിച്ചതെന്ന എനിക്കിപ്പോൾ പൂൎണ്ണബോദ്ധ്യം വന്നിരിക്കുന്നു. അല്ലയോ വീരശ്രേഷ്ഠാ, വേഗം വന്നാലും! എൻെറ ഹൃദയരാജ്യം താങ്കൾ അധീനപ്പെടുത്തിക്കഴിഞ്ഞു. ഇപ്പോൾ എനിക്കു അങ്ങയുടെ വിരഹം ദുസ്സഹമായിത്തീൎന്നിരിക്കുന്നു. ഹൃദയേശാ! എന്നെ രക്ഷിച്ചാലും. എൻെറ ഈ പ്രേമം അചഞ്ചലമാ

മാകുന്നു. അതിനെ മൂടിയിരുന്ന തിരശ്ശീല ഇപ്പോഠം ഛിന്നഭിന്നമായി പ്പോയിരിക്കുന്നു. പ്രാണേശ്വരാ, ഇപ്പോഠം ഞാൻ ശരീരംകൊണ്ടും മനസ്സുകൊണ്ടും അങ്ങയെ ആരാധിക്കുകയാകുന്നു.

പൂജാൎത്ഥിനി—ഭദ്രസാമ"

പത്രം വായിച്ചുകഴിഞ്ഞു. ദൂതാ, എനിക്കുവേണ്ടി രാജകുമാരിയെ ഇങ്ങിനെ അറിയിക്കുക. "ദേവീ, ഞാൻ കേവലം ഒരു വിഡ്ഢിയാകുന്നു. ഭവതിയെപ്പോലെയുള്ള വീരാംഗനകളെ എങ്ങിനെയാണ് ലഭിക്കുവാൻ കഴിയുന്നതെന്നു എനിക്കു മനസ്സിലാക്കുവാൻ സാധിച്ചിരുന്നില്ല. അതിനാൽ ഞാൻ അനുചിതമായ സന്ധിചെയ്തു് കൎത്തവ്യഭ്രഷ്ടനാവുകയും തന്മൂലം ഭവതിയെ ലഭിക്കുവാൻ അസാദ്ധ്യമാവുകയും ചെയ്തു. ഈ അപരാധത്തിൻെറ ദുഃഖം അസഹ്യമായിരുന്നു. എന്നാലും ഭവതിയെ ലഭിക്കുവാൻവേണ്ടിയാണല്ലൊ ഇത്രയൊക്കെ ക്ലേശമനുഭവിച്ചതെന്നോക്കുമ്പോഠം എനിക്കു ഒരപൂൎവ്വസമാധാനവും സുഖവും തോന്നുന്നുണ്ടു്. ഭവതിയുടെ പ്രേമം യഥാൎത്ഥപ്രണയമാണ്. നാരീരത്നമായ ഭവതി, വീരപരീക്ഷികയാണ്. ഭവതിയുടെ ഹൃദയം എനിക്കു പ്രദാനംചെയ്തിരിക്കുന്നുവെന്നറിഞ്ഞുകൊണ്ടു് ഇതാ ഞാൻ മരിക്കുന്നു. ഭവതിയുടെ ഈ സന്താപഹാരിയായ ലേഖനം എൻെറ അന്ത്യകാലത്ത് എന്നെ ആനന്ദഭരിതനാക്കിയിരിക്കുന്നു. ഇന്നു എൻെറ പ്രേമം സാൎത്ഥകമായി!! മരിക്കുവാൻപോകുന്ന ഈ സമയത്ത് ഞാൻ അവഠംക്കു പ്രേമത്തിൻെറ എന്തടയാളമാണ് കൊടുക്കേണ്ടതു്. കൊള്ളാം, രാജകുമാരിയുടെ പ്രഥമപ്രണയപത്രത്തെ എൻെറ മാറിന്മേൽ കിടക്കുന്ന കീശയിൽ ഞാൻ ഭദ്രമായി സൂക്ഷിച്ചിട്ടുണ്ടു്. അതു നിങ്ങഠം അവഠംക്കു കൊടുക്കണം".

ഇത്രയും പറഞ്ഞു ജല്പകണ്ണൻ എഴുത്ത് കീശയിൽനിന്നെടുക്കുവാൻ ശ്രമിച്ചുതുടങ്ങി. എന്നാൽ കഠാരത്തോടൊരുമിച്ചു പത്രത്തിൻെറ ഒരു ഭാഗവുംകൂടി ശരീരത്തിനുള്ളിൽ തറഞ്ഞുപോയിട്ടുണ്ടെന്നു് അദ്ദേഹത്തിനു അപ്പോഠം മനസ്സിലായി. രക്തരംജിതമായ ആ ശേഷിച്ചിരുന്ന പത്രത്തെ എടുത്തു് വീണ്ടുംവീണ്ടും ചുംബിച്ചു. അതിനുശേഷം ആ പത്രവും രക്തത്തിൽ മുഴുകിയിരുന്ന ആ കഠാരവുമെടുത്തു് ദൂതൻെറകയ്യിൽ കൊടുത്തിട്ടിങ്ങിനെ പറഞ്ഞു:— "ഇതു രണ്ടും രാജകുമാരിയെ ഏല്പിച്ചു കൊടുത്തു് ഇങ്ങിനെ പറയണം:— ഈ കഠാരം എൻെറ ജീവഹാനി വരുത്തിയതാണെങ്കിലും എനിക്കു വലിയ ഉപകാരം ചെയ്തിട്ടുണ്ടു്. എന്തെന്നാൽ ഭവതിയുടെ പ്രണയപത്രത്തിൻെറ അക്ഷരത്തെ എൻെറ രക്തത്തിൽ എന്നെന്നേക്കുമായി കലൎത്തിത്തന്നു. ഞാനിതുകൊണ്ടു് ഏററവും സന്തുഷ്ടനായിത്തീൎന്നിരിക്കുന്നു." കഠാരം ഊരി എടുത്തതോടുകൂടി രക്തപ്രവാഹം തുടങ്ങി. ജല്പകണ്ണൻെറ ശരീരം ശയ്യമേൽ വീണു........

ദൂതൻ രാജകന്യകയോടു എല്ലാ വിവരവും പറഞ്ഞു മനസ്സിലാക്കുകയും എഴുത്തും കഠാരവും കൊടുക്കുകയും ചെയ്തു.

ഭദ്രസാമയാകട്ടെ, രക്തരംജിതമായ ആ അവസാനത്തെ പാരിതോഷികം കണ്ടിട്ടു ഉറക്കെ വിലപിച്ചു. ബാഷ്പധാര ശക്തിയായി പ്രവഹിച്ചു തുടങ്ങി. പത്രത്തിൻെറ ഒരംശമെടുത്തു് അവളുടെ കോമളമായ ചികുരഭാരത്തിൽ തിരുകിവെക്കുകയും ബാക്കിയുണ്ടായിരുന്നതു് വസ്ത്രത്തിന്നടിയിൽ നിക്ഷേപിക്കുകയും ചെയ്തു. അതിനുശേഷം പ്രാണപ്രിയൻെറ ഹൃദയരക്തത്താൽ മുഴകിയിരുന്ന കഠാരം പലവുരു ചുംബിക്കുകയും ആ രക്തംകൊണ്ടു് നെററിയിന്മേലൊരു തിലകം തൊടുകയും ചെയ്തു. ആ പൊട്ടു് ഹൃദയേശ്വരൻെറ പ്രണയചിഹ്നമെന്ന രൂപത്തിൽ സിന്ദൂരസമാനം ശോഭിച്ചിരുന്നു...................

## ഒരു തത്വചിന്ത.

(വി. എച്ച്. വിശാലാക്ഷി, ക്ലാസ് I, ഗ്രൂപ്പ് III.)

ചന്ദ്രികാസ്മിതത്തോടെ ഉദിച്ചുപൊങ്ങീടുന്ന
ചന്ദ്രനും പ്രകൃതിതൻ ചന്ദനപ്പൊട്ടുപോലെ.
പ്രേയാൻെറ വരവിങ്കൽ സുസ്മേരവദനയായ്
പ്രേയസി, നിശാദേവി വിലസീടുന്നപാരം.
മാനവന്മാരിൽക്കാണും ദോഷമെന്നതുപോലെ
മതിതൻബിംബത്തിലും മാലിന്യം കണ്ടീടുന്നു.
വരിക ദൎശിക്കുവാൻ ലോകരെ! സൂക്ഷ്മമായി,
വരിക കാണാമൊരു തത്വസാരത്തെയിതിൽ.
ഇന്നത്തെ ലോകംപോലെ, വെണ്മയിൽകുളുപ്പിച്ചു
നിന്നീടും ശശാങ്കനും സാരമാംമന്ത്രംചൊല്വൂ.
"വിശ്വസിക്കല്ലേ നിങ്ങൾ ബാഹ്യമാംഗുണത്തിങ്കൽ
വിശ്വമോഹനമായാവിദ്യതൻവിലാസത്തിൽ.
പരിശോധിക്കവേഗം ആന്തരം ഹൃദയാന്തം
സരസം അത്രതാനോസ്വാൎത്ഥത്തിന്നടിവാരം.
ലോഭജം കളങ്കംകൊണ്ടാത്മാവു കറുപ്പിച്ച
ലോകത്തെ ദൎശിക്കുവിനിജ്ജനത്തിനെപ്പോലെ.

# ജപ്പാൻ സ്ത്രീകൾ.

(ടി. സി. ജാനകിഅമ്മ, എം. എ. (ഓണേഴ്സ്.)

---

ജപ്പാൻ എന്ന പേരു് കേൾക്കുമ്പോൾ എല്ലാവരും ഒന്നു ചെവി ഓർക്കുന്നതു് സാധാരണയാണു്. എന്തെങ്കിലും ഒരു കാരണംകൊണ്ടു് ജപ്പാൻകാരെ ഓർക്കാതെ നമ്മുടെ ഒരു ദിവസമെങ്കിലും കഴിയുന്നുണ്ടോ എന്നു സംശയമാണു്. അവരുടെ സാമാനങ്ങൾ വിവിധരൂപത്തിൽ നമ്മുടെ എല്ലാവരുടേയും വീടുകളിൽ കടന്നു സ്ഥലം പിടിച്ചിട്ടുണ്ടെന്നു പറയുന്നതിൽ അതിശയോക്തിയില്ല. കാണ്മാൻ കൌതുകമുള്ളതും അതേസമയത്തു് വില കുറഞ്ഞതുമായ ഒരു സാധനം വേണമെങ്കിൽ അതു് ജാപ്പാനിൽനിന്നു വന്നതാകാനേ തരമുള്ളു. ഐകമത്യത്തോടുകൂടിയ പരിശ്രമം ഒരു രാജ്യത്തെ എത്ര ക്ഷണം മുന്നണിയിലേയ്ക്കു് കൊണ്ടുവരുമെന്നു ജപ്പാൻചരിത്രം നമ്മെ പഠിപ്പിക്കുന്നുണ്ടു്. ഈ പുരോഗമനത്തിൽ അവിടുത്തെ സ്ത്രീകളുടെ ഭാഗം എന്താണു്? അവരും പൌരസ്ത്യരാണല്ലോ. നമുക്കതിൽ കൌതുകം ഉണ്ടാകാം.

ജപ്പാൻ ചരിത്രം രൂപാന്തരീകരിച്ച വേഗതയ്ക്കു് അനുസരിച്ചു് സ്ത്രീകളുടെ കാൎയ്യത്തിൽ യാതൊരു വ്യത്യാസവും ഉണ്ടായില്ല എന്നു തോന്നുവാൻ വഴിയുണ്ടു്; അങ്ങിനെ തോന്നിക്കുന്നവ മിക്കവാറും ബാഹ്യങ്ങളായ പരിഷ്കാരങ്ങളാണു്. ദേശീയഘടനയിൽ കുടുംബജീവിതത്തിനു പ്രാധാന്യം പാശ്ചാത്യരുടെ ഇടയിൽ ഇല്ലാതായി വളരെ കഴിഞ്ഞതിനുശേഷവും പൌരസ്ത്യദേശങ്ങളിൽ അതിന്റെ സ്ഥാനം സുസ്ഥിരമായിരുന്നു. അതുകൊണ്ടു് ജപ്പാൻ സ്ത്രീകളുടെ ജീവിതത്തിൽ വന്നുകൊണ്ടിരിക്കുന്ന വലിയ മാററങ്ങൾ ദേശീയജീവിതത്തേയും ശക്തിയോടെ ബാധിക്കുന്നുണ്ടു്. സൈനികവൃത്തിയിൽ കഴിഞ്ഞുകൂടുന്ന ഒരു സമുദായത്തെപ്പററി വലിയ അറിവില്ലാത്ത നമുക്കു്, ജപ്പാനിൽ വന്നിട്ടുള്ള മാററങ്ങളുടെ ഗുരുത്വംതന്നെ തോലനം ചെയ്യുക സുസാദ്ധ്യമല്ല. ചരിത്രം അവിടത്തെ സ്ത്രീകളെ കൊണ്ടുപോയി സ്ഥാപിച്ച പരിസരം മനസ്സിലായാൽ അവർ എത്ര ക്ഷണം അവരുടെ പഴയ രൂപത്തെ മാററിക്കളഞ്ഞു എന്നു് അത്ഭുതപ്പെടുവാനേ വഴിയുള്ളൂ.

ഒരായിരം വൎഷങ്ങൾക്കു് മുമ്പുവരെ ജപ്പാനിൽ മരുമക്കത്തായമായിരുന്നുവെന്നതിന്നു് പലേ തെളിവുകളും കാണുന്നുണ്ടു്. രാജ്യഭാര

ത്തിൽ പേരെടുത്ത സ്ത്രീകളുടെ എണ്ണവും ചുരുക്കമല്ലെന്ന് ചരിത്രം പറയുന്നു. സാഹിത്യത്തിലെന്നല്ല മററു കലകളിലും പുരുഷന്മാരേക്കാൾ പ്രശോഭിച്ചിരുന്ന സ്ത്രീകൾ ധാരാളമുണ്ടായിരുന്നു. നോവൽ എഴുത്തുകാരിയായ Murasaki Shikibu യുടെ പേർ പാശ്ചാത്യരാജ്യക്കാൎക്കും സുപരിചിതമാണ്.

അതിനുശേഷമാണ് അവിടുത്തെ സ്ത്രീകളെ "ശനി ബാധിച്ചതു്." ഏതു സമയത്തും യുദ്ധംചെയ്യും അല്ലാത്തപക്ഷം യുദ്ധത്തിനു തയ്യാറായും ഇരിക്കുന്ന ഒരു രാജ്യത്തിൽ പിന്നെ സാമുദായികജീവിതത്തിന് സ്ഥലമില്ലല്ലൊ. പട്ടാളത്തിൽ എണ്ണം കുറയാതിരിക്കുവാൻ ധാരാളം ആൺകുട്ടികളെ പ്രസവിക്കുക; പട്ടാളക്കാരെ ശുശ്രൂഷിക്കുക; ഇതു മാത്രമായിരുന്നു സ്ത്രീകൾക്ക് അനുവദിച്ച ജീവിതോദ്ദേശ്യം. ഗൃഹജീവിതം എന്നൊന്നില്ലാതായി. അതു് സൈനികന് ഒരു വിശ്രമസ്ഥാനം മാത്രം. രാജ്യമാകെ ഒരു വലിയ സൈന്യസമുദായം സംഘടിതമായി എന്നല്ലാതെ വ്യക്തിപരമായ ജീവിതം പാടേ നാമാവശേഷമായി. സ്ത്രീകളാകട്ടെ "പിതാ രക്ഷതി കൗമാരെ" എന്നു തുടങ്ങിയ പരാശ്രയനിയമത്രയത്തിന്റെ അടിമകളുമായി.

അവരുടെ രക്ഷകത്താക്കന്മാരെ ശുശ്രൂഷിക്ക എന്നായിത്തീൎന്നു ജീവിതോദ്ദേശ്യം. കുട്ടികളെ വളൎത്തുക എന്ന ചുമതലയല്ലാതെ മക്കളുടേമേൽ അമ്മയ്ക്കു് യാതൊരു അവകാശവുമില്ലാതായി. അവരുടെ വീട്ട് അവരുടെ ലോകവുമായി. സ്വതന്ത്രകളായ സ്ത്രീകൾ അന്നു (Geisha) ഗീഷകൾ മാത്രമായിരുന്നു.

പിന്നെ സ്ത്രീകളുടെ സ്ഥിതിയിൽ പറയത്തക്ക ഒരു വ്യത്യാസം കണ്ടുതുടങ്ങിയതു് ലോകമഹായുദ്ധകാലത്തോടടുത്തായിരുന്നു. ആയിടയ്ക്കു് ദുർലഭം ചിലർ വിദേശവിദ്യാഭ്യാസത്തിനായി പോയി. സ്വരാജ്യത്തെ സ്ത്രീകളുടെ സ്ഥിതിയെ നന്നാക്കുവാനുള്ള ഉത്സാഹവുംകൊണ്ടാണ് അവർ തിരിച്ചുവന്നതു്. പാശ്ചാത്യസ്ത്രീകളെ അനുസരിച്ച് ഒന്നുരണ്ടു പ്രസ്ഥാനങ്ങളും തുടങ്ങി. ആദൎശം ശരിയാകാഞ്ഞതുകൊണ്ട് വിചാരിച്ച ഫലമുണ്ടായില്ല; എങ്കിലും അവ വലിയൊരു ഉപകാരം ചെയ്തു. എന്തെന്നാൽ സ്ത്രീകൾക്ക് പഴയ കാലത്തുണ്ടായിരുന്ന ഉന്നതസ്ഥാനം അന്ന് പല ചിന്തകന്മാരുടേയും സ്മരണകോടിയിൽ വന്നു. അവർ സ്ത്രീകളുടെ പുരോഗതിയ്ക്കായി അന്നുമുതൽ സൎവ്വാത്മനാ യത്നിക്കയും ചെയ്തു. ഇന്നും അവിടുത്തെ സ്ത്രീപ്രസ്ഥാനങ്ങൾക്കെല്ലാം പുരുഷന്മാരുടെ സഹായവും സഹകരണവും ഉണ്ടെന്നുള്ളതു് പ്രത്യേകം പ്രസ്താവ്യ

മാണ്. ഒരേ ചാട്ടത്തിന്ന അവർ സമത്വാവകാശവും മററും ആവശ്യപ്പെട്ടില്ല. എന്നാൽ അതിന്ന തക്ക യോഗ്യത സിദ്ധിക്കുവാൻ അവർ ഐക്യത്തോടെ യത്നം തുടങ്ങി. അതിൻെറ ഫലമാണ് നവീനജപ്പാൻ. അതിന്നാവശ്യമുള്ള പാശ്ചാത്യപരിഷ്കാരങ്ങളും അവർ കൈക്കൊണ്ടു.

ഗൃഹത്തിനകത്ത് അവരെ തടവുകാരെപ്പോലെ നിർത്തിയിരുന്നു. ഓരോ ശൃംഖലകളേയും പ്രായമായവർ കുറച്ചു വൈമുഖ്യത്തോടും, ചെറുപ്പക്കാർ ഉത്സാഹത്തോടും പൊട്ടിച്ചുകളഞ്ഞു. പരാശ്രയത്തിൽനിന്ന മുക്തരാകുവാൻ സ്ഥാനവലിപ്പം നോക്കാതെ നിവൃത്തിയുള്ളവരെല്ലാം വേലയെടുപ്പാൻ പുറത്തിറങ്ങി. കൈത്തൊഴിലും കച്ചവടവും, അദ്ധ്യാപകവൃത്തിയും, എന്നല്ല മറെറല്ലാവിധജോലികളും സ്ത്രീകളെ പുരുഷന്മാരോടൊപ്പം ഉത്സാഹത്തോടെ ആകർഷിച്ചു. പൌരസ്ത്യരാജ്യങ്ങളിൽ ഉന്നതസ്ഥാനം കൈക്കലാക്കുവാൻ ജപ്പാന് ഇത്ര ക്ഷണം സാധിച്ചതും ഇതുകൊണ്ടുതന്നെയാണ്.

ജോലി എടുക്കുവാൻ സൌകര്യത്തിന്നുവേണ്ടി സ്ത്രീകൾ അവരുടെ ഭംഗിയുള്ള "കിമോണോ" ഉപേക്ഷിച്ച് പാശ്ചാത്യവേഷം സ്വീകരിച്ചു. ജോലിസ്ഥലങ്ങളിൽ വളരെ ചുരുക്കമായിട്ടേ ദേശീയവസ്ത്രം ധരിച്ചവരെ കണ്ടുവരുന്നുള്ളു. എന്നാൽ, ഗൃഹത്തിനകത്തു കടന്നാൽ അവർ പരിസരങ്ങൾക്കൊത്ത അവരുടെ പഴയ വേഷത്തേയും അതിനടുത്ത ആചാരങ്ങളേയുംതന്നെ കൊണ്ടാടുന്നു എന്നു കേൾക്കുന്നത്, ദേശാഭിമാനികൾക്ക് തൃപ്തിജനകമാകാതിരിക്കയില്ല. മനസ്സിലെ വികാരഭേദങ്ങളെക്കൊണ്ടു അന്യരെ ശല്യപ്പെടുത്താതിരിക്കുവാൻ ചെറുപ്പത്തിലെ അവർ ശീലിക്കും. ഈ ഒരു ശാന്തതയും വണക്കവും അവർ ജോലിക്കു പോകുന്ന സ്ഥലങ്ങളിൽ എത്ര ഉപകാരമായിരിക്കുമെന്നു നമുക്ക് ഏതാണ്ടാലോചിക്കാം.

ഈ പരിവർത്തനങ്ങളുടെ ഫലമായിവിവാഹവിഷയത്തിലും അവൎക്കു കൂടുതൽ സ്വാതന്ത്ര്യമുണ്ടായിട്ടുണ്ട്. വിവാഹത്തോടുകൂടി അവരുടെ സാമുദായികജീവിതം ഇല്ലാതാകുന്നില്ല. എന്നാൽ പഴയ കാലങ്ങളിലെപ്പോലെതന്നെ അവർ ഇന്നും ഗൃഹാലങ്കരണത്തിലും മററു ലളിതകലകളിലും ശ്രദ്ധവെക്കുന്നുണ്ട്. ഇതിന്നുവേണ്ട സൌകര്യങ്ങൾ വലിയ വ്യവസായശാലകളിലും കൈത്തൊഴിൽശാലകളിലുംകൂടി ഏർപ്പാടുചെയ്തുകൊടുക്കുന്നു.

ഇതിൻെറ എല്ലാം അടിസ്ഥാനം വിദ്യാഭ്യാസമാണെന്നു പറയേണ്ടതില്ലല്ലൊ. പെൺപള്ളിക്കൂടങ്ങളുടെ എണ്ണം എത്രവേഗമാണ്

വദ്ധിച്ചതെന്നു പറയുവാനസാദ്ധ്യം. സാഹിത്യവും ശാസ്ത്രങ്ങളും എന്നു മാത്രമല്ല, എല്ലാത്തരം കൈത്തൊഴിലുകളും പഠിപ്പിക്കുവാൻ വിദ്യാഭ്യാസാധികൃതന്മാർ പ്രത്യേകം ശ്രദ്ധിക്കുന്നുണ്ട്.

ജോലിക്ക് സ്ത്രീകൾ ഇറങ്ങിയതിൽ പുരുഷന്മാക്ക് ഒരു വലിയ കോട്ടാതട്ടി. അവക്ക് പുരുഷന്മാരേക്കാൾ കൂലി കുറവായതുകൊണ്ട് പലേ ശാലകളിലെ വേലയും അവക്ക് എളുപ്പത്തിൽ കരസ്ഥമാക്കുവാൻ സാധിച്ചു. ചലനചിത്രങ്ങളിലും സ്ത്രീനടികളാണ് മുന്നണിയിൽ നില്ക്കുന്നതു്. ഈ പാശ്ചാത്യപരിഷ്കാരങ്ങളൊക്കെ അവക്ക് ഒരു ബുദ്ധിമുട്ടുണ്ടാക്കിത്തീത്തു. വേഷം മാററിയതോടുകൂടി അവർ ചുണ്ടിലും മററും ചായം തേക്കുവാനുംമററും പഠിച്ചുതുടങ്ങി. ചിലവും വദ്ധിച്ചു. അതിനു വേണ്ട പണം സമ്പാദിക്കുവാൻ സാധിക്കുന്നവർ മാത്രമാണ് ഈവക ധാരാളിത്വങ്ങൾ കൈക്കൊള്ളുന്നതു് എന്നാണ് കേൾവി. പാശ്ചാത്യവേഷത്തേക്കാൾ അവരുടെ ദേശീയവസ്ത്രധാരണരീതിയാണ് അവക്ക് ചേച്ച് എന്നു പറഞ്ഞാൽ ചിലക്ക് നീരസവുമുണ്ടത്രെ.

ഏതായാലും അവർ തങ്ങളുടെ എന്നല്ല തങ്ങളുടെ രാജ്യത്തിൻേറയും പുരോഗതിയ്ക്കായി യത്നിക്കുവാൻ ഇറങ്ങി പുറപ്പെട്ടു കഴിഞ്ഞു. യത്നം സഫലമാകുന്നുണ്ടെന്ന് ഈ വത്തമാനശകലങ്ങൾ ഏതാണ്ട് കാണിക്കുന്നുണ്ട്. അതു ഇതരരാജ്യങ്ങളിലെ സ്ത്രീകളേയും ഉത്സാഹത്തോടെ മുന്നോട്ടു നടത്തുമെന്ന് ആശിക്കാം.

# തിരുമുൽക്കാഴ്ച.

(ചങ്ങമ്പുഴ, Cl. I.)

---

I

ആരുമറിഞ്ഞിടാതെൻ ജീവിതത്തിലേ-
യ്ക്കാരാൽ നടന്നുവരുന്നവ,ളാരു നീ?
പേർത്തു,മെൻ ചിത്തം തുളുമ്പിടുമ്മാറതാ
കേൾപ്പൂ, നിൻ നേരിയ കാൽച്ചിലമ്പൊച്ചകൾ!
നെഞ്ചിടിപ്പേററുമാറെത്തുന്നു ചാരെ, നിൻ
ചഞ്ചലവസ്ത്രാഞ്ചലസ്വാനവീചികൾ!
ചിന്നിപ്പരക്കുന്നു മജ്ജീവനാളത്തിൽ
നിൻ നെടുവീർപ്പിൻ സുഗന്ധലഹരികൾ!...
.. ആരുനീ,യുജ്ജ്വല ജ്യോതിർവിലാസമെ?
ആരുനീ,യുൽക്കട പ്രേമവിശാലമേ?...

II

ഇത്രയും കാല,മെൻ ചിന്തകൾക്കപ്പുറ-
ത്തജ്ഞാതയായ് നിന്നൊളിച്ചുകളിച്ചു നീ!
അങ്ങിങ്ങു കണ്ടു മൽ സ്വപ്നരംഗങ്ങളി-
ലവ്യക്തമായി നിൻ കാലടിപ്പാടുകൾ!
അപ്പാദമുദ്രകൾ ചുംബിച്ചു, നിന്നെയോർ-
ത്തെത്രനാ,ളൊററയ്ക്കിരുന്നു കരഞ്ഞു ഞാൻ!
എൻ നിഴലിൻെറ പുറകിൽ മറഞ്ഞു നി-
ന്നെന്തിനോ, നിന്നെ ഞാൻ കാത്തു പലപ്പൊഴും!
എങ്കിലും, നിന്നെ ഞാനത്രമാത്രം ഭജി-
ച്ചെങ്കിലും, വന്നില്ല, വന്നില്ലടുത്തു നീ!...

## III

പോയിക്കഴിഞ്ഞു, വസന്തഹേമന്തങ്ങൾ;
പോയിക്കഴിഞ്ഞു, ഹാ, പുഷ്പനിലാവുകൾ;—
ഇത്തിമിരാപ്ലുതവർഷാന്ത നിശയിലോ
കഷ്ടം, വരുന്നതെൻ പുൽക്കുടിലിങ്കൽ നീ?
ഏകാന്തതയു,മിരുട്ടു,മല്ലാതൊന്നു-
മേകാൻ നിനക്കില്ലിവിടെയി,ന്നോമനേ!
അല്ലി,ലൊററയ്ക്കിങ്ങിരിക്കുകയാണു ഞാ-
നിങ്ങില്ലൊരു കൊച്ചുമൺവിളക്കെങ്കിലും!
നിന്നെ,സ്സുശോഭനേ, മാമകജീവിത-
സ്പന്ദങ്ങളാൽ, സ്വയം സ്വാഗതം ചെയ്വു ഞാൻ!...

## IV

ഒന്നുമില്ലെങ്കില്ല, മേകുവാനുണ്ടെനി-
ക്കെന്നെ, നിനക്കെൻ വിനീതോപഹാരമായ്!
മജ്ജീവിതത്തിലെസ്സർവ്വ രഹസ്യവു-
മുജ്ജ്വലത്തായ മൽസ്വപ്നസാമ്രാജ്യവും;
മാമക ഹർഷ, വിഷാദ, ശതങ്ങളും;
ഹാ, മമ പ്രേമവും—എന്നുവേണ്ടാക്കെയും
ഞാനെന്നൊരൊന്നിലടക്കി, നിൻ കാൽക്കൽ വെ-
ച്ചാനന്ദദേ, വന്നെതിരേൽപ്പു നിന്നെ ഞാൻ!...
കണ്ണീരിൽ മുക്കി ഞാൻ കാഴ്ചവെച്ചീടുന്നൊ-
രെന്നുപഹാരമി,തംഗീകരിക്ക നീ!......

# പ്രവാചകന്റെ ആകൎഷണം.

(കെ. എൻ. സുബ്രഹ്മണ്യൻ നമ്പൂതിരിപ്പാട്.)

---

പ്രവാചകന്മാൎക്ക് എങ്ങിനെ ശിഷ്യഗണങ്ങളുണ്ടായി എന്നു വിചാരിച്ചു നാം അത്ഭുതപ്പെടാറില്ല. അവരുടെ അസൂക്കൾ ലോകോന്നതിക്കും, ജനതയെ തമസ്സിൽനിന്നു നീക്കം ചെയ്യേണ്ടതിലേയ്ക്കും, ആയിസ്ഥിതിഗതികളേയും, പരിതഃസ്ഥിതികളേയും, കണ്ടറിഞ്ഞു ലോകേശ്വരനാൽ നിയോഗിച്ചയയ്ക്കപ്പെട്ടവരാണവർ. നിൎവ്വഹിപ്പാനുള്ള പ്രവൃത്തിയുടെ കാഠിന്യത്തെ പുരസ്കരിച്ച് നിയോഗിച്ചയയ്ക്കപ്പെട്ടവരുടെ സാദ്ധ്യശക്തിയും, വലുതായിരിക്കും. ഈ തത്വമാണ് നമുക്ക് ചരിത്രത്തിൽനിന്ന് ഒന്നാമതായി പഠിപ്പാനുള്ളത്. അതിനാൽ അമാനുഷത്വം പൂൎവ്വീകന്മാർ അവരിൽവെച്ചു കെട്ടീട്ടുള്ളതു വെറുതെയല്ലെന്ന് സമ്മതിയ്ക്കേണ്ടിയിരിക്കുന്നു. തമസ്സകററുവാൻ, ഹിന്തുമതത്തെ ഭൂലോകത്തിലെല്ലാടവും കൊണ്ടുപോയി പ്രദൎശിപ്പിച്ച് ആളുകളെ പല വിധത്തിലും അതിലേക്കു കീഴടക്കി മതത്തിൽ ആറാടിച്ചതാണ് ഹിന്തുമതപ്രവാചകനായിരുന്ന വിവേകാനന്ദസ്വാമികളുടെ പ്രസംഗപരമ്പരകൾ. ലോകരുടെ അറിവിൽ ഹിന്തുമതദീപ്തിയെ ഉത്തേജിപ്പിച്ചതു് സ്വാമി വിവേകാനന്ദനാണ്. അദ്ദേഹം കൊളുത്തിവെച്ച ദീപങ്ങളെ, ദീപ്തിപൂരമാക്കിത്തീൎത്ത വേറെ ഒരു വിവേകാനന്ദനാണ്, സ്വാമി രാമതീൎത്ഥൻ.

ഒരു ബ്രാഹ്മണ ഉപാദ്ധ്യായനായിരുന്ന, ഗോസ്വാമിഹിരാനന്ദന്റെ പുത്രനായി, 1873-ൽ, പഞ്ചാബിലെ 'മുരാലിവാല' എന്ന ഗ്രാമത്തിൽ രാമതീൎത്ഥൻ ജനിച്ചു. ബാലനായ രാമതീൎത്ഥൻ, ദാരിദ്ര്യത്തിന്റെയും, ക്ഷേമാഭാവത്തിന്റെയും അരുമസ്സന്താനമായിട്ടുതന്നെയാണ് ബാല്യം കഴിച്ചുകൂട്ടിയതു്. 1888-ൽ മട്രിക്കുലേഷൻ പരീക്ഷയും, അതിനെ തുടൎന്നു ഇൻറർമീഡിയേററ് പരീക്ഷയും സ്തുത്യൎഹമായിത്തന്നെ പാസ്സായി.

എം. എ. ബിരുദു സമ്പാദിച്ചതിന്നുശേഷം ഗവൎമ്മെണ്ടുദ്യോഗങ്ങളിലൊന്നും, കൈവെയ്ക്കാതെയിരിപ്പാനുറച്ചുവെങ്കിലും, 1896-ൽ, ലാഹോർ മിഷ്യൻ കോളേജിലെ കണക്കുശാസ്ത്രം പ്രഫസറായി അദ്ദേഹം നിയമിക്കപ്പെട്ടു. തന്റെ ജോലി കൃത്യമായും നിഷ്കളങ്കമായും നിൎവ്വഹിച്ചിരുന്നുവെങ്കിലും, മാനുഷികത്തിങ്കൽനിന്നു ഉപരിയായ ഒരു തേജസ്സുണ്ടെന്നുള്ള ചിന്തനം അദ്ദേഹത്തിൽ സദാ പ്രവഹിച്ചുകൊണ്ടിരുന്നു.

ഈ സമയത്തിങ്കൽ വിവേകാനന്ദ സ്വാമികൾ പഞ്ചാബിൽ പൎയ്യടനം ചെയ്യുകയും, അദ്ദേഹത്തിൻെറ പ്രശാന്തഗംഭീരമായ പ്രസംഗങ്ങൾ അനവധി മനസ്സുകളെ വശീകരിക്കുകയും ചെയ്തു. സ്വാമികളുടെ വേദാന്തപ്രസംഗങ്ങൾ രാമതീൎത്ഥനെ ഭൌതികജീവിതത്തെ വെറുപ്പിക്കുകയും ഹിന്തുമതപ്രചാരത്തിന്നു പ്രേരിപ്പിക്കുകയും ചെയ്തു. ഭക്തി അദ്ദേഹത്തിൽ ഉദിച്ചു. അദ്ദേഹത്തിൻെറ സാത്വികവികാരം ലൌകീകവിഷയങ്ങളിൽനിന്നും, മനുഷ്യസുഖത്തിൽനിന്നു ഉൽകൃഷ്ടമായ സുഖം ഉപരിലോകത്തു, അല്ലെങ്കിൽ നാം കാണാറുള്ള ഗോളങ്ങളുടെ ഇടയിൽ ഉണ്ടായിരിക്കാമെന്നു ഊഹിച്ചൂഹിച്ച്, അദ്ദേഹത്തെ ഹിമാലയസാനുവിലേക്കു ആനയിച്ചു.

രണ്ടു കൊല്ലത്തെ യോഗാഭ്യാസത്തിന്നുശേഷം, മടങ്ങിവന്നതോടുകൂടി, ടഹ്റിരാജാവിൻെറ പ്രേരണം മൂലം 1902-ൽ ജപ്പാനിലേക്കു കപ്പൽ കയറി. അവിടെ വെച്ചു പലമഹനീയമായ പ്രസംഗങ്ങളും അദ്ദേഹം നടത്തി. അദ്ദേഹത്തിൻെറ വിജ്ഞാനത്തിലും, യോഗ്യതയിലും, ജപ്പാൻകാരുടെ സ്തുതിക്കും, അവരുടെ ചുറുചുറുപ്പിലും പ്രവൃത്തിനിപുണതയിലും, നിരതയിലും, അദ്ദേഹവും, അവരെററാഴ്ത്തി. ഒരുപക്ഷം മുഴവൻ അവിടെ താമസിച്ചതിന്നു ശേഷം, അദ്ദേഹം അമേരിക്കയ്ക്കു യാത്രചെയ്തു. കപ്പലിൽവെച്ചുതന്നെ ഒരു അമേരിക്കക്കാരൻ അദ്ദേഹത്തിൻെറ വിജ്ഞാനപ്രഭയാൽ ഒരു വലിയ അത്ഭുതഭക്തനായിച്ചമഞ്ഞു. രാമതീൎത്ഥൻെറ വേദാന്തത്തെ ഉപജീവിച്ചുള്ള പ്രവചനങ്ങൾ, അമേരിക്കക്കാരെ ആശ്ചൎയ്യപ്പെടുത്തി. അമൃതവാക്യങ്ങൾ വൎഷിച്ച്, അമേരിക്കയിൽ കൂടി താപശമനം ഉണ്ടാക്കി. ഇന്ത്യായിലെ സന്യാസിവൎയ്യൻെറ ബുദ്ധിസാമൎത്ഥ്യത്തിൽ അവർ ആശ്ചൎയ്യചിത്തരായി.

"വിചാരശീലനാകുന്ന ഒരു ഇന്ത്യൻ ബ്രാഹ്മണസുരോത്തമൻ ഇവിടെ വന്നിരിക്കുന്നു," എന്നിപ്രകാരമാണ് അമേരിക്കയിലെ പത്രങ്ങൾ അദ്ദേഹത്തെപ്പററി എഴുതിയിരുന്നതു. വേദാന്തമായിരുന്നു പ്രസംഗവിഷയമെങ്കിലും, തൻെറ മതം, ഒരു പൊതുപന്ഥാവ്, എന്നായിരുന്നു അദ്ദേഹം പറഞ്ഞിരുന്നതു്. അമേരിക്കയിൽ താമസിച്ചകാലത്തു്, ആബാലവൃദ്ധം, അദ്ദേഹം ഒരു ശാന്താത്മാവുതന്നെയായിരുന്നു. അദ്ദേഹത്തിൻെറ മതധൎമ്മങ്ങളെ പ്രചരിപ്പിക്കുവാൻ അവിടെ, സ്നേഹിതന്മാരുടെയും, ഭക്തന്മാരുടെയും, പരിശ്രമഫലത്താൽ, "രാമസമാജങ്ങൾ" സ്ഥാപിക്കപ്പെട്ടു.

ഇന്ത്യയിൽ തിരിച്ചെത്തിയ ശേഷം സ്വാമി രാമതീൎത്ഥൻ പലപ്രസംഗങ്ങളും ചെയ്തു. "ഇന്ത്യയുടെ അധോഗതി, മരവിച്ചു പോകത്തക്കതായ ആചാരം, വൎഗ്ഗത്തിൻെറ ജീവനേയും ഉല്പത്തിയേയും കല്ലിപ്പി

ക്കുകയും, ദൂഷിപ്പിക്കുകയും ചെയ്തിരിക്കുന്നു," എന്നാണ് അദ്ദേഹം ഒരിക്കൽ പറഞ്ഞത്. "വിജ്ഞാനത്തിൻെറയും, വിഭവസമൃദ്ധിയുടെയും, സൂര്യൻ, ഭാരതത്തിൽ കിരണങ്ങൾ ജ്വലിപ്പിച്ചുകൊണ്ടിരുന്ന ഒരുകാലമുണ്ടായിരുന്നു. എന്നാൽ അവ കാലാന്തരത്തിൽ പാശ്ചാത്യ രാജ്യങ്ങളിലേക്കു നീങ്ങിപോയി. എങ്കിലും അവ,ശാന്തസമുദ്രത്തിൽ, ജപ്പാനിൽ ശോഭിപ്പാൻ തുടങ്ങിയിരിക്കുന്നു. ഭാവിയിൽ ഇന്ത്യയിലും പ്രവേശിക്കും." ഇന്ത്യയിലെ കോടിക്കണക്കായ ജനങ്ങൾ സഹകരിക്കുന്നില്ല, സഹകരിച്ചു പ്രവൃത്തിക്കുന്നില്ല. ഒരു ശക്തി മറെറാരുശക്തിയെ ദുബ്ബലപ്പെടുത്തുന്നു. ഒന്നു മറെറാന്നിനെ സമീകരിക്കുന്നു. അതിനാൽ ദേശീയശക്തി പൂജ്യം അവാന്തരവിഭാഗങ്ങളും വ്യത്യസ്ത താല്പയ്യങ്ങളും, അന്യോന്യം വെറുപ്പോടെ ദൃഷ്ടിപതിപ്പിച്ചു കൊണ്ടിരിക്കുന്നു. ഇവയാണ് ഇന്ത്യക്കാരുടെ ക്ഷയത്തിന്നു കാരണങ്ങൾ.

രാമതീത്ഥൻ ഇന്ത്യാക്കാരെ ഇപ്രകാരം ഓമ്മപ്പെടുത്തി. "നാം ഋഷി മുനി മുതലായവരിൽനിന്നു ഉത്ഭവിച്ചവരാണ്. എന്നാൽ അവരുടെ പരിതസ്ഥിതിയല്ല ഇന്നു നമ്മുടെ പരിതസ്ഥിതി. ശാസ്ത്രം പല കണ്ടുപിടുത്തങ്ങളും ചെയ്തുകഴിഞ്ഞു. അന്യരാജ്യങ്ങളായി കൂടിക്കഴിഞ്ഞു, "കാലത്തിനൊത്ത കോലം" പോലെ ജീവിപ്പാൻ പഠിക്കണം."

സ്വാമി രാമതീത്ഥൻ തൻെറ അന്ത്യവേളകൾ ഹിമാലയസാനുവിലുള്ള ആശ്രമങ്ങളിൽ, സംസ്കൃതം, വേദം, വേദാന്തം, ഉപനിഷത്തു, മുതലായവ പഠിച്ചും, ഗ്രഹിച്ചും, ആസ്വദിച്ചും, കഴിച്ചുകൂട്ടി. എന്നാൽ 1906 ഒക്ടോബറിൽ ഒരു ദിവസം പാവനമായ ഗംഗയിൽ സ്നാനം ചെയ്യുമ്പോൾ മുങ്ങിമരിക്കുകയാണുണ്ടായത്—അല്ലാ, പരിശുദ്ധയുംഅനഘാചാരയും ആകുന്ന ഗംഗയിൽ എന്നെന്നേക്കുമായി ലയിച്ചു. എങ്കിലും, അദ്ദേഹത്തിൻെറ, ലോകാന്തരഗീത കീത്തിമൂത്തി മത്തായി ഈ ലോകത്തിൽ ഇന്നും പ്രശോഭിക്കുന്നുണ്ട്.

കഷ്ടാവസ്ഥയുടെ പോറ്റുപുത്രനായും അഖിലജനതയുടെ ശാന്താത്മാവായും, ഭാരതഭൂമിയുടെ വിദ്യാദാനശീലനായും, ഹിന്ദുമതത്തിൻെറ പ്രവാചകനായും ലാലസിക്കുന്ന സ്വാമിരാമതീത്ഥൻ ഇന്ത്യാ മാതാവിൻെറ അപൂവ്വ സന്താനങ്ങളിൽ ഒരു മാന്യമായ പീഠത്തെ അലംകരിക്കുന്ന ഒരു മഹാത്മാവുതന്നെ.

# ആരാമത്തിൽ

(കെ. കൃഷ്ണൻകുട്ടിമേനോൻ, ക്ലാസ്സ് I, ഗ്രൂപ്പ് III.)

(കേക)

അന്നു— ഞാനെൻ ജീവിത നന്ദന മലർക്കാവി-
ലൊന്നു ലാത്തുവാനായിത്തരസാ പുറപ്പെട്ടു
വളഞ്ഞു പിരിഞ്ഞുള്ള വഴികളതിൽ ക്രൂടി-
ത്തളൻ്റു തളൻ്റു ഞാൻനടന്നു വിവശനായ്
കാലുകളിടതെററി, മുള്ളുകളിടതിങ്ങും-
ചാലുതന്നുള്ളിൽക്കൂടിരുധിരക്ലിന്നനായി
ക്ഷീണനായ്, വിമൂഢനായ്, പ്രാണവേദനയോടെ-
കേണരുണ്ടൊരുവിധമെത്തിനേനാരാമത്തിൽ

*   *   *   *

വരുക, വരുക, യെന്നോതിടും കിളിനാദം,
തകരുമെൻകരളെത്താങ്ങിനാനല്പനേരം
മന്ദമായ്, മന്ദാനിലനെന്നുടെ സമീപംവ-
ന്നന്നുചുംബന മേകി, മറഞ്ഞുവിഹായസ്സിൽ-
വല്ലികൾ തലയാട്ടി, മല്ലികാ മലരുക-
ളുല്ലാസാൽ കുടുകുടെച്ചിരിച്ചു, വിഹരിച്ചു.

*   *   *   *

പൊന്നൊളിതേടീടിന ഭാനുമൽക്കരങ്ങളും,
സന്നമാം നീലവിണ്ണിൻ മോഹനസ്മിതങ്ങളും,
ഒന്നുമേ കാണാതായി, വ്യാപരിച്ചിരുൾ, കഷ്ടം!
ഖിന്നനായുഴന്നു, ഹാ, മുന്നോട്ടുഗമിക്കാതെ,
അപ്പൊഴെൻ മുന്നിലായിക്കണ്ടുഞാനൊരുദീപം
അപ്രതീക്ഷിതം, ഹാ, ഹാ, ശോഭനതേജോമയം
ധൂമപങ്കിലമല്ല, ചെന്തീയിൻനിറമല്ല
കോമളം, നിരാമയം, സച്ചിദാനന്ദാത്മകം;
ഇപ്പൊഴു,മാദീപമെൻ മുന്നിലായ് വഴികാട്ടാ-
നെപ്പൊഴും നിഴൽപോലെക്രൂടവെനടക്കുന്നു.
ദീപമെ! ജ്വലിച്ചാലും! ദീപമെ! വിൺമഹസ്സെ,
നീമമജന്മാന്തര ഭാഗ്യാതിരേകപൂരം.

# രാവിൻെറ രമണീയത.

(കെ. പിൻേറാ ജോസഫ്, ക്ലാസ്സ് IV; ഗ്രൂപ്പ് IV ബി.)

വസന്തകാലത്തെ ഒരു മനോമോഹനമായ സായംകാലം നാനാദിഗന്തങ്ങളിലും വികസിച്ചിരുന്ന സുമനിരകളിൽ ഭ്രമരങ്ങൾ തേനുണ്ടു മദിച്ചു മേവുന്നു. അവയിൽനിന്നു പുറപ്പെടുന്ന പരിമളധോരണി വഹിച്ചുകൊണ്ട് മന്ദാനിലൻ കൃതാൎത്ഥനായി നാലുപാടും തത്തിക്കളിച്ച് ത്തു മന്ദഹാസം ചൊരിയുന്നു. അന്തിക്കതിരവൻ അസ്ഥാചലത്തെപ്രാപിച്ചു പശ്ചിമജലാശയക്കുണ്ടിലേക്കിറങ്ങുവാൻ തക്കംനോക്കി നിലകൊണ്ടു. പൂൎവ്വോത്തരദിങ്മുഖം സാന്ധ്യാരുണിമചേൎന്നു പൂൎവ്വാധികം ശോഭനമായിത്തീൎന്നു. കൎമ്മസാക്ഷി, തൻെറ തുനിവിനെ സാക്രുതമായി വീക്ഷിച്ചു കടലോരത്തെ ഒരു ശിലാതലത്തിൽ ആസനസ്ഥനായിരുന്ന എന്നെ കാഞ്ചനമയമായ സഹസ്രകരങ്ങളാൽ മന്ദമന്ദം തലോടി. ഈ തലോടലേററ് പുളകോൽഗമം പൂണ്ടഞാൻ അധികനേരം ഇപ്രകാരം ഇരിപ്പാൻ ഇടവരുന്നതിന്നുമുമ്പെ ചണ്ഡകിരണൻ അബ്ധിയിൽ ആണ്ടുതുടങ്ങി. വമ്പിച്ച ക്രരിരുട്ടിൻെറ പ്രത്യാഗമനകാലമായെന്നു ചീവീടുകൾ എവിടയും ഝങ്കാരഭേരിമുഴക്കിയറിയിച്ചുകൊണ്ടിരുന്നു. ജലാശയത്തിലെ അലകൾ തീരസ്ഥമായ ശിലകളിൽ അലസമായി അലച്ചിരുന്ന അലാരവം എൻെറ കൎണ്ണപുടങ്ങളിൽ വ്യക്തമായി പതിച്ചു. കുളങ്ങളിൽ കമലങ്ങൾ കൂമ്പുകയും കുല്യകളിൽ കുമുദങ്ങൾ വികസിക്കയും ചെയ്തിരുന്നു. വിഹഗങ്ങൾ അവററയുടെ ക്രൂടുകളെ ലാക്കാക്കി വിയത്തിലൂടെ പക്ഷങ്ങളാട്ടി ത്വരിതഗമനംചെയ്തു. വിൺവീഥിയിൽ ആകമാനം ചെറുതാരങ്ങൾ അങ്ങിങ്ങായി ചിന്നിമിന്നി അങ്കുരിക്കുന്നതും അദൃശ്യമാകുന്നതും നയനാനന്ദപ്രദംതന്നെയായിരുന്നു. അദൃശ്യനായ ഒരു വിദഗ്ദ്ധചിത്രകാരൻെറ തൂലികാപാടവം വിയപ്പരപ്പിൽ എവിടെയും പ്രത്യക്ഷമായിക്കണ്ടു. ആകാശവാടിയിൽ വലാഹകങ്ങൾ വിവിധവൎണ്ണാങ്കിതസസ്യജാലങ്ങൾപോലെ പരിലസിച്ചു. ഈ സസ്യഗണങ്ങളിൽ താരങ്ങൾ സുമങ്ങളായും പരിശോഭിച്ചു. രാവിൻെറ വീൎപ്പായ ഇളംതെന്നൽ സമീപസ്ഥമായ തമാലപ്പടൎപ്പുകളിൽ 'മരമര' ശബ്ദം ഉളവാക്കുകയും ചിലപ്പോഴെല്ലാം എന്നോടു കുശലപ്രശ്നങ്ങൾ ചെയ്കയുംചെയ്തിരുന്നു.

തത്സമയം ശീതളകിരണനായ ശശാങ്കൻ അടിവച്ചടിവച്ചുയൎന്നു പൂൎവ്വാംബരഭാഗത്തിന്നു തിലകമായി ലസിക്കയും നിഷ്പ്രഭങ്ങളായ നീരദങ്ങളിൽ തങ്കച്ചാർ തളിച്ച് അവയെ പതിന്മടങ്ങു മോഹനമാക്കിത്തീൎക്കയും ചെയ്തു. പകലവൻെറ ഉഗ്രകിരണങ്ങളേററ് പകൽ മുഴുവനും എരിപൊരികൊണ്ട ലോകത്തെ ചന്ദ്രൻ തൻെറ ശീതളകരസ്പൎശത്താൽ

കുളപ്പിച്ചു. ചിലപ്പോഴെല്ലാം ചന്ദ്രൻ കാർമേഘയവനികയ്ക്കുള്ളിൽമറ
ഞ്ഞു, ഭൂമുഖത്തെ 'കുററാക്കുററിരുട്ടിന്റെ ക്രുത്തടിക്കോലാഹല'ത്തിൽ
ആമഗ്നമാക്കിയെങ്കിലും യവനികയ്ക്കു പുറത്തുവരുമ്പോഴെല്ലാം പൂർവ്വാധി
കംപ്രഭയോടെ പ്രശോഭിച്ചുമിരുന്നു. ആകാശവാടിയിൽ സുമസമാനം പ
രിലസിച്ചിരുന്ന ചുരുക്കം ചില ചെറുതാരകാഗണങ്ങൾ രാത്രിയുടെ കട്ടി
ക്കൂരിരുളിനെ ദൂരീകരിക്കാൻ പര്യാപ്തങ്ങളായില്ല. ഈ സുമങ്ങളിൽനി
ന്നു പൊഴിയുന്ന മരന്ദമോ എന്നു ഃതാന്നുമാറു് മൃദുശീകരമഞ്ഞുതുള്ളി
കൾ അടന്നു നിലംപതിച്ചിരുന്നു. അവ എന്റെ ദുകൂലത്തേയും ഒട്ടൊ
ട്ടാർദ്രമാക്കാതിരുന്നില്ല. ഇടക്കിയ്ക്കിടയ്ക്കു അടുത്തുള്ള ചെടിപ്പടപ്പുക
ളിൽ ചന്ദനക്കുഴമ്പുപോലുള്ള മന്ദമാരുതനേററു് മെല്ലെമെല്ലെ താളം
പിടിച്ചിരുന്ന പത്രപംക്തികളെ വാർതിങ്കൾ പൊൻകോപ്പണിയിച്ചി
രുന്ന ചേതോഹരമായ കാഴ്ച ഞാൻ സുധാസമം കൺകോണുകളാൽ
പാനംചെയ്തിരുന്നു. ചിലപ്പോൾ എന്റെ അക്ഷികൾ നീലിമകലന്ന
ആകാശദേശത്തിന്റെ ഔന്നത്യത്തിലേക്കു പാഞ്ഞുകേറുകയും ഗഹന
വും മോഹനവുമായ എന്തോ ചിന്താതരംഗങ്ങൾ എന്റെ അന്തരംഗഭി
ത്തികളിൽ നിരങ്കുശം തിരതല്ലുകയുമുണ്ടായി.........

ഈ നിലയിൽ എത്രനേരം ഞാൻ ഇരുന്നുവെന്നു അനുമാനിക്കു
വാൻ എനിക്കുതന്നെ നിർവ്വാഹമില്ലായിരുന്നു. അഗ്രഭാഗത്തു് അതിവി
ദൂരസ്ഥിതങ്ങളായ നൌകകളിൽ പകിട്ടേറുന്ന വിവിധവർണ്ണങ്ങൾ 'ഒളി
ച്ചുകളി'ച്ചിരുന്നതു് എന്റെ അക്ഷികൾക്കു അക്ഷണം ലക്ഷീഭവിച്ചിരു
ന്നു. പ്രകൃതിയുടേയും കരകൌശലത്തിന്റേയും തടവററ സങ്കലനം
ദർപ്പണത്തിലെന്നോണം എന്റെ മുമ്പിൽ പ്രത്യക്ഷീഭവിച്ചു. അതോടു
കൂടി എന്തെന്നില്ലാത്ത ഒരു പരിതുഷ്ടി എന്നിൽ അങ്കുരിക്കയും ഞാൻ
ആനന്ദാബ്ധിയിൽ മറുകരകാണാതെ നീന്തിത്തുടിക്കയുംചെയ്തു. വാർതി
ങ്കളിൽനിന്നു അനർഗ്ഗളമായി നിർഗ്ഗളിച്ചു മനസ്സിന്നും മേനിക്കും ഒരുപോ
ലെ കുളിർമയേകിയിരുന്ന ചന്ദ്രിക, അപ്രാപ്യമായ ചക്രവാളപരിസര
ങ്ങളിൽ മഞ്ഞിമറയുംപോലെ തോന്നി, ആകമാനം ഭൂമുഖം പ്രകൃതിവിലാ
സത്തിന്റെ നൃത്തരംഗമായി വിലസിയിരുന്ന ആ ദർശനത്തിൽ അപഹൃ
ചിത്തനായി ഞാൻ അനന്തരകരണീയമെന്തെന്നറിയാതെ അധികനേ
രം ഇരുന്ന ഇരുപ്പിൽത്തന്നെ ഇരുന്നുപോയി. ആ കാഴ്ചയുടെ സുന്ദര
ത്വം മേൽക്കുമേൽ അക്ഷികളാൽ ആസ്വദിച്ചിട്ടും ഞാൻ തൃപ്തിയട
ഞ്ഞില്ല. അനുനിമിഷം നവംനവങ്ങളായ ഓരോ ആശയങ്ങൾ എന്റെ
ഹൃദയകോരകത്തിൽ ഉദിതമാകയും എന്നെ വിസ്മയജലധിയിൽ മുക്കി
പ്പൊക്കുകയും ചെയ്തു. അതിനാൽ നിദ്രാദേവി എന്നെ കടാക്ഷിക്ക
പോലും ചെയ്തില്ല.

മുഹൂർത്തനേരം കഴിഞ്ഞപ്പോൾ ഒരു ഗഭീരപ്രശാന്തത എൻെറ ചുററും വ്യാപരിച്ചുതുടങ്ങി. ചീവീടുകൾ തികഞ്ഞ മൌനമാചരിച്ചിട്ട് നേരം വളരെയായി. മന്ദമാരുതൻെറ അഭാവംമൂലം പച്ചിലപ്പടപ്പിലെ ചലിച്ചിരുന്ന ഇലകളും നിഷ്പന്ദമായ്ഭവിച്ചു. പരിസരങ്ങളിലെങ്ങും ഉൽകഷം പ്രാപിച്ചുകൊണ്ടിരുന്ന പ്രശാന്തത ഗഹനമായ ചിന്താപരമ്പരകൾക്കു വഴിതെളിച്ചിരുന്നു. ചന്ദ്രികയിൽ വെള്ളിത്തകിടുപോലെ പ്രശോഭിച്ചിരുന്ന സമുദ്രപ്പരപ്പിലേക്കു കണ്ണോടിച്ചപ്പോൾ അനിർവ്വചനീയമായ ഒരാഹ്ലാദത്താൽ എൻെറ മാനസം പരിപ്ലുതമായി..............
"എത്രമേൽ ശാസ്ത്രജ്ഞാനവും, എത്രമേൽ വ്യുല്പത്തിയും, എത്രമേൽ ഭൌമീകോന്നതിയും എത്രമേൽ സന്മാർഗ്ഗീകോൽക്കഷവും കരഗതമാക്കിയാലും മനുഷ്യൻ നിത്യതയാകുന്ന മഹാർണ്ണവത്തിൻെറ ഉപരിഭാഗത്തെ അഗണ്യമായ ഒരു നീർക്കണം മാത്രമെ ആകുന്നുള്ളു, ആയതു ക്ഷണനേരംകൊണ്ടു സാഗരജലത്തിൽ ലയിച്ചു വിസ്മൃതപ്രായമായിത്തീരുന്നതുപോലെ മനുഷ്യനും അവൻെറ നിത്യതയിലേക്കുള്ള ലയത്തിന്നായി ഇഹലോകജീവിതത്തോടു അവിചാരിതമായി യാത്രപറയേണ്ടതായി വന്നുകൂടുന്നു..................... ഇതിനെല്ലാം കാരണം എന്തായിരിക്കാം? ആരായിരിക്കാം ഈ സംസാരചക്രത്തേയും അതിലുൾപ്പെട്ട പക്ഷിമൃഗാദി തിര്യഗ് ജീവികളേയും, എന്നുവേണ്ട ചരങ്ങളും അചരങ്ങളും ആയ ലക്ഷോപലക്ഷം ജീവാജീവജാലങ്ങളേയും നിയന്ത്രിക്കുന്നതു?" എന്നിത്യാദി വിചാരധാരകളായിരുന്നു എൻെറ ചിന്താകോണത്തിൽ ഈ സമയം തടവുകൂടാതെ നടമാടിയിരുന്നതു്. ഞാൻ ലോചനങ്ങളെ വിൺവീഥിയിലേക്കുയത്തി ക്രമേണ അർദ്ധനിമീലിതങ്ങളാക്കുയും ഓരോന്നു ഗാഢമായി വിചിന്തനം ചെയ്തു നിമിഷങ്ങൾ പോക്കുകയും ചെയ്തിരുന്നു.

മണിക്കൂറുകൾ അതിദ്രുതം കടന്നുപോയിരുന്നതു മനസ്സിലാക്കുവാൻ എനിക്ക് കഴിഞ്ഞിരുന്നില്ല. അധികം സമയവിളംബമെന്ന്യേ ചെറു പക്ഷികളുടെ മധുരകൂജനങ്ങൾ എൻെറ കർണ്ണപുടങ്ങൾക്ക് സ്വാഗതമരുളി. പ്രഭാതകാലം സമീപിച്ചുവെന്ന് അപ്പോഴാണ് ഞാൻമനസ്സിലാക്കിയതു്. കിഴക്ക് ക്രമേണ വെള്ളകീറിത്തുടങ്ങി. താരങ്ങൾപകലിനെ ഭയന്നു് നിശ്ശേഷം വിയത്തിൽനിന്നും പാഞ്ഞൊളിച്ചു. ബാലാക്കൻ പിഞ്ചുകരവല്ലികൾ നീട്ടി ലോകമാസകലം തൻെറ ഹസ്തവലയത്തിൽ പെടുത്തുവാൻ അനല്പമായ ഉന്മേഷത്തോടുകൂടി ശ്രമം ചെയ്തിരുന്നു. ഞാൻ വിസ്മയപരതന്ത്രനായി ഇരുന്നിരുന്ന ശിലാതലത്തിൽനിന്നും എഴുന്നേററു് മെല്ലെ ഗേഹത്തെ ലാക്കാക്കി നടകൊണ്ടു.

# “പാതിരായാത്ര.”

(കെ. എൻ. മേനോൻ, ക്ലാസ് II, ഗ്രൂപ്പ് II.)

---

(മഞ്ജരി)

പാതിരപ്പൂങ്കോഴി കൂകുന്നനാദത്തെ-
യാതുരചിത്തനായ് കേട്ടു ബുദ്ധൻ.
ഞെട്ടിയുണൎന്നപോൽ പെട്ടെന്നെഴുന്നേററാൻ
ഗാഢമാം നിദ്രയിലാണ്ട ദേവൻ.
കണ്ണുംതിരുമ്മിക്കൊണ്ടദ്ദേവൻ നിന്നിതു
ഹൃത്തടം പൊട്ടുന്നചിന്തയോടും
അന്ത്യമാംയാത്ര, തൻകാന്തയോടോതുവാൻ
ഹന്ത! ഭൂവല്ലഭൻ നിശ്ചയിച്ചു.
മോഹനമാനസൻ മന്ദമായ്ച്ചെന്നിതു
പത്നിതൻ കട്ടിലിന്നൊട്ടടുത്തായ്.
ആ മണിമെത്തമേൽ നിദ്രയിലാണ്ടോര-
ക്കാമിനീരത്നത്തെ നോക്കിനിന്നാൻ.
കൈ തിരുമ്മീടിനാൻ, താഴോട്ടുനോക്കിനാ-
നേതുമേ തോന്നാതെയൊട്ടുനേരം.
തിങ്ങിവളൎന്നു ചുരുണ്ടുള്ള കുന്തളവും
ഭംഗിതിങ്ങീടുന്നൊരാനനവും
പാരം പ്രസന്നത പൂണ്ടുള്ള ഗണ്ഡവും
പാൎത്തുംകൊണ്ടദ്ദേവനേവമോതി.
“ഓമനേ! പീയൂഷധാമമേ! വെൽവൂ നീ!
സാമോദം വാഴ്ക ഭാഗ്യരാശേ!
പുഞ്ചിരിതൂകുന്ന നിൻമുഖം നോക്കിഞാ-
നഞ്ചിതവിഗ്രഹേ! പോയിടട്ടെ;
ജീവനിൽപ്പാതിയാം നീയുമെന്നാകിലു-
മാവതില്ലേതുമേയൊപ്പം വാഴ്‌വാൻ
സാദ്ധ്വിയാം നിന്നെ ഞാൻ വിട്ടിതാ പോകുന്നു
മാദ്ധ്വീകവാണി! നീ കേണീടൊല്ലേ?
ആറെട്ടുവൎഷം ഞാൻ നിൻ മേനിയോമനി-
ച്ചാനന്ദവീചിയിലാണ്ടുപോയി.

അന്നു നീയേകിയ ചുംബനമോരോന്നു-
മെന്മനം വേറാക്കിവിട്ടതില്ല"
"എന്തുഞാൻ ചെയ്യേണ്ടതെന്തുഞാൻ ചെയ്യേണ്ട-
തെന്തുവാനോതേണ്ടതാത്മബന്ധോ!"
ഒട്ടൊട്ടുഞെട്ടിയുമൊട്ടൊട്ടുറങ്ങിയും
മട്ടോലുംവാണിതൻഹൃത്തടത്തി-
ലാനന്ദമഗ്നനായങ്ങലയിക്കുന്ന
ലോലനാം ബാലനെ നോക്കിച്ചൊന്നാൻ
"വത്സാ! നീയെന്തിനായ് താഴോട്ടു പോന്നിതു
സംസാരംതന്നിലുഴറുവാനോ ?
ഉന്നതികാംക്ഷിപ്പു ലോകരിന്നേവരു-
മിന്നിതുതോന്നുവാനെന്തുബന്ധം?
ഇന്നതൊട്ടെന്നുണ്ണിയച്ഛായെന്നിങ്ങിനെ
ചേണററമോദാൽ വിളിച്ചീടൊല്ലെ
അമ്മതൻലാളനമേററു നീ വാണാലു-
മിമ്മണിസൌധത്തിൽ പ്പൊന്മകനേ!"
ഇത്തരമോരോന്നു ചിന്തിച്ചും ചൊല്ലിയും
പാൎത്ഥിവനോക്കാതിങ്ങിണ്ടലാണ്ടു
ചീക്കുന്ന ദുഃഖത്താൽ കണ്ണിൽനിന്നാശ്രുക്കൾ
ചിക്കെന്നൊഴുകി നനച്ചു വസ്ത്രം.
ബാഹുയുഗളത്താൽ നേത്രങ്ങൾപൊത്തിയും
ബാഢമാം ദീൎഘനിശ്വാസംചെയ്തും
ലോകാധിനാഥനാം കാരുണ്യശീലനെ
യാകുലമെന്യേ ഭജിച്ചുകൊണ്ടും
തെല്ലിടതാനിങ്ങു കൎത്തവ്യമൂഢനായ്
നിന്നുപോയ്---ദൈവമേ! ശാന്തം പാപം!
... ... ... ... ...
... ... ... ... ...
ഇത്തരമൊട്ടു കഴിഞ്ഞോരുനേരത്തി-
ലത്തലുംതീൎന്നു തെളിഞ്ഞുധീരൻ.
ജാതിപ്പിശാചിനാൽ പാഴ്ക്കുണ്ടിലാഴുന്ന
ലോകത്തെ രക്ഷിപ്പാൻ നിശ്ചയിച്ചു.
ഭാരങ്ങളെല്ലാമെ ദൈവത്തിലേല്പിച്ചു
പാരാതിറങ്ങിതു ധന്യധന്യൻ.

വാതായനംവിട്ടു മുററത്തിറങ്ങിനാൻ
ചേതോഭിരാമനാം ബുദ്ധദേവൻ
താരാഗണങ്ങളും താരേശബിംബവു-
മമ്പരന്നംബരെ നോക്കിനില്പായ്
സൎവ്വത്ര ശാന്തമായ് ലോക,മന്നെല്ലാരു-
മൂൎച്ഛയിൽനിന്നെങ്ങോ പോയപോലെ.
അന്ധവിശ്വാസമാം പൈശാചിതന്നുടെ-
യാന്ധ്യമാം കൈത്തലംതന്നിൽനിന്നും
കൈവല്യംനേടുവാൻ മുന്നിട്ടിറങ്ങിയ
ദേവാധിരാജനെ ക്കാൺകയാലോ,
മേദിനീദേവിതൻ ദീൎഘനിശ്വാസംപോൽ
മേളിച്ചു മന്ദപവനനെങ്ങും.

താഴെ പറയുന്ന പുസ്തകങ്ങൾ നന്ദിപൂൎവ്വം സ്വീകരിച്ചിരിക്കുന്നു. അഭിപ്രായം അടുത്ത ലക്കത്തിൽ:

1. പദ്യസാഹിത്യചരിത്രം — വിദ്വാൻ ടി. എം. ചുമ്മാർ.
2. ജീൻ വാൽ ജീൻ — പ്രകാശം.
3. മംഗളോപഹാരം — കെ. നാരായണപ്പിഷാരടി, എം. എ.

മഹാരാജകീയ കലാശാലാമാസികയുടെ
മലയാളഭാഗം.

# സാഹിത്യസോപാനം.

പത്രാധിപർ:

പി. എം. ശങ്കരൻ നമ്പ്യാർ, എം. എ., എൽ. ടി.

# വിഷയവിവരം.


| | | |
|---|---|---|
| അമരത്വം | (പാറായിൽ വി. ഉദമീസ്ത്തരകൻ, ബി. എ.) | 49 |
| വിശുദ്ധരശ്മി | (ചങ്ങമ്പുഴ ക്ലാസ്സ് I.) | 54 |
| പുഷ്പകയാത്രയും മേഘസന്ദേശവും | (എ. ഹരിഹരൻ.) | 57 |
| സർവ്വസ്വ—സമർപ്പണം | (പി. മാലതി, 'രാഷ്ട്രഭാഷാ വിശാരദ്') | 64 |
| മധുമഞ്ജരി | (എൽ. വെങ്കടേശ്വരൻ, ബി. എ.) | 77 |
| ആത്മശക്തി | (മുല്ലോത്തു് വി. നാരായണമേനോൻ) | 80 |
| കവച്ച്ക്കാരന്റെ ധർമ്മം | | 80 |
| കാളിദാസൻ | (ചന്ദ്രഹാസൻ) | 81 |

# അമരത്വം

(പാറായിൽ വി. ഉറുമീസ്സുതരകൻ ബി. ഏ.)

മരണമില്ലായ്മ! ഈ ആശയമാണ് സകല ആശയങ്ങളിലും വച്ചു ഏററവും ദുരവഗാഹം. ഈ ആശയം അബദ്ധമായിരുന്നാൽ തന്നെ അതു മനുഷ്യമനസ്സിൻെറ ഏററവും ഉയരത്തിലുള്ള പാറക്കല്ലിനെ സൂചിപ്പിക്കുന്നു. അതു സത്യമാണെങ്കിൽ, ഹാ! എന്തെന്തു സാധ്യതകളെയാണ് നമ്മുടെ ഭാവനയുടെയും പ്രത്യാശകളുടെയും കണ്ണാടിയിൽ പ്രതിബിംബിപ്പിച്ചു കാണിക്കുന്നതു്!

ഒന്നു ചിന്തിച്ചുനോക്കുക! ഈ ലോകത്തിൽ മനുഷ്യൻ മൃഗങ്ങളോടൊപ്പം ജീവിക്കുന്നു; അവൻെറ ശരീരത്തെ സംബന്ധിച്ചിടത്തോളം അവൻ മൃഗങ്ങളിൽനിന്നു വളരെ വ്യത്യസ്തനല്ല. മൃഗങ്ങൾക്കില്ലാത്ത ഒരു അവയവമെങ്കിലും അവനില്ല. അവൻെറ കാലടികളെ അനുധാവനം ചെയ്യുന്ന നായയെപ്പോലെയോ, അവൻെറ തലയ്ക്കുമുകളിൽക്കൂടി പാറിപ്പറന്നുപോകുന്ന ചിത്രശലഭത്തെപ്പോലെയൊ, മനുഷ്യൻ, കേവലം ഒരു ഭൌമികജീവിയാകുന്നു; അവൻെറ ചരിത്രം പാർത്ഥിവവുമാണ്. എന്നാൽ അവൻെറ മനസ്സിൽ, ചരിത്രാതീതകാലംമുതൽക്കേ, അവൻ ഇതരജീവികളെപ്പോലെ മരിക്കുന്നവനല്ലെന്നും, ദേവകളെപ്പോലേ അമർത്ത്യനാണെന്നും ഉള്ള മഹത്തായ ഒരു ബോധം കടന്നുകൂടിയതായിക്കാണാം. ഈ ആശയം ആദ്യമായി കണ്ടുപിടിച്ച മനുഷ്യനെ തീർച്ചയായും ദേവസമാനനായി ഗണിക്കേണ്ടതാണ്. എന്തെന്നാൽ അമർത്ത്യത എന്ന ആശയത്തിൻെറ സമീപത്തു, പ്ലേറെറാ, ഷേയിയ്ക്സ്പീയർ, ന്യൂട്ടൺ, പാസ്ച്ചർ മുതലായവരുടെ മഹത്തായ ആശയങ്ങളെല്ലാം കേവലം ബാലിശങ്ങളായിത്തീരുന്നു.

അനേകശതവത്സരകാലം ഈ ആശയം ആരാലും ചോദ്യം ചെയ്യപ്പെട്ടിരുന്നില്ല. ഒരു പഹറോൻ (Pharaoh) രാജോചിതമായ ഒരു ശവകുടീരത്തെ പണിചെയ്യിച്ചു്, അതിൽ ഭക്ഷ്യസാധനങ്ങളെ ശേഖരിച്ചു്, അനന്തരജീവിതത്തിലുപയോഗിക്കുന്നതിന്നായി വിലപിടിച്ച ആഭരണങ്ങളെ സംഭരിച്ചു്, നിത്യജീവിതത്തിലേയ്ക്കു പുനരുത്ഥിതനാകുമ്പോൾ പരിസേവനത്തിനു അടിമകളേയും കരുതിച്ചെയ്തു്, അതിൽ സ്വന്തം മൃതദേഹത്തെ സംസ്കരിച്ചപ്പോൾ ആരുംതന്നെ അതിൽ അത്ഭുതംകൊണ്ടില്ല. ഈ ആർഷഭൂമിയിൽത്തന്നെ എത്രകാലം വിധവ

കൾ തങ്ങളുടെ മൃതരായ ഭത്താക്കന്മാരെ അനുഗമിക്കുന്നതിന്നായി സ്വശരീരങ്ങളെ ചിതാഗ്നിയിൽ ആഹുതിചെയ്യുകില്ല! മഹാപ്രതാപശാലികളായിരുന്ന റോമൻചക്രവത്തിമാർകൂടി മരണാനന്തരജീവിതത്തിൽ വിശ്വസിച്ചുകൊണ്ടു് ദേവതകൾക്കായി ബലികൾ അപ്പിച്ചിരുന്നു.

എന്നാൽ, മരണമില്ലായ്മ എന്ന ആശയത്തിൽ മനുഷ്യൻ അല്പാല്പം അവിശ്വാസം പ്രദശിപ്പിച്ചുതുടങ്ങിയ ഒരു കാലം വന്നു. അവർ പിറുപിറുത്തു:— "ഇവരെന്തുമൂഢന്മാർ! മരണാനന്തരജീവിതംപോലും! ഇതെല്ലാം വെറും മുത്തശ്ശിക്കഥകൾ; മനുഷ്യന്റെ ശ്വാസം നിലച്ചാൽ അവന്റെ ഉണ്മയും നിലച്ചു." ക്രിസ്തുവിന്നുമുമ്പു് പലസ്തീനായിലും, സോക്രട്ടസിന്റെ മധുരഭാഷണങ്ങൾ പ്ലേട്ടോറോ തുടങ്ങിയവരെ പുളകിതഗാത്രരാക്കിയതിന്നുമുമ്പു് ആതൻസിലും, ഇക്കൂട്ടരെ ധാരാളം കാണ്മാനുണ്ടായിരുന്നു.

അക്കാലംതുടങ്ങി ഇന്നേവരെ മനുഷ്യൻ സ്വയം ചോദിക്കുവാൻ തുടങ്ങി— "മരണാനന്തരം നാം ജീവിക്കുമെന്നുപറയുന്നതു വെറും അന്ധവിശ്വാസമൊ, അതൊ യാഥാത്ഥ്യമൊ?" എന്നു്.' മരണാനന്തരജീവിതത്തിൽ മനുഷ്യന്റെ വിശ്വാസം പ്രബലപ്പെട്ടിരിക്കുന്ന ഘട്ടങ്ങൾ മനുഷ്യചരിത്രത്തിൽ തുലോം ഉജ്ജ്വലത്തായ ഘട്ടങ്ങളാണു്;

മറിച്ചു, "മനുഷ്യന്റെ ഹൃദയം സംശയത്താൽ കലുഷമായി, മ്ലാനവദനനായി അവൻ സോളമനെപ്പോലെ "എല്ലാം മായ" എന്നു സ്വയം മന്ത്രിച്ചിട്ടുള്ള ദശകൾ ചരിത്രത്തിലെ ഇരുളടഞ്ഞ ഏടുകളാണു്.

അന്നും ഇന്നും സ്ഥിതിഗതികൾക്കു വലിയവ്യത്യാസം വന്നിട്ടില്ല. ചിലൎക്കു ജീവിതം വെറും കിനാവാണു്, ഒരു മായാദീപപ്രദശനമാണു്, ദുരന്തമായ ഒരു നാടകമാണു്. മററുചിലക്കോ— ജീവിതം സ്വന്തം വ്യക്തിപ്രഭാവത്തെ വികസിപ്പിക്കുവാനുള്ള ഒരു സുവണ്ണാവസരമാണു്; നന്മ, സത്യം, സൌന്ദൎയ്യം മുതലായ അദൃശ്യോപാധികളെ ഉപാസിക്കുന്നതിന്നുള്ള സന്ദഭമാണു്; നീതിക്കുവേണ്ടി വിശക്കുന്നതിന്നും ദാഹിക്കുന്നതിനും ഈശ്വരനാൽ ദത്തമായിട്ടുള്ള ഒരു പരിമിതകാലമാണു്.

ഈ രണ്ടു വിഭാഗങ്ങളിലും ഉൾപ്പെടാതെ, പ്രകൃതി പ്രതിഭാസങ്ങളെ പൎയ്യവേക്ഷണം ചെയ്തുകൊണ്ടു്, ഒന്നിലും വിശ്വസിക്കാതെ, അന്ധവിശ്വാസങ്ങളുടെയും അബദ്ധസിദ്ധാന്തങ്ങളുടെയും പതിരിൽ നിന്നു സത്യനെൻമണികളെപാററി എടുക്കുന്നതിൽ കൃത്യപ്രതിജ്ഞനായി

നിൽക്കുന്നു. ശാസ്ത്രകാരൻ മൊത്തത്തിൽ പറയുന്നപക്ഷം വലിയശാസ്ത്രജ്ഞന്മാരെല്ലാം ഇഹലോക ജീവിതത്തിനപ്പുറത്തും ഒരു ജീവിതമുണ്ടെന്നു വിശ്വസിച്ചിരുന്നു. പക്ഷെ, മറേറതെങ്കിലും പ്രകൃതിസത്യത്തെപ്പോലേ അതു തെളിയിക്കപ്പെട്ടതായി അവർ പ്രഖ്യാപിച്ചിട്ടില്ലെന്നേയുള്ളൂ. പ്രകൃതിജിഗീഷുകളായിരുന്ന അവർ, സമയവും ശക്തിയും മുഴുവൻ പ്രകൃതിരഹസ്യങ്ങളുടെ മറമാററുന്നതിനായിവിനിയോഗിച്ചതിനാൽ അതിപ്രധാനമായ ഈ പ്രശ്നം മിക്കവാറും വിഗണിക്കപ്പെട്ടു. എന്നാൽ ഇന്നു ശാസ്ത്രത്തിനു ഈ പ്രശ്നത്തിൽക്കൂടുതൽ ശ്രദ്ധപതിപ്പിക്കേണ്ടതായി വന്നിട്ടുണ്ട്. പരമാണുവിനെ വിഘടനം ചെയ്തുനോക്കിയതിൽ, അതു അദൃശ്യമായ ഒരു ആലക്തകശക്തിവിശേഷമാണെന്നു തെളിഞ്ഞിരിക്കുന്നു. ഈ അദൃശ്യമണ്ഡലത്തിൽ, അവർ, മനുഷ്യമനസ്സിൻെറ ബീജാണുജീവനെ അന്വേഷിക്കുകയാണ്. പക്ഷെ അവരുടെ കരാംഗുലികൾ ആത്മാവിൻെറ ദിവ്യകവാടത്തിൽ ചെന്നുതടഞ്ഞേക്കാം.

അതുവരെ ഈ പ്രശ്നത്തിനു നാം ഓരോരുത്തരും സ്വയം ഉത്തരം കണ്ടുപിടിക്കേണ്ടിയിരിക്കുന്നു. അങ്ങനെ ഈ പ്രശ്നത്തോടു സമീപിക്കണമെങ്കിൽ, നമ്മുടെ മസ്തിഷ്കത്തെപ്പററി ചില സംഗതികൾ ആലോചിക്കുന്നതുകൊള്ളാം. നാമെല്ലാം "ഞാൻ" അല്ലങ്കിൽ "അഹം" എന്നു പറയുന്നതു് ഈ മസ്തിഷ്കത്തെ ഉദ്ദേശിച്ചാണൊ ? വാത്സല്യമസൃണമായ ഒരു നോക്ക് മസ്തിഷ്കത്തെ ആനന്ദിപ്പിക്കുകയൊ, കേട്ടുക്കൂടാത്ത ഒരു വാക്കു അതിനെ വേദനിപ്പിക്കുകയൊ ചെയ്യുമൊ ? അതിനു നിസ്വാൎത്ഥമായി മററൊരാളെ സ്നേഹിക്കുവാൻ സാധിക്കുമൊ ? മററൊരാൾക്കുവേണ്ടി, അഥവാ പ്രിയംകരമായ ഒരു ആദൎശസ്ഥാപനത്തിന്നായി അതിനു ആത്മത്യാഗം ചെയ്യുവാൻ സാധിക്കുമൊ ? അല്ലെങ്കിൽ അതു ഒരു പിയാനൊപോലെ ബാഹ്യപ്രേരകങ്ങളെ സ്വീകരിച്ചു് യഥാക്രമം പ്രതികരണം നിൎവ്വഹിക്കുന്ന വെറും ഒരു യന്ത്രവിശേഷമാണൊ ?

മസ്തിഷ്കം, നമ്മുടെ മററു അവയവങ്ങളെപ്പോലുള്ള ഒരു അവയവം മാത്രമാണെങ്കിൽ—അതു നമ്മുടെ വ്യക്തിത്വത്തെ പ്രതിനിധീകരിക്കുന്നില്ലെങ്കിൽ, നമ്മുടെ വ്യക്തിപ്രഭാവത്തിൻെറ ഇരിപ്പിടം ശരീരത്തിൻെറ ഒരവയവത്തിലല്ലെന്നു സിദ്ധിക്കുന്നു. അങ്ങനെയാണെങ്കിൽ ഈ "അഹം" എന്നു പറയുന്ന വസ്തു നമ്മുടെ ശരീരത്തെ അതിജീവിക്കുകയില്ലെ എന്നു സംശയിക്കുവാൻ ന്യായം കാണുന്നുണ്ടു്. ഇവിടെ രണ്ടു സംഗതികൾക്കൂടി ഓൎക്കുന്നതു കൊള്ളാം. ഒന്നാമതായി അനേകശതാബ്ദകാലത്തെ പരിണാമത്തിനുശേഷവും മനുഷ്യൻെറ ഈ വ്യക്തിപ്രഭാവത്തിനു ഒരു മാററവും വന്നിട്ടില്ല. രണ്ടാമതായി ചരിത്രത്തിൻെറ ബാല്യകാലംമുതൽ

ഇന്നോവരെ ഗണനീയന്മാരായ അനേകംപേർ മനുഷ്യാത്മാവിൻെറ അമത്ത്യതയിലും, സ്നേഹമൂത്തിയായ ഒരു പരാശക്തിയിലും വിശ്വസിച്ചിരുന്നു. ഈ രണ്ടുസംഗതികളും ഓമ്മിക്കുമ്പോൾ മനുഷ്യനും മക്കടനും തമ്മിൽ ഭേദം ഒന്നുമില്ലെന്നു പറയുന്നതിനെ വിശ്വസിക്കുവാൻ പ്രയാസം തോന്നുന്നു. ഒന്നുകിൽ ഈ ബ്രഹ്മാണ്ഡം ഒരു യാദൃച്ഛികസംഭവം മാത്രം —അല്ലെങ്കിൽ ക്രമീകൃതവും സുനിയന്ത്രിതവുമായ ഒരു സൃഷ്ടിഫലം; ഒന്നുകിൽ ജീവിതം ഒരു ശൂന്യമായസ്വപ്നം, അല്ലെങ്കിൽ വ്യവസിതമായ ഒരു ലക്ഷ്യത്തോട്ടക്കൂടിയതു്. ഈ അമത്ത്യത എന്ന ഗുണം ഈശ്വരദത്തമാണെന്നും, അതിനായി അഭിലഷിക്കുകയും, പ്രാത്ഥിക്കുകയും, പ്രയത്നിക്കുകയും ചെയ്യുന്നവക്കമാത്രമേ അതു കരഗതമാകയുള്ളുവെന്നും അനേകംപേർ വിശ്വസിക്കുന്നു. മനുഷ്യഹൃദയത്തിൽ നിഗൂഢമായിരിക്കുന്ന എന്തൊ ഒന്നു്, അവൻ ഒരിക്കലും, എന്നേക്കുമായി മരിക്കയില്ലെന്നും, കാലപരിപൂർണ്ണതയിൽ അവനു് ഈശ്വരസാക്ഷാൽക്കാരം ലഭിക്കുമെന്നും നിരന്തരമായി മന്ത്രിച്ചുകൊണ്ടിരിക്കുന്നു.

നാം എങ്ങോട്ടുനോക്കിയാലും ജീവിതത്തിൻെറ ആന്തരികത്വം (innerness)നമ്മെ അഭിമുഖീകരിക്കുതന്നായി കാണാം. കീററ്സ് (Keats) നോടൊപ്പം നാം ഏററുപറയുന്നു! "ഒരുമനുഷ്യൻെറ ജീവിതം അവിഛിന്നമായ ഒരു രൂപകവും, അതിൻെറ രഹസ്യം ചുരുക്കം ചില നയനങ്ങൾക്കുമാത്രം ഗോചരവുമാകുന്നു" എന്നു്. തൻെറ ജീവിതത്തിൻെറ വിളവെടുപ്പു് മുഷ്ടിമേയമല്ലാത്ത സന്ധ്യാരാഗം പോലെയാണെന്നും "അതു എൻെറ കൈക്കുമ്പിളിൽ വാങ്ങിയ കുറച്ചു് നക്ഷത്രപ്പൊടിയോ, എൻെറ കരവല്ലികൾ ആഞ്ഞുപിടിച്ച മഴ വില്ലിൻെറ ഒരു അററം മാത്രമോ" ആണെന്നും തോറൊ (Thoreau)പറഞ്ഞപ്പോൾ,അദ്ദേഹത്തിൻെറ വികാരങ്ങൾ എന്തൊക്കെ ആയിരുന്നുവെവന്നു നമുക്കും ഏതാണ്ടുമനസ്സിലാക്കാം.

"ഈ ജീണ്ണിച്ച മൃൽകഞ്ചുകം" അഴിച്ചുകളഞ്ഞാൽമാത്രം കാണാറാവുന്ന ഒരു തേജസ്സ് ഉണ്ടു് എന്നു ഷേയ്ക്കുസ്പീയരെപ്പോലെ നമുക്കും ചിലപ്പോൾ തോന്നാറുണ്ടു്.

> "To see the world in a grain of sand,
> And Heaven in a wild flower;
> Hold infinity in the palm of your hand,
> And eternity in an hour."

എന്നു ബ്ലേക്കു (William Blake) പാടുന്നതിൻെറ രഹസ്യം നമുക്കു അജ്ഞാതമല്ല. ഈ ലോകത്തിൽ കിടന്നു ദുരിതപ്പെടുന്നവരുടെ അന്ത്യ

ഭവിതവ്യതകളെപ്പററി

"Foiled by our fellowmen, depressed, outworn
We leave the brutal world to take its way,
And — patience! — in another life, we say
The world shall be thrust down, and we upborne"

എന്നിങ്ങനെ മാത്യ അർനോൾഡ് പ്രത്യാശിക്കുമ്പോൾ നമുക്കും ആ ചേതോവികാരത്തിൽ പങ്കുകൊള്ളാതിരിക്കാൻ തോന്നുന്നില്ല.

ബ്രൌണിങ്ങിൻെറ:—

"In man's soul arise
August anticipations, symbols, types
Of a dim spendour ever on before
In that eternal circle life pursues"

എന്ന വരികളിൽ വ്യഞ്ജിപ്പിച്ചിരിക്കുന്ന പ്രിയദർശനമായ ആ കാഴ്ച ചില അപൂർവ്വസന്ദർഭങ്ങളിൽ എല്ലാവർക്കും തന്നെ ലഭിക്കാറുണ്ട്.

നിശ്ചയമായും അത്ഭുതാവഹമായ ഒരു ആശയമാണ് മരണമില്ലായ്മ എന്നതു്. പ്രകൃതിതന്നെ ഈ മഹത്തായ ആശയത്തെ ധ്വനിപ്പിക്കുന്ന ഒരു ഉപമാലങ്കാരമാകുന്നു. പ്രകൃതിയിൽ എവിടെ നോക്കിയാലും മരണകുടീരത്തിൽനിന്നും ജീവൻ മുളച്ചു പൊന്തുന്നതുകാണാം. മനുഷ്യൻെറ വ്യക്തിചൈതന്യം — ജീവിതത്തിലെ ഏററവും മഹത്തായ നേട്ടം — മനുഷ്യപരിണാമത്തിൻെറ തുംഗാധിത്യക—അതു നശ്വരമാണെന്നു എങ്ങനെ വിചാരിക്കും ?

അങ്ങനെ നാം വാസ്തവത്തിൽ അമർത്ത്യരാണെങ്കിൽ എത്ര മോഹനമായ, ദുരൂഹമായ ഒരു ഭാവിചക്രവാളമാണ് നമ്മുടെ അന്തർനേത്രങ്ങൾക്കു വിഷയീഭവിക്കുന്നതു് ! നമ്മുടെ അന്തമില്ലാത്ത ആഗ്രഹങ്ങൾക്കും, ചിന്തകൾക്കും, കാംക്ഷിതങ്ങൾക്കും തടസ്ഥമായി നിൽക്കുന്ന ഈ മൃൽപഞ്ജരത്തെ തകർത്തുകൊണ്ടു് നമ്മുടെ ആത്മപതംഗം അതിൻെറ തങ്കചിറകുകളെ വിരുത്തുമ്പോൾ—ഹാ ! അപ്പോളുണ്ടാവുന്ന ഒരു ആനന്ദമെ !

# വിശുദ്ധരശ്മി

(ചങ്ങമ്പുഴ, Cl. I.)

മഞ്ജരിതമായ് തീൎന്ന, മന്മനോ-
കുഞ്ജകത്തി നതിഥിയായ്,

ഏതു ഗന്ധൎവ്വ ഭൂവിൽ നിന്നേവ-
മേകയായ് പറന്നെത്തി, നീ ?

ഗാനലോലുപേ, നിൻ മനോഹര-
പ്രാണഹർഷദാലാപനം,

ഇത്ര നാളും നുകൎന്നിരുന്നതേ-
തൎച്ചനീയ വൃന്ദാവനം ?

ഭഗ്നമോഹ ശതങ്ങളാൽ ദുഃഖ-
മഗ്നമായ മൽ ജീവിതം,

മംഗളോന്മാദ മാധുരികളിൽ
മുങ്ങി നില്ക്കുമാറങ്ങിനെ,

അപ്രതീക്ഷിതേ, വന്നണഞ്ഞിതൊ-
രപ്സരസ്സിനെപ്പോലെ, നീ !!...

2

മഞ്ഞിൽ മുങ്ങിക്കുളിച്ച, ഹേമന്ത-
മഞ്ജുചന്ദ്രിക മാതിരി

ഹന്ത, മന്മനം ഞാനറിഞ്ഞിടാ-
തെന്തിനേവം കവൎന്നു, നീ ?

നിൎമ്മലേ, മമ ജീവ, നെന്തിനു
നിൎവ്വൃതിയിൽ പൊതിഞ്ഞു, നീ ?

വിണ്ണിൽ നീളെച്ചരിക്കയാ, ണൊരു
പൊൻ മുകിൽത്തേരിലേറി, ഞാൻ;

മന്ദിയാതെ, നിനക്കൊരോമന-
ച്ചന്ദനത്തണൽ തേടുവാൻ !

ലോല താരകപ്പൂക്കളാ, ലൊരു
മാല കെട്ടുകയാണു, ഞാൻ;

വാടിടാതെന്നും, ഹാ, നിനക്കു നിൻ
വാർകുഴൽക്കെട്ടിൽ ചൂടുവാൻ !

മാരിവില്ലുകൾ പൂക്കു, മാ നീല-
മാമരത്തളിർച്ചില്ലയിൽ,

ചേണെഴ മൂഞ്ഞാൽ തീർക്കയാ,ണൊരു
വേണുസംഗീതം കൊണ്ടു ഞാൻ

ഫുല്ലയൗവനേ, ഹാ, നിനക്കെന്നു-
മുല്ലസിച്ചിരുന്നാടുവാൻ !

പ്രാണ സുസ്മിതം കൊ,ണ്ടൊരു കൊച്ചു
വീണ നിർമ്മിക്കയാണു, ഞാൻ;

ഭാവുകാസ്പദേ, ഹാ, നിനക്കെന്നു-
മാവിലേതരം പാടുവൻ ! —

മാമകോദ്യമം പാഴിലായ് പോയാ-
ലോമനേ, നീ പൊറുക്കണേ !

എന്നെന്നേയ്ക്കുമാ, യാ നിമേഷത്തിൽ
തന്നെ, യെന്നെ മറക്കണേ ! ...

3

തണ്ടലഞ്ഞു തഴകിടാം തമ്മിൽ
രണ്ടു ജീവിതച്ചെണ്ടുകൾ;

കമ്മബന്ധത്തിൻ കാററി, ലീ ലോക-
സുന്ദരാരാമവീഥിയിൽ !

ആത്മരാഗ പരാഗ സൗരഭം
വാർത്തു വാർ, ത്തവ നിൽക്കവെ,

മത്ത്യനീതി തൻ കാളമേഘ മൊ-
ന്നെത്തിടു, മിടി വെട്ടുമായ്;

ഞെട്ടി മാറി, ഞൊടിക്കുക, ത്തവ
ഞെട്ടടർന്നടിഞ്ഞീടുവാൻ ! ...

എന്തതിൽ നിന്നു നേടിടുന്നു നീ
നിന്ദ്യ നിഷ്ഠുര ലോകമേ ?

നീതിതൻ ക്രൂരവഞ്ചവുമായി
നീ, യടുക്കാതിരിക്കിലോ,

ചേലെഴും സൽഫലങ്ങളാ,യവ
നാളെ നിൻ മുന്നിൽ നിന്നിടാം;

സ്വാന്തജമാം നിൻ തപ്തതൃഷ്ണയ്ക്കു
സാന്ത്വന ത്തേൻ പകരുവാൻ!!...

4

അല്ലാ, തങ്കം പുരണ്ട താരുണ്യ-
മ,ല്ലതിൻ മായികാ ഭയാൽ,

കാണിപോലും, കവർന്നെടുത്തതെൻ
മാനസ, മേവ, മോമലേ !

മങ്ങിപ്പോം ബാഹ്യമോടിയിൽ, കണ്ണു
മഞ്ഞളിക്കുവോനല്ല, ഞാൻ !

നിൻ മുഖത്തു, ഞാൻ കാൺമതു, ണ്ടൊരു
നിർമ്മലാത്മ പ്രഭാങ്കുരം:

മോദദാവാച്യമാ, മതിൻ, മതി-
മോഹനോജ്ജ്വല രശ്മികൾ,

ഒന്നിനൊന്നായണഞ്ഞു, മന്മന-
സ്പന്ദനം തോറും, മിങ്ങനെ,

അർപ്പണം ചെയ്കയാണു, നേരിയോ-
രത്ഭുതാവ ഹാമന്ത്രണം:--

"മുക്തിയാണവൾ ശുദ്ധിയാണവൾ !
മുഗ്ദ്ധ സംഗീതമാണവൾ !!..."

5

അന്ധകാരത്തിൽ നിന്നുയരുന്നി-
തന്തിവാനി ലരുന്ധതി:

ഉത്തമ പ്രണയോജ്വലാദർശ
രത്നതല്ലജ മ്മാതിരി !--

രാഗ സൗരഭ സാന്ദ്രമാം, മഹാ
ത്യാഗ കോരകം മാതിരി!--

സ്വർഗ്ഗ ദിവ്യ വിശുദ്ധിതൻ, ലസൽ
സ്വപ്ന ബുൽബുദം മാതിരി !---

ഒന്നതിൻ നേരേ നോക്കുമ്പോഴേയ്ക്കും
കൺമണി, നിന്നെ യോർപ്പു ഞാൻ ! ...

6

താവക ധ്യാനശുദ്ധിയാൽ പോലും
ദേവനാവുകയായി ഞാൻ !

മൃത്യുസാമ്രാജ്യ സീമയെപ്പോലും
ധിക്കരിച്ചിപ്രഭാങ്കുരം

നിന്നെയും ചിരഞ്ജീവിയാക്കാവൂ
വെൺ മയൂഖ മതല്ലികേ ! ...

## പുഷ്പകയാത്രയും മേഘസന്ദേശവും.

(എ. ഹരിഹരൻ.)

രഘുവംശമഹാകാവ്യത്തിലെ രാമായണകഥാസംഗ്രഹം കാളിദാസരുടെകൃതികളിൽ കാവ്യഗുണമേറിയ ഭാഗങ്ങളിലൊന്നാണെന്നുള്ളതു് നിസ്തക്കം സ്ഥാപിക്കാവുന്നതാണു്. എന്നാൽ രാവണവധം കഴിഞ്ഞു് സീതാദേവിയോടും വിഭീഷണാദികളോടുംകൂടി പുഷ്പകവിമാനത്തിൽ അയോദ്ധ്യയിലേയ്ക്കുള്ള രാമൻെറ ആകാശയാത്രയുടെ വൎണ്ണനമാണു് ഏററവും മനോഹരമായ കാവ്യഭാഗം. ദാരുണമായ വിയോഗവ്യഥയാൽ നിരാശയും, ഐഹികസുഖങ്ങളിൽ വിമുഖയുമായ സീതാദേവിയെ പ്രേമസംപൂൎണ്ണമായ മധുരസംഭാഷണംകൊണ്ടു ശ്രീരാമൻ ആശ്വസിപ്പിക്കുന്നതും നവചൈതന്യത്തെ അവളിൽ അങ്കുരിപ്പിക്കുന്നതുമാണു് പ്രസ്തുതസൎഗ്ഗത്തിൻെറ ഉദ്ദേശം. വിമാനസ്ഥനായ ശ്രീരാമചന്ദ്രൻ അതിദൂരത്തിൽ നിന്നു പ്രകൃതിവിലാസങ്ങളെ പ്രേയസിക്കു് ചൂണ്ടിക്കാണിച്ചുകൊടുക്കുന്നു. വിശാലവും അനന്തവുമായ സാഗരം, അതിരമണീയങ്ങളായ പൎവ്വത

സാനുക്കൾ സ്വച്ഛസലിലസംപൂൎണ്ണങ്ങളായ സരസ്സുകൾ, ഫലപുഷ്പസമൃദ്ധങ്ങളായ കാനനതരുക്കൾ, പരിപൂതങ്ങളായ പൎണ്ണശാലകൾ എന്നീ നാനാരൂപങ്ങളായ പ്രകൃതിയുടെ സൌന്ദൎയ്യങ്ങളെക്കണ്ടു സീതാദേവി നിസ്സീമമായ ആനന്ദത്തെ അടയുന്നു.

ഭാരതമാതാവിന്റെ ഇപ്രകാരമുള്ള സൌകുമാൎയ്യത്തെത്തന്നെയാണു് കവിവരൻ മേഘസന്ദേശത്തിലും വൎണ്ണിച്ചിരിക്കുന്നതു്. ഈ പ്രകൃതിവിലാസങ്ങൾ തന്നെയാണു് ചേതോഹാരിയായ രാമഗിര്യാശ്രമത്തിലുഴലുന്ന ശാപഗ്രസ്തനും, കാന്താവിരഹദുഃഖിതനുമായ യക്ഷനെ ഉന്മത്തനാക്കുന്നതും, അത്യഗാധമായ ശോകാൎണ്ണവത്തിൽ താഴ്ത്തുന്നതും

പ്രസിദ്ധ പാശ്ചാത്യചിന്തകനായ എച്ച്. ജി. വെൽസ് തന്റെ ആദ്യത്തെ വിമാനയാത്രയിലുണ്ടായ അനുഭവങ്ങളെ രേഖപ്പെടുത്തുന്ന അവസരത്തിൽ ഇപ്രകാരം പറയുന്നു:—"Hitherto my only flights have been flights of imagination, but this morning I flew." അതെ —പത്തുപതിനെട്ടു ശതവൎഷങ്ങൾക്കുമുമ്പു് കാളിദാസരും ഭാവനാശക്തിയെ ആശ്രയിച്ചു് ആകാശത്തിൽക്കൂടി ഒന്നു പറന്നു. ആ സഞ്ചാരത്തിൽ ദൃശ്യമായ രമണീയങ്ങളായ പ്രകൃതിഭാവങ്ങളെ കവിശ്രേഷ്ഠൻ സ്വായത്തമായ വാഗ്വിലാസത്താൽ ചിത്രണം ചെയ്തിരിക്കുന്നു. മേഘസന്ദേശം ഉത്തരേന്ത്യയുടെ ഒരു വിഹഗവീക്ഷണവും കൂടിയാണു്.

ഈ നൂതനകാവ്യപദ്ധതി കൈക്കൊള്ളുവാൻ കാളിദാസരെ പ്രേരിപ്പിച്ചതെന്തായിരിക്കും ? രാമായണത്തിലുള്ള വിമാനയാത്രാവൎണ്ണനം സംഗ്രഹിച്ചുതീൎന്നപ്പോൾ കേവലം വിയന്മാൎഗ്ഗാശ്രിതയായ ഒരു കാവ്യരചനയാൽ പ്രകൃതിമാതാവിന്റെ പാദാരവിന്ദങ്ങളിൽ ഒരു പുഷ്പാഞ്ജലി ചെയ്യണമെന്നു ആ അനുഗൃഹീത സന്താനത്തിനു തോന്നിയിരിക്കണം. മല്ലിനാഥസംജീവിനിമാത്രം ഏദിസ്ഥമാക്കി കാളിദാസകൃതികളെ ആസ്വദിക്കുന്ന ചില യാഥാസ്ഥിതികന്മാർ പറയുമായിരിക്കാം, "മേഘസന്ദേശനിൎമ്മണത്തിനുശേഷമാണു് രഘുവംശം രചിച്ചതെന്നു വന്നുകൂടേ" എന്നു്. ആ പണ്ഡിതന്മാരുടെ അഭിപ്രായത്തെ അപമാനിക്കണമെന്നില്ല. എന്നാലും കാളിദാസകവിത പൌഢൂല്യം പ്രാപിക്കുന്നതു മേഘസന്ദേശത്തിലാണെന്നു ആ കവിയുടെ കൃതികളെ സശ്രദ്ധം വായിക്കുന്ന ഏതു സഹൃദയനും നിഷ്പ്രയാസം ധരിക്കാം. പ്രായേണ കലാവൈദഗ്ദ്ധ്യം തെളിഞ്ഞു കാണുന്നതു അനന്തരകൃതികളിലാണെന്നുള്ളതു് അനുഭവസിദ്ധമാണു്. രഘുവംശത്തിലെ ആകാശഗമനവൎണ്ണനം രാമായണത്തിൽനിന്നും പാടെ എടുത്തു തന്റെ തൂലികാഗ്രംകൊണ്ടവിടവിടെ രമ്യങ്ങളായ ചില രേഖകൾ ചേൎത്തതാണു്. മേഘസന്ദേശമാവട്ടെ, ഹനുമൽസന്ദേശത്തിന്റെ ഛായമാത്രം ഗ്രഹിച്ചു, തന്റെ സകല

ഭാവനാശക്തികളേയും വിനിയോഗിച്ചു നൂതനമായ കാവ്യപദ്ധതിയിൽ രചിക്കപ്പെട്ട ഒരു സ്വതന്ത്രകൃതിയാണ്. സ്വതന്ത്രകൃതിയിലോ സംഗ്രഹകൃതിയിലോ ഉത്തേജകാപേക്ഷ്യത്തിൻെറ ആധിക്യം ആരോപിക്കേണ്ടതെന്നു സ്വതന്ത്രബുദ്ധികൾ ഗാഢമായി ആലോചിച്ചു നിശ്ചയിക്കേണ്ടതാകുന്നു.

ഇനി പുഷ്പകയാത്രാവർണ്ണനമാണ് മേഘസന്ദേശത്തിനുള്ള ഉത്തേജകമെന്നു സ്ഥാപിക്കുവാനുള്ള ലക്ഷ്യങ്ങളെ ആരായുകതന്നെ ചെയ്യാം.

പുഷ്പകവിമാനത്തിൽ കൂടിയുള്ള യാത്ര ലങ്കാപുരിയിൽനിന്നും തുടങ്ങി അയോദ്ധ്യാനഗരപരിസരങ്ങളിൽ അവസാനിക്കുന്നു. ഭ്രാതാവിനാൽ പരാജിതനാക്കപ്പെട്ട വൈശ്രവണൻ ലങ്കയിൽനിന്നു പലായനം ചെയ്തു ഹിമവത്സാനുക്കളിൽ വാസമുറപ്പിച്ചു എന്നു പുരാണങ്ങളിൽ കാണുന്നു. കവിവരൻ സംകല്പശക്തികൊണ്ടു സ്വർഗ്ഗതുല്യമായ അളകാനഗരിയെ നിർമ്മിക്കുന്നു; അവിടെ രാജരാജൻ സസുഖം വാഴുന്നു. ഗർവ്വിഷ്ഠനും, കാമാന്ധനുമായ രാവണൻെറ ഉന്മൂലനാശത്തിനേയും, സദ്വൃത്തനും, സൌമ്യനുമായ കുബേരൻെറ ഐശ്വര്യപ്രാപ്തിയേയും കവി താരതമ്യേന നിരൂപിക്കുന്നു. ഈ നിരൂപണത്തിനുള്ള യാത്ര വിയന്മാർഗ്ഗത്തിലൂടെയാണെങ്കിൽ പുഷ്പകയാത്രയുടെ 'രസച്ചരട്' അററുപോകാതിരിക്കും. തൻെറ ശ്രോതാക്കളെ മുഷിപ്പിക്കാതെ യാത്രതുടരുവാൻ പ്രേരിപ്പിക്കുവാനാണ് കവി വാഹനമൊന്നു മാററിയതു്. വാസനാനുഗൃഹീതനായ കവിപുംഗവൻ മേഘത്തെയാണ് കണ്ടുമുട്ടിയതു്. ആഷാഢമേഘത്തിൻെറ ഭാഗ്യാതിരേകം ! ആ കവിയുമായുള്ള സംപർക്കം മേഘത്തിൻെറ മഹിമയെ ശതഗുണീഭവിപ്പിച്ചിരിക്കുന്നു !!

ദയിതാജീവിതാലംബനാർത്ഥിയായ യക്ഷൻ കാന്താസമീപത്തേയ്ക്കു സന്ദേശഹരൻെറ നിലയിലയയ്ക്കുന്ന മേഘത്തിനും, പതിന്നാലു വർഷങ്ങൾക്കുശേഷം, വനവാസകാലം കഴിഞ്ഞു് ഒരു വിനാഴിക താമസിച്ചാൽ അഗ്നിപ്രവേശം ചെയ്യുമെന്നു ശപഥംചെയ്ത ഭരതൻെറ അന്തികത്തിലേയ്ക്കു ഭ്രാതൃവത്സലനായ ശ്രീരാമചന്ദ്രനെ ദ്രുതഗതിയായി നയിക്കുന്ന വിമാനത്തിനും സാദൃശ്യങ്ങൾ ധാരാളമുണ്ടു്.

ഭൂയസ്തതോ രഘുപതിർവ്വിലസത്പതാക-
മദ്ധ്യാസ്ത കാമഗതി സാവരജോ വിമാനം |
ദോഷാതനം ബുധബൃഹസ്പതിയോഗദൃശ്യ-
സ്താരാതിപസ്തരല വിദ്യുദിവാഭ്രവൃന്ദം

എന്നു രഘുവംശപദ്യം ഈ തത്ത്വത്തെ സുസ്പഷ്ടമായി ഉദാഹരിക്കുന്നുണ്ടു്. പുഷ്പകവിമാനത്തിനു അതിൽ വസിക്കുന്ന ദേവതയുടെ പ്രഭാവം

കൊണ്ടു ആസനസ്ഥരായവരുടെ ഇംഗിതമനുസരിച്ചു പറക്കുവാൻ സാധിക്കും. പൂർവ്വമേഘത്തിൽ കവി മേഘത്തെ "പ്രകൃതി പുരുഷം കാമരൂപം മഘോനഃ" എന്നു വർണ്ണിക്കുന്നുമുണ്ടു്.

വേറൊരുദാഹരണം

അമൂർവിമാനാന്തരലംബിനീനാം
ശ്രുത്വാസ്വനം കാഞ്ചനകിങ്കിണീനാം ॥
പ്രത്യുദ്വ്രജന്തീവ ഖമുത്പതന്ത്യോ—
ഗോദാവരീസാരസ പംക്തയസ്ത്വാം ॥

സീതാദേവി ഗോദാവരീതീരത്തിൽ വല്ലഭനോടുകൂടി താമസിച്ചിരുന്ന കാലത്തിൽ അരുമയോടെ താലോലിച്ചിരുന്ന സാരസപക്ഷികൾ പുഷ്പകവിമാനത്തിലുള്ള കാഞ്ചനകിങ്കിണികളുടെ മധുരക്വണിതങ്ങൾ കേട്ടു അവളെ എതിരേൽക്കുവാനെന്നപോലെ മേല്പോട്ടുയരുന്നു. എന്നാൽ ആ സൽക്കാരത്തെ സ്വീകരിക്കുവാൻ അവൾക്കവിടെ താമസിച്ചുകൂടാ. കാരണം—ഭരതനയോദ്ധ്യയിൽ കത്തിജ്വലിക്കുന്ന ചിതയുടെമുമ്പിൽ നിമിഷങ്ങൾ എണ്ണിക്കൊണ്ടു ജ്യേഷ്ഠനെ കാത്തുകൊണ്ടിരിയ്ക്കുന്നു.

ശുക്ലാപാംഗൈഃ സജലനയനൈഃ സ്വാഗതീകൃത്യ കേകാഃ
പ്രത്യുദ്യാതഃ കഥമിവ ഭവാൻ ഗന്തുമാശു വ്യവസ്യേത് ॥

നിദാഘാന്തത്തിൽ പൊങ്ങിവരുന്ന മന്ദ്രധ്വനിയോടുകൂടിയ ആഷാഢമേഘത്തെ ചിരസന്ദർശനത്താൽ ആനന്ദഭരിതരായ മയൂരങ്ങൾ അശ്രുകണങ്ങളോടുകൂടിയ നേത്രങ്ങളാൽ ക്ഷണിക്കുന്നു. ഇവരെ അവഗണിച്ചു നീ എങ്ങനെ വേഗം യാത്ര തുടങ്ങുമെന്നു യക്ഷൻ വ്യാകുലനായി തന്റെ സഖാവിനോടു ചോദിക്കുന്നു. എങ്ങനെയെങ്കിലും ഉടനടി അവരോടു യാത്ര പറയണമെന്നാണു വിരഹിയായ യക്ഷന്റെ ആന്തരമായ അഭിപ്രായം. കാരണം നിത്യാഹ്ലാദമനുഭവിക്കുന്ന അളകാ നഗരവാസികൾക്കിടയിൽ പ്രഥമ വിരഹദുഃഖാർത്തയായ യക്ഷിണി പുഷ്പദങ്ങളാൽ ശേഷമുള്ള വിരഹമാസങ്ങളെ എണ്ണിക്കൊണ്ടിരിക്കുന്നു. അവളെ കഴിയുന്നതും വേഗം ആശ്വസിപ്പിക്കണം.

രഘുവംശം പതിമൂന്നാം സർഗ്ഗത്തിൽ സൂചിപ്പിച്ചിട്ടുള്ള പല ആശയങ്ങളേയും അനന്തരം കവി മേഘസന്ദേശത്തിൽ വിസ്തരിച്ചു എന്നാൽ സ്വാരസ്യം കളയാതെ പ്രതിപാദിച്ചിട്ടുണ്ടു്. ചില ഉദാഹരണങ്ങൾ താഴെ ചേർക്കാം:—

കരേണ വാതായനലംബിതേന
സ്പൃഷ്ടസ്ത്വയാ ചണ്ഡികതുഹലിന്യാ |

ആമുഞ്ചതീവാഭരണം ദ്വിതീയം
ഉദ്ഭിന്ന വിദ്യുദ്വലയോ ഘനസ്തേ ॥

ശരദഭ്രവൃന്ദങ്ങളെ തൊടുവാനുള്ള കൌതുഹലം നിമിത്തം സീതാദേവി തന്റെ പാണിപല്ലവത്തെ വിമാനത്തിന്റെ വാതായനത്തിൽ കൂടി പുറത്തേയ്ക്കു നീട്ടിയസമയത്തു വൃത്താകാരത്തിലുള്ള ഒരു വൈദ്യുതരേഖ ആ കരകമലത്തെ അണിയിക്കുന്നു. ശ്രീരാമൻ ഉററുനോക്കിക്കൊണ്ടിരുന്ന ആ ചഞ്ചലവിദ്യുത്തിനെ സീത ഒരു ലലനയായി സംകല്പിച്ചു മുഖമൊന്നുകറുപ്പിക്കുന്നു. അരുണഗിരിനാഥൻ ഇപ്രകാരം 'ചണ്ഡി' എന്ന സംബോധനയുടെ ഔചിത്യത്തെ സരസമായി വ്യാഖ്യാനിക്കുന്നുണ്ട്. എന്നാൽ മിന്നലിനെ കൃശാംഗിയായ ഒരു തരുണിയായി സംകല്പിക്കാമെന്ന് ഉത്തരമേഘത്തിലെ "വിദ്യുത്വന്തം ലലിതാവനിതാഃ" എന്ന പദത്തിൽ നിന്ന് സുവ്യക്തമാകുന്നു. പോരെങ്കിൽ സന്ദേശത്തിലുള്ള,

ശ്യാമാസ്വംഗം ചകിതഹരിണീപ്രേക്ഷണേ ദൃഷ്ടിപാതം
വക്ത്രച്ഛായാ ശശിനി ശിഖീനാം ബർഹഭാരേഷുകേശാൻ |
ഉത്പശ്യാമി പ്രതനുഷു നദീവീചിഷു ഭ്രൂവിലാസൻ
ഹന്തൈകസ്ഥം ക്വചിദപിനതേ ചണ്ഡിസ്യാദൃശ്യമസ്തി ॥

എന്ന ശ്ലോകവും ഈ ആശയത്തെത്തന്നെ വേറൊരു വിധത്തിൽ വ്യാഖ്യാനിക്കുന്നു. ഉന്മത്തനായ യക്ഷൻ ഒരിടത്തും തന്റെ പ്രിയതമയുടെ രൂപസാദൃശ്യം കാണുന്നില്ല. ഹന്ത അപരസ്ത്രീദർശനത്താൽ യക്ഷിണിയുടെ ദ്വേഷ്യംമാത്രം ലാഭം !

ആകാശസഞ്ചാരികൾക്കു ഭൂതലത്തിലുള്ള വസ്തുക്കൾ വളരെ കൃശ്യങ്ങളായിത്തോന്നുമല്ലൊ. ഈ അനുഭവത്തെ കവി രഘുവംശത്തിൽ മനോഹരമായി വർണ്ണിച്ചിട്ടുണ്ട്:—

ഏഷാ പ്രസന്നസ്തിമിത പ്രവാഹാ
സരിദ്വിദൂരാന്തര ഭാവതന്വീ |
മന്ദാകിനീ ഭാതി നഗോപകണ്ഠേ
മുക്താവലീ കണ്ഠഗതേവ ഭൂമേഃ ॥

വിമാനസ്ഥനായ ശ്രീരാമനും ഭൂലോക ഗംഗയ്ക്കും നടുവിലുള്ള നെടുതായ ദൂരം കാരണം സ്ഫടികജലസംപൂർണ്ണമായ ആ നദി ഭൂമിയുടെ കണ്ഠത്തിൽ ഒരു മുത്തുമാല എന്നപോലെ പരിലസിക്കുന്നു. ഈ ആശയത്തെത്തന്നെ കവി മേഘസന്ദേശത്തിൽ കുറെക്കൂടി ഹൃദയംഗമമായി പ്രകാശിപ്പിച്ചിരിക്കുന്നു.

ത്വയ്യാദാതും ജലമവനതേ ശാർങ്ഗിണോ വർണ്ണചോരേ
തസ്യാഃ സിന്ധോഃ പൃഥുമപി തനും ദൂരഭാവാത് പ്രവാഹം |

പ്രേക്ഷിഷ്യന്തേ ഗഗനഗതയോ നൂനമാവർജ്ജ്യ ദൃഷ്ടീ-
രേകം മുക്താഗുണമിവ ഭുവഃ സ്ഥൂലമദ്ധ്യേന്ദ്രനീലം ||

യക്ഷൻ അചേതനമായ മേഘത്തെ സന്ദേശഹരനായി വരിക്കുവാനുള്ള കാരണം വിശദീകരിക്കുന്ന,

'കാമാത്താ ഹി പ്രണയകൃപണാശ്ചേതനാചേതനേഷു'

എന്ന അത്ഥാന്തരന്യാസവും രഘുവംശത്തിൽനിന്ന് പ്രതിബിംബിച്ചതാണ്. തൻെറ കാന്തയിൽനിന്നു വേർപിരിഞ്ഞു കഴിച്ചുകൂട്ടിയ വഷകാലത്തിലെ അതിദീഘങ്ങളായ ദിവസങ്ങളിൽ താനനുഭവിച്ച തീവ്രവ്യഥകളും, ഉന്മാദാവസ്ഥയിൽ ചെയ്തിട്ടുള്ള പരിഹാസ്യചേഷ്ടിതങ്ങളും രാമൻ സീതാദേവിയെ അറിയിക്കുന്ന അവസരത്തിൽ ഇപ്രകാരം പറയുന്നു:—

ഇമാം തടാശോകലതാം ച തന്വീം
സ്തനാഭിരാമസ്തബകാഭിനമ്രാം |
ത്വത്പ്രാപ്തിബുദ്ധ്യാ പരിരബ്ധുകാമഃ
സൌമിത്രിണാ സാശ്രുരഹം നിഷിദ്ധഃ ||

"മേഘാലോകേ ഭവതി സുഖിനോപ്യന്യഥാവൃത്തി ചേതഃ
കണ്ഠാശ്ലേഷപ്രണയിനി ജനേ കിം പുനർദ്ദൂരസംസ്ഥേ"

സവ്വജീവജാലങ്ങളേയും ബാധിക്കുന്ന ഈ അവസ്ഥാന്തരവും രാമൻ മാല്യവാനിൽ കഴിച്ചുകൂട്ടിയ വഷകാലത്തിൻെറ വണ്ണനത്തിലടങ്ങിയിരിക്കുന്നു.

രഘുവംശം പതിമൂന്നാം സഗ്ഗത്തിൽ രാമനും സീതയുമായുള്ള സംഭാഷണം വിരഹവ്യഥയെ തീരെ അകററുവാനും, രാമനു അവളിലുള്ള സ്നേഹത്തെ ദൃഢീകരിക്കുവാനും, പിന്നീട് അയോദ്ധ്യയിലുള്ള രാജവിഭവങ്ങളേയും നാഗരികജീവിതത്തേയും അവളെ അനുഭവിപ്പാൻ പ്രേരിപ്പിക്കുവാനുമാണെന്നു മുമ്പ് പ്രസ്താവിച്ചുവല്ലോ. വാസ്തവത്തിൽ ഈ സംഭാഷണം, രാമൻ തൻെറ പ്രിയതമയ്ക്കു അയയ്ക്കുണമെന്നുദ്ദേശിച്ചിരുന്ന സന്ദേശത്തിൻെറ രത്നച്ചുരുക്കം മാത്രമാകുന്നു. എന്നാൽ പന്ത്രണ്ടാം സഗ്ഗത്തിൽ അഭിജ്ഞാനരത്നവും കൊടുത്തയയ്ക്കുന്ന മാരുതിയെത്തന്നെ സന്ദേശഹരനാക്കിക്കൂടെ എന്നു ചോദിക്കുമായിരിക്കാം. രാജ്യശ്രീയെ യാതൊരു ചാപല്യവും കൂടാതെ ത്യജിച്ച ഒരു ക്ഷത്രിയവീരൻ തൻെറ കാന്തയിൽനിന്നുണ്ടായ ആകസ്മികമായ വിരഹത്തിൽ ധാരധാരയായി അശ്രുക്കൾ പൊഴിച്ചുവെന്നോ, ഉന്മത്തനായി ചേതനാചേതനവ്യത്യാസംകൂടാതെ വൃക്ഷങ്ങളോടും, മൃഗങ്ങളോടും, വല്ലികളോടും, 'സീതയെക്കണ്ടുവോ ?' എന്നു ചോദിച്ചുവെന്നോ മറെറാരുവ്യക്തി

പറയുന്നതുതന്നെ തൻെറ നായകനഭിമാനക്ഷയമായേക്കുമെന്നു രസികാഗ്രേസരനായ കവി മനസ്സിലാക്കിയതുകൊണ്ടാണ് അപ്രകാരം ചെയ്യാത്തതു്. പ്രസ്തുതവിഷയം അവർതമ്മിൽ—ഭാര്യാഭർത്താക്കന്മാർതമ്മിൽ ഗൂഢമായിരുന്നു സംസാരിച്ചു രസിക്കേണ്ടതാണ്. ആ സമയത്താവട്ടെ യക്ഷനയയ്ക്കുന്ന സരളസന്ദേശത്തിൽ,

മാമാകാശപ്രണിഹിതഭുജം നിർദയാശ്ലേഷഹേതോ-
ർല്ലബ്ധായാസ്തേ കഥമപി മയാ സ്വപ്നസംദർശനേഷു |
പശ്യന്തീനാം ന ഖലു ബഹുശോ ന സ്ഥലീദേവതാനാം
മുക്താസ്ഥൂലാസ്തരുകിസലയേഷ്വശ്രുലേശാഃ പതന്തി ||

എന്നു വിവരിക്കുന്ന വിവശതയെ, രാമനും മറച്ചുവെക്കാതെ,

ത്വം രക്ഷസാ ഭീരു യതോപനീതാ
തം മാർഗ്ഗമേതാഃ കൃപയാ ലതാ മേ |
അദർശയൻ വക്തുമശക്നുവത്യഃ
ശാഖാഭിരാവർജിതപല്ലവാഭിഃ.

എന്നു പ്രിയതമയെ ബോധിപ്പിക്കുന്നു.

"ത്വാമപ്യസ്രം നവജലമയം മോചയിഷ്യത്യവശ്യം
പ്രായഃ സർവ്വോ ഭവതി കരുണാവൃത്തിരാർദ്രാന്തരാത്മാ"

യക്ഷിണിയുടെ ശോചനീയമായ സ്ഥിതിയെക്കണ്ടാൽ മേഘം തീർച്ചയായും അശ്രുക്കൾ പൊഴിക്കുമെന്നു യക്ഷൻ പറയുന്നു. ഇതുതന്നെയാണ് രാമനും പറയുന്നതു്—പക്ഷെ അതു് തൻെറ വിവശത കണ്ടിട്ടാണ്—

നവം പയോ യത്ര ഘനൈർമയാ ച
ത്വദ്വിപ്രയോഗാശ്രുസമം വിസൃഷ്ടം |

രാമൻ തൻെറ പ്രിയതമയോടു ഇപ്രകാരം വിരഹകാലത്തിലുണ്ടായ അനുഭവങ്ങളെ പ്രേമപൂർവ്വം പറയുന്നതായി വർണ്ണിച്ചു കഴിഞ്ഞശേഷം, ഒരു സന്ദേശകാവ്യംതന്നെ നിർമ്മിക്കണമെന്നു കവിക്കു തോന്നിയിരിക്കണം.

യക്ഷനെപ്പററി നമുക്കു യാതൊരറിവുമില്ല. സ്വാമിശാപത്താൽ ഒരു കൊല്ലക്കാലം നിഷ്കാസിതനായി രാമഗിര്യാശ്രമത്തിൽ ഏകാകിയായി വസിക്കുന്ന ഒരു വ്യക്തി മാത്രമാണയാൾ. എന്നാൽ ഒന്നു നമുക്കറിയാം. അളകാപുരിയിലെ മററു സകലനിവാസികളേയുംപോലെ ഈ യക്ഷനും സകല വിഭവങ്ങളോടും ആഡംബരത്തോടുംകൂടി തൻെറ പ്രാണപ്രേയസിയുടെകൂടെ ദിനങ്ങളെ നിമിഷങ്ങളെന്നപോലെ കഴിച്ചുകൊണ്ടിരുന്ന ഒരാളാണ്. ഈ വ്യക്തിയുടെ സന്ദേശം വേറൊരാൾ വഹിക്കുന്നതിൽ യാതൊരനൌചിത്യവുമില്ല. അതുകൊണ്ടുതന്നെയാണ്

കവി വിമാനയാത്രാവൎണ്ണനത്തിനുശേഷം സന്ദേശകാവ്യമെഴുതുവാൻ തുടങ്ങിയതു്; രാമായണം കിഷ്കിന്ധാകാണ്ഡത്തിലെ വൎഷകാലവൎണ്ണനവും, ഹനുമത്സന്ദേശവും, തൻെറ നായകനു ന്യൂനത പററാതിരിപ്പാൻവേണ്ടി, രാമഗിര്യാശ്രമസ്ഥനായ ഒരു അജ്ഞാതകമിതാവിനാൽ കവി നിൎവ്വഹിക്കുന്നു.

മേഘസന്ദേശനിൎമ്മാണത്തിനുള്ള ഉത്തേജകം രഘുവംശത്തിലെ വിമാനയാത്രാവൎണ്ണനമാണെന്നു സ്ഥാപിക്കുവാൻ ഇതിൽ കൂടുതലായി വാദിക്കണമെന്നില്ല. രഘുവംശത്തിന്നോ, മേഘസന്ദേശത്തിന്നോ മേന്മ കൂടുകയെന്നതു് കാവ്യരസികന്മാർ തീൎച്ചയാക്കട്ടെ.

## സൎവ്വസ്വ—സമൎപ്പണം*

(ഏകാങ്കനാടകം)

---

(പി. മാലതി, 'രാഷ്ട്രഭാഷാവിശാരദ')

കഥാപാത്രങ്ങൾ

വിനോദൻ-ഒരു യുവാവ്.
ഉമ-വിനോദൻെറ പത്നി.
പ്രേമം-വിനോദൻെറ സ്നേഹിതൻ.
നിൎമ്മല-വിനോദൻെറ വളൎത്തച്ഛൻെറ ഭാഗിനേയി.

രംഗം 1.

[പലവിധത്തിലുള്ള ലതാമണ്ഡപങ്ങളാൽ ചുററപ്പെട്ട ഒരു ഉദ്യാനഗൃഹത്തിൻെറ പുരോഭാഗത്തു സ്ഥിതിചെയ്യുന്നതും മാർബിൾ കല്പടകളോടുകൂടിയതുമായ ഒരു തടാകം. തടാകത്തിലെ സ്ഫടികസദൃശമായ ജലത്തിൽ ചന്ദ്രകിരണങ്ങൾ വീണുകൊണ്ടിരിക്കുന്നു. തടാകത്തിൻെറ ഒരു

---

* ഹിന്ദിയിൽ നിന്നു്.

കല്പടമേൽ എന്തോ ഗംഭീരചിന്തയിൽ മുഴുകിക്കൊണ്ടു് നിർമ്മല ഇരിക്കുന്നു. ആകാശം നിർമ്മലമായിരുന്നു. ശ്വേതവർണ്ണത്തിലുള്ള മേഘഖണ്ഡങ്ങൾ ആകാശത്തിൽ അവിടവിടെ ഓടിക്കൊണ്ടിരുന്നു. നിർമ്മലയ്ക്കു ഏകദേശം ഇരുപതുവയസ്സു പ്രായം തോന്നും. അവളുടെ ചുരുണ്ട തലമുടി ചിന്നിച്ചിതറിക്കിടക്കുന്നു. പിന്നിൽനിന്നു പ്രേമം പ്രവേശിക്കുന്നു.]

പ്രേമം-ഞാനും വരട്ടെ.

നിർമ്മല-വരു.

പ്രേമം-ഇതെന്താണു് ഇത്രവലിയ ആലോചന ?
(പ്രേമം മഞ്ഞനിറത്തിലുള്ള ഒരു ചരടെടുത്തു നിർമ്മലയുടെ കൈയ്യിന്മേൽ വളരെ ആദരവോടുകൂടി കെട്ടുന്നു.)

നിർമ്മല ഇതെന്താണു പ്രേമം ?

പ്രേമം-അല്ലാ ! ഇന്നു രക്ഷാബന്ധനദിവസമാണെന്നു നിർമ്മല ഇതുവരെ അറിഞ്ഞില്ലേ ! സഹോദരീസഹോദരന്മാരുടെ ഉത്സവദിനമല്ലേ ?

നിർമ്മല-ഓഹോ, എനിക്കു ഓർമ്മയുണ്ടായില്ല.

പ്രേമം-ഹേ, നിർമ്മലയ്ക്കിതൊന്നും അറിഞ്ഞുകൂടെ ? ആട്ടെ, ഇതറിയാമോ ? ഒന്നാമതായി ഇതു വർഷഋതുവാണു്. ചില കവികൾ വസന്തത്തെയല്ല ഈ കാലത്തെയാണു 'ഋതുരാജാ'വെന്നു വിളിക്കുന്നതു്. ഹാ, നോക്കു നിർമ്മലേ, നമ്മുടെ വനലക്ഷ്മി എപ്പോഴെങ്കിലും ഇതിലധികം സൌന്ദര്യവതിയായി പ്രശോഭിച്ചു് കണ്ടിട്ടുണ്ടോ ?

നിർമ്മല- ഓ, മതി, മതി. എനിക്കിപ്പോൾ കവിതയൊന്നും കേൾക്കേണ്ട. (കുറച്ചുനേരം മൌനമായിരുന്നിട്ടു്) ആട്ടെ, പ്രേമം, എനിക്കു മരിക്കുവാൻ എന്തെങ്കിലും ഉപായം പറഞ്ഞുതരുമോ ?

പ്രേമം- ഹാ, ഇതു നല്ലവിചാരംതന്നെ. പ്രകൃതീദേവി ഇത്ര മനോഹരമായി പുഞ്ചിരിതൂകുന്ന ഈ സമയത്തു മനുഷ്യർക്കു മരിക്കണമെന്നല്ലാതെ മററെന്തുവിചാരമാണുണ്ടാകുക !

നിർമ്മല- പ്രേമം, ഞാൻ നേരമ്പോക്കല്ല പറയുന്നതു.

പ്രേമം- ലോകംമുഴുവനും എന്നും ചെറുപ്പമായിരിക്കുന്നതിനുള്ള വിദ്യ കണ്ടുപിടിക്കുവാൻ തലകുത്തിമറിഞ്ഞുകൊണ്ടിരിക്കുന്നു. അപ്പോൾ...

നിർമ്മല (മുഷിച്ചിലോടെ) മതി പ്രേമം, അല്ലെങ്കിലും നിങ്ങളോടു എന്തെങ്കിലും കാര്യമായി സംസാരിക്കുവാൻ ആരെയും അനുവദിക്കയില്ല.

പ്രേമം- (കുറച്ചു ഗൌരവസ്വരത്തിൽ) നിർമ്മലെ, എന്താണുകാ ര്യം ? ഒന്നു വ്യക്തമായി പറയൂ.

നിർമ്മല-പ്രേമം ഇന്നു വിനോദൻെറ മുഖം കണ്ടോ ? കണ്ടിരു ന്നെങ്കിൽ ഇങ്ങിനെ ചോദിക്കുകയില്ലായിരുന്നു.

പ്രേമം- ഉവ്വ്. എനിക്കും എന്തോ പന്തിയല്ലെന്നുതോന്നി. എന്താ ണുണ്ടായതു ?

നിർമ്മല-കുറച്ചു ദിവസമായി വിനോദൻ ആൾ തന്നെ മാറിയ തുപോലെ തോന്നുന്നു. ഇന്നു ഞാൻ മുറിയിൽ ഇരുന്നു ഒരു മാസിക വാ യിക്കുകയായിരുന്നു. പെട്ടെന്നു വിനോദൻ കടന്നുവന്നു അവിടെ ഇട്ടി രുന്ന ഒരു കസേരയിൽ വന്നിരുന്നു. വിനോദൻെറ മുഖം അന്നു വല്ലാ തെയാണു ഇരുന്നിരുന്നതു. ഞാൻ വിനോദൻ വരുന്നതു കാത്തിരിക്കുക യായിരുന്നു. ഈ സമയത്താണു ഞങ്ങൾ ഉദ്യാനത്തിലെ ചെടികൾക്കു നനയ്ക്കുക പതിവ്. വന്നിരുന്ന ഉടനെ എന്നോടു എന്താണു വായി ക്കുന്നതെന്നു ചോദിച്ചു. ഞാൻ പുസ്തകം കാണിച്ചുകൊടുത്തു. അദ്ദേഹം കുറച്ചുനേരം അന്യമനസ്കനായി പുസ്തകത്തിൻെറ പേജുകൾ മറിച്ചു കൊണ്ടിരുന്നു. ഇടയ്ക്കിടെ എൻെറ മുഖത്തേക്കു നോക്കിക്കൊണ്ടിരുന്നു. ഒടുവിൽ പുസ്തകം മേശപ്പുറത്തെറിഞ്ഞു പോകാനായി എഴുന്നേററു. അതുകണ്ടപ്പോൾ ഞാൻ ചോദിച്ചു "ഇന്നു തോട്ടത്തിൽ നനയ്ക്കുവാൻ പോകണ്ടേ ?"

വിനോദൻ- വേണ്ട. ഇന്നു എനിക്കു വേറെ കാര്യമുണ്ടു.

പ്രേമം- നിർമ്മലേ, പിന്നെ എന്താണു ഭവതിയോടു പറഞ്ഞതെ ന്ന് ഇനിക്കു മനസ്സിലായി.

നിർമ്മല- ആഹാ, പ്രേമം. നിങ്ങൾക്കു സകലതും അറിയാം. പി ന്നെ എന്തിനാണ് എന്നെക്കൊണ്ടു പറയിക്കുന്നതു് ? അമ്മയും അമ്മാ യിയും മരിച്ചശേഷം ഞാൻ അമ്മാമൻെറ കൂടെ താമസിക്കുവാൻതുടങ്ങി. അക്കാലത്താണ് അമ്മാമൻെറ ഒരു സ്നേഹിതൻ അനാഥനായ പുത്രനെ അമ്മാമനെ ഏല്പിച്ച് ഇഹലോകവാസം വെടിഞ്ഞതു്. ആ കുട്ടിയാ ണു വിനോദൻ. അങ്ങിനെ ഞങ്ങൾ ഒന്നിച്ചു കളിച്ചുവളൎന്നു. ഇതൊക്കെ പ്രേമത്തിന്ന് അറിയാമായിരിക്കും.

പ്രേമം- അറിയാം, എങ്കിലും ഇപ്പോൾ അതിനൊക്കെ ഒരു പുതു മ തോന്നുന്നു.

നിർമ്മല- പിന്നീട് അമ്മാമൻ മരിക്കാറായപ്പോൾ ഞങ്ങളെ രണ്ടു പേരെയും ആണ്ഈ ഉദ്യാനവും ഗൃഹവും ഏല്പിച്ചതു്. ഉമയ്ക്കു് ഈ

വകകാര്യങ്ങളിൽ അത്ര ശ്രദ്ധയുണ്ടായിരുന്നില്ല. അതുകൊണ്ടാണ് അമ്മാമൻ അവളെ ഭാരമേല്പിക്കാതിരുന്നതു്. അതിന്നുശേഷം...

പ്രേമം-ഉം, നിത്തേണ്ട, പറയൂ.

നിമ്മല-പ്രേമത്തിനെല്ലാം അറിയാം. ഉമ എന്നോടു വ്യത്യസ്തമായി പെരുമാറുവാൻ തുടങ്ങി. എനിക്കാദ്യം ഇതിൽ ആശ്ചര്യം തോന്നി. ക്രമേണ, ഞാൻ വിനോദനെ ആശ്രയിച്ചാണു കഴിയുന്നതെന്ന ഒരു വിചാരം മനസ്സിൽ തോന്നി. ഞാൻ വിനോദന്റെ ആരുമല്ല. വിനോദനും ഞാനുമായി എന്താണു ബന്ധം ? ഈ ബോധം മനസ്സിന്നു് ഒരു വലിയ ആഘാതം തന്നെയായിരുന്നു.

പ്രേമം-ഈ ബോധം നിമ്മലയുടെ ഹൃദയത്തിൽ അന്തർലീനമായിരുന്ന പ്രേമത്തെ തട്ടിയുണത്തി. അല്ലേ ?

നിമ്മല-പ്രേമം, നിന്നെ ഞാൻ എന്റെ സ്വന്തം സഹോദരനെപ്പോലെയാണു വിചാരിക്കുന്നതു്. ഞാൻ എന്താണു വേണ്ടതു് ? ജ്യേഷ്ഠത്തിഅമ്മയുടെ (ഉമ) അസൂയാപാത്രമായി ഇവിടെ എങ്ങിനെയാണു താമസിക്കുക ?

പ്രേമം-ലോകാചാരത്തെക്കുറിച്ചു് എനിക്കൊന്നും അറിഞ്ഞുകൂടെങ്കിലും ന്യായം എന്താണെന്നറിയാം. ജ്യേഷ്ഠത്തിഅമ്മ ഇപ്പോൾ വന്നവരല്ലേ ? അതിന്നുമുമ്പു നിമ്മലയല്ലേ ഉണ്ടായിരുന്നതു് ?

(പിന്നിൽനിന്നു ദീഘകായനും സുമുഖനുമായ ഒരു യുവാവു് പ്രവേശിക്കുന്നു.)

യുവാവ്-പ്രേമമുണ്ടോ ഇവിടെ ? (നിമ്മല എഴുന്നേല്ക്കുന്നു.)

പ്രേമം-ഉവ്വ്, വിനോദൻജ്യേഷ്ഠാ.

വിനോദൻ-ഉമ കുറച്ചുനേരമായി അന്വേഷിക്കുന്നു. അങ്ങോട്ടു ചെല്ലൂ. (പ്രേമം എഴുന്നേററു പോകുന്നു. നിമ്മലയും പിന്നാലെ പോകാൻ ഭാവിക്കുന്നു.)

വിനോദൻ-നിമ്മലേ, എങ്ങോട്ടാണു് പോകുന്നതു് ? എനിക്കൊരു കാര്യം പറയുവാനുണ്ടു്. നില്ക്കൂ.

നിമ്മല- എന്താണു ? പറയൂ.

വിനോദൻ- നിമ്മലെ, നമ്മുടെ രണ്ടുപേരുടെയും ജീവിതമാകുന്ന വഞ്ചികളെ ഒപ്പം കൊണ്ടുപോകുന്നതു് ഈ അദൃഷ്ടശക്തിക്കു സമ്മതമല്ലെന്നോ? ഇന്നത്തെ അന്തരീക്ഷത്തിലെ ഈ ക്ഷോഭം രണ്ടു വഞ്ചികളെയും അകററുവാനാണു ശ്രമിക്കുന്നതു്. നമുക്കു് എന്നും ഒപ്പം സഞ്ചരിക്കുവാൻ സാധിക്കയില്ലെന്നുള്ള വസ്തുത ഇന്നാണു് ആദ്യമായി മനസ്സിലാ

യതു് നിമ്മലേ, ഈ ആഘാതം അസഹ്യംതന്നെ. നിമ്മല ഇതു സഹിക്കുമോ ?

നിമ്മല- (ദൃഢവും ശാന്തവും ആയ സ്വരത്തിൽ) സഹിക്കുകതന്നെ വേണം.

വിനോദൻ- പക്ഷെ......(കുറച്ചാലോചിച്ചിട്ടു്) എന്തു ! സ്ത്രീകൾക്കു പുരുഷന്മാരെക്കാൾ അധികം സഹനശക്തിയുണ്ടോ?

നിമ്മല- സഹനശക്തി അധികമോ, കുറവോ, എന്നുള്ളതല്ലാ കാര്യം. പുരുഷന്മാൎക്കു സഹിക്കയല്ലാതെ വേറെയും പല ഉപായങ്ങളുമുണ്ടു്. പക്ഷെ സ്ത്രീകൾക്കു സഹിക്കുകയേ ഗതിയുള്ളു.

വിനോദൻ- (ഉത്തേജിതസ്വരത്തിൽ) നിമ്മലെ, ഞാൻ പുരുഷനാണു് എൻെറ അടുക്കൽ വേറെയും ഉപായമുണ്ടു്. ഞാൻ നിശ്ചയമായും ഈ യുദ്ധം ചെയ്യും. (ആകാശത്തെലക്ഷ്യമാക്കി മുഷ്ടിചുരുട്ടിക്കൊണ്ടു്) ഭവതിക്കുവേണ്ടി ഈ അദൃഷ്ടശക്തിയോടു മല്ലിടും. നമ്മെ വേർപെടുത്തുന്നതിന്നു് ഈ ലോകത്തിൽ ഒരു ശക്തിക്കും സാദ്ധ്യമല്ല. (കുറച്ചു ശാന്തതയോടെ) പ്രിയേ, ഭവതിക്കോർമ്മയുണ്ടോ ? അന്നു് ആ ഭയങ്കരമായ കൊടുങ്കാററുണ്ടായദിവസം.. ......(പൂൎവ്വസ്മരണയിൽ പുഞ്ചിരിതൂകിക്കൊണ്ടു്)

നിമ്മല (തടഞ്ഞുകൊണ്ടു്) അരുതു, വേണ്ട, വേണ്ട. അതൊന്നും പറയണ്ട.

വിനോദൻ-നിമ്മലേ, ഓർമ്മയില്ലേ ? അന്നത്തെ ആ കൊടുങ്കാററിനെ ഭയന്ന ഭവതി......

നിമ്മല-വിനോദാ, അരുതു്. അതൊക്കെ വീണ്ടും പറയാൻ ആരംഭിക്കയാണെങ്കിൽ ഞാൻ ഇതാ പോകുന്നു. (പോകാൻ ഭാവിക്കുന്നു.)

വിനോദൻ-ഇല്ല നിമ്മലയ്ക്കിഷ്ടമില്ലെങ്കിൽ ഞാൻ പറയുന്നില്ല. നിമ്മല എന്തിനാണു് എൻെറ അടുക്കൽനിന്നും പോകുന്നതു് ? നാം ആരോടെങ്കിലും എന്തെങ്കിലും അപരാധം പ്രവൎത്തിച്ചിട്ടുണ്ടോ ? എങ്കിലും അവളുടെ ഈൎഷ്യ............അസൂയ ?

നിമ്മല-അവിടുന്നിങ്ങനെ പറയരുതു്. തന്നെത്താൻ ഒന്നാലോചിച്ചുനോക്കു. ഉമയ്ക്കു് അസൂയ ഉണ്ടാകുവാൻ തക്കതായ യാതൊരു കാരണവും നാം ഉണ്ടാക്കിയിട്ടില്ലെ ?

വിനോദൻ-നിമ്മലേ, അതൊന്നും എനിക്കറിഞ്ഞുകൂടാ. ജീവിച്ചിരിക്കെ ഏതു മഹാശക്തിക്കും നമ്മെ വേർപെടുത്താൻ സാധിക്കുകയില്ല.

നിമ്മല-ഇങ്ങനെ പ്രക്ഷുബ്ധനാകാതെ ശാന്തമായി ആലോചിച്ചു നോക്കു. പ്രസവത്തിന്നുശേഷം ഉമയുടെ രോഗം ദിവസംതോറും അധികമായിട്ടാണു വരുന്നതു്. ഈ അവസരത്തിൽ അവളോടുള്ള കത്തവ്യത്തെ അവിടുന്നൊരിക്കലും വിസ്മരിക്കരുതു്. എൻെറ കായ്യത്തെപ്പററി ഒട്ടും വിചാരപ്പെടേണ്ടാ.

വിനോദൻ (ദൃഢസ്വരത്തിൽ) ഇതെന്തിനും എന്നോടു പറയേണ്ടാ. എന്തുതന്നെ വന്നാലും ഞാൻ നിമ്മലയെ കൈവെടിയുകയില്ല.

നിമ്മല-എന്നെ ദുബ്ബലചിത്തയാക്കുന്ന ഈ വിധത്തിലുള്ള വാക്കുകൾ പറയരുതു്. ആ പിഞ്ചുപൈതലിനെ അവിടുന്നു വിസ്മരിക്കുന്നു.

വിനോദൻ-നിമ്മലേ, ഇതുകൊണ്ടൊന്നും ഞാൻ എൻെറ ദൃഢനിശ്ചയത്തിൽ നിന്നും വ്യതിചലിക്കയില്ല. ഇരുപതു വർഷങ്ങളായി നാം ഒന്നിച്ചാണു വളന്നതു്. സത്യത്തെ മറയ്ക്കേണ്ട ആവശ്യമില്ല. ഞാൻ യഥാത്ഥത്തിൽ ഉമയെ സ്നേഹിച്ചിരുന്നില്ല. അതു് ഒരു മിത്ഥ്യാഭ്രമമായിരുന്നു.

നിമ്മല-അവിടുന്നെന്താണീപറയുന്നതു് ? നമ്മുടെ രണ്ടുപേരുടേയും അഭ്യുന്നതിക്കുള്ള സകലമാഗ്ഗങ്ങളും ബന്ധിക്കുകയല്ലേ അവിടുന്നു ചെയ്യുന്നതു് ?

വിനോദൻ- അഭ്യുന്നതിയോ ? നിമ്മലേ, നിൻെറ കൂടെ നരകത്തിലേക്കുപോലും പോകാൻ സന്നദ്ധനായ എനിക്കു അഭ്യുന്നതിയെന്തിന്നു് ? നിമ്മലേ, നിന്നെ ഞാൻ പ്രാണനെക്കാൾ അധികം സ്നേഹിക്കുന്നു. ഇതാണു സത്യം. ഈ സത്യം ഇതുവരെ നാംതന്നെ അറിഞ്ഞിരുന്നില്ല. എന്നാൽ ഇന്നു് അവിചാരിതമായി ഈ വസ്തുത നമുക്കു ബോദ്ധ്യമായിരിക്കുന്നു. പ്രിയേ, പറയൂ, സത്യത്തെ ചവിട്ടിത്താഴ്ത്തുന്നതല്ലെ അധമ്മം ?

നിമ്മല-മതിയാക്കൂ. ഞാൻ പോകട്ടെ. എനിക്കൊന്നും കേൾക്കാൻ വയ്യാ. ഞാൻ വല്ല അപരാധവും ചെയ്തിട്ടുണ്ടെങ്കിൽ ക്ഷമിക്കണം.

വിനോദൻ- (ആവേശത്തോടുകൂടി) ക്ഷമിക്കണമെന്നോ, നിമ്മലേ, ഞാനാണു ക്ഷമയാചനം ചെയ്യേണ്ടവൻ; നിമ്മലയോടു ഞാൻ അക്ഷന്തവ്യമായ അപരാധമാണു പ്രവത്തിച്ചിട്ടുള്ളതു്. ഞാൻ എൻെറ പ്രേമത്തെ എന്തുകൊണ്ടു് ഇതിനു മുമ്പു മനസ്സിലാക്കിയില്ല ? വെറും ഒരു ഭ്രമത്തിൽപ്പെട്ടു ഞാൻ യഥാത്ഥപ്രേമത്തെ തിരസ്കരിച്ചു് അതിൻെറ ഫലം ഞാൻ ഇപ്പോൾ അനുഭവിക്കുന്നു. ഞാൻ എന്തിന്നു മറെറാരു സ്ത്രീയെ വിവാഹം ചെയ്തു ? പക്ഷെ നിമ്മലേ നീ ഇതുവരെ ആരെയും വിവാഹം ചെയ്തില്ല. അതിന്നു കാരണമെന്താണു് ?

നിമ്മല-ഈ ഗൃഹത്തിൻെറ ഭാരം മുഴുവനും അമ്മാമൻ എന്നെയല്ലേ ഏല്പിച്ചിരിക്കുന്നതു് ? പിന്നെ, വിവാഹം ചെയ്താൽ എൻെറ ചുമതല ശരിയായി നിറവേററാൻ സാധിക്കുമോ ?

വിനോദൻ-എന്തുകൊണ്ടാണു നിമ്മല വിവാഹം കഴിക്കാതിരുന്നതെന്നു നിമ്മലയ്ക്കെന്നപോലെ എനിക്കും നല്ലപോലെ അറിയാം. നിമ്മലെ, നിൻെറ ഹൃദയം മുഴുവനും പ്രേമപ്രകാശത്താൽ പവിത്രമാണു്. നിമ്മലയുടെ ജീവിതം മുഴുവനും അതിനെ ആശ്രയിച്ചാണു ഇരിക്കുന്നതു്. സ്വന്തം മനസ്സാക്ഷിയെ വഞ്ചിക്കുവാൻ ശ്രമിക്കുന്നതെന്തിനാണു നിമ്മലേ ?

നിമ്മല-അതെ, അവിടുന്നു പറയുന്നതു സത്യമാണെന്നു ഞാനും സമ്മതിക്കുന്നു. നാളെ എന്തെങ്കിലും ഒരു കായ്യം നിശ്ചയിച്ചു പറയാം. നേരം വൈകി; ഞാൻ പോകട്ടെ.

വിനോദൻ (പ്രസന്നതയോടേ) ആട്ടെ, നിമ്മലേ, ഈ പൂനിലാവുള്ള രാത്രിയിൽ നിനക്കു യാതൊരു സമ്മാനവും തരാതെ അയയ്ക്കുവാൻ തോന്നുന്നില്ല. (അടുത്തു നില്ക്കുന്ന ചെടിയിൽനിന്നു് ഒരു പനിനീർപുഷ്പം പറിച്ചു അവളുടെ തലയിൽ ചൂടിക്കുന്നു. നിമ്മല വിരോധമൊന്നും പറയുന്നില്ല. ചന്ദ്രകിരണങ്ങളിൽ നിമ്മലയുടെ മുഖം പൂവ്വാധികം ശോഭിക്കുന്നു. അവളുടെ മുഖത്തേയ്ക്കു നോക്കിക്കൊണ്ടു്) ഹാ, നിമ്മലേ........ (മുഴുവൻ പറയുന്നതിനുമുമ്പു നിമ്മല ചിരിച്ചുകൊണ്ടു്, ഇടയ്ക്കിടെ തിരിഞ്ഞു നോക്കിക്കൊണ്ടു് അവിടെനിന്നു് ഓടിപ്പോകുന്നു.)

രംഗം 2.

[ഒരു വലിയമുറി. ഹരിതവണ്ണത്തിലുള്ള ബൾബോടുകൂടിയ ഒരു വൈദ്യുതദീപം കത്തിക്കൊണ്ടിരിക്കുന്നു. മുറിയിലുള്ള ഒരു കട്ടിലിൽ തലയിണയുടെ സഹായത്തോടുകൂടി ഇരുപത്തിമൂന്നുവയസ്സുപ്രായം തോന്നുന്ന രോഗിണിയായ ഉമാദേവി ചാരിയിരിക്കുന്നു. കൈയ്യിൽ ഒരെഴുത്തും പിടിച്ചിട്ടുണ്ടു്. അടുത്തുള്ള ഒരു കസേരയിൽ പ്രേമം ഇരിക്കുന്നു.]

ഉമ-പ്രേമം, നിമ്മലയുടെ അടുക്കൽ നിന്നാണോ വരുന്നതു് ?

പ്രേമം-അതെ, ജ്യേഷ്ഠത്തിവിളിക്കുന്നുവെന്നു വിനോദൻ ജ്യേഷ്ഠൻ പറഞ്ഞു.

ഉമ- അദ്ദേഹം ഇനിയും അവിടെ നില്ക്കുകയാണോ ?

പ്രേമം- അതെ.

ഉമ- (ഈഷ്യനിറഞ്ഞസ്വരത്തിൽ) ഹും. പ്രേമം, ഈ എഴുത്തൊന്നു വായിക്കു.

പ്രേമം- ഇതാരുടെയാണ ജ്യേഷ്ടത്തീ,

ഉമ- അദ്ദേഹം കൊടുത്തയച്ചതാണ്. എന്നോടു മുഷിഞ്ഞിരിക്കയാണെന്നുതോന്നുന്നു. ഇന്നു മുഴുവൻ എൻെറ അടുക്കൽ വന്നിട്ടില്ലാ.

പ്രേമം (എഴുത്തു ഉറക്കെവായിക്കുന്നു).

"ഇത്രകാലത്തെ പരിചയമുണ്ടായിട്ടും എന്നെ ഇങ്ങിനെ സംശയിക്കുവാൻ നിനക്കു സാധിച്ചു. അതിനെക്കുറിച്ചു ഞാൻ തല്ക്കാലം ഒന്നും പറയുന്നില്ല. നിർമ്മലയെ ഇവിടെനിന്നും പറഞ്ഞയക്കണമെന്നാണ് നിൻെറ വിചാരം. പക്ഷെ അതു എത്രകണ്ട് ന്യായമാണെന്നാണ് ഞാൻ ചോദിക്കുന്നതു്. എനിക്കിന്നുള്ള സകല ഐശ്വൎയ്യവും നിർമ്മലയുടെ മാതുലൻെറ കൃപയുടെ ഫലമാണ്. നാം രണ്ടുപേരും യഥാർത്ഥത്തിൽ നിർമ്മലയെ ആശ്രയിച്ചുകഴിയുന്നവരാണ്. അവളോടു നാം എന്നെന്നേക്കും കടപ്പെട്ടവരുമാണ്. നിർമ്മലയും ഞാനുമായുള്ള ബന്ധം അഭേദ്യമാണെന്നു ധരിക്കണം. അതുപറഞ്ഞു മനസ്സിലാക്കുക സാദ്ധ്യമല്ല. അതെല്ലാം ഭാഷയ്ക്കതീതമാണ്. ഇനിയും നിനക്കു മനസ്സിലായില്ലെങ്കിൽ എൻെറ ഹൃദയത്തിലെ ആദ്യത്തെ ഈ വേദന നിൻെറ അസൂയാകലുഷമായമനസ്സിന്നു അഗ്രാഹ്യമായിത്തന്നെ ഇരുന്നുകൊള്ളട്ടെ."

(എഴുത്തു കേൾക്കുമ്പോൾ ഉമാദേവി തേങ്ങിതേങ്ങിക്കരയുന്നു. എഴുത്തവസാനിച്ചപ്പോൾ അവൾ കിടക്കയിലേക്കു മറിഞ്ഞുവീണു, വീണ്ടും കരയുന്നു. പ്രേമം അഗാധചിന്തയിൽ മുഴുകിയപോലെ നിശ്ചേഷ്ടനായി ഇരിക്കുന്നു.)

ഉമ—പ്രേമം, എന്താണ വേണ്ടതു്? എൻെറ സർവ്വസ്വവും നശിച്ചു. (പ്രേമം, ഒന്നുംപറയുന്നില്ല.)

ഉമ-അയ്യോ പ്രേമം- എന്താണൊന്നുംപറയാത്തതു്? ഈശ്വരാ, എൻെറ മനസ്സിലെ വേദന ആരും അറിയുന്നില്ലേ?

പ്രേമം—ജേഷ്ടത്തീ, സമാധനപ്പെടു. ഇങ്ങിനെ വ്യസനിച്ചാൽ ദേഹം ക്ഷീണിക്കും. കരയാതിരിക്കു.

ഉമ- ദേഹം നശിച്ചുപോകട്ടെ. ഇനി ജീവിച്ചിരുന്നിട്ടെന്തുഫലം. അദ്ദേഹത്തിൻെറ 'വനലക്ഷ്മി' ഇപ്പോൾ എവിടെ, പ്രേമത്തിന്നറിയാമൊ, അദ്ദേഹം എന്നെ എത്ര ഓമനപ്പേരുകൾ പറഞ്ഞാണ വിളിക്കാറുള്ളതെന്നു? ഇപ്പോൾ ആ സ്നേഹമൊക്കെ എവിടെപ്പോയി.?

പ്രേമം- ജ്യേഷ്ടത്തീ, ഞാൻ ഒരു കാൎയ്യം ചോദിക്കട്ടെ. നിങ്ങൾക്കു സ്വയം അനുഭവിക്കുവാൻ സാധിക്കാത്ത ഒരു സാധനം പ്രസന്നതയോടെ മററൊരാൾക്കു ദാനം ചെയ്യാൻ സാധിക്കയില്ലേ? നിങ്ങൾ കൊടു

ക്കുന്നതാക്കാണെന്നാലോചിച്ചു നോക്കു. നിങ്ങളുടെ സർവ്വസ്വവും യാതൊരാളുടെ ചരണങ്ങളിലാണ് അർപ്പിച്ചതു്, ആ ആൾക്കു അങ്ങിനെ ദാനം ചെയ്യാതിരുന്നാൽ നിങ്ങളുടെ മഹനീയമായ പ്രേമത്തിന്നു അതൊരു കളങ്കമായിരിക്കുകയില്ലേ ? ജ്യേഷ്ഠത്തീ, നിങ്ങളുടെ വിശാലമായ ഹൃദയത്തിൽ, അന്ത്യസമയത്തു ഈ വിധത്തിലുള്ള സംകുചിത വിചാരങ്ങൾക്കിടം കൊടുക്കരുതു്. ഇതാണ് എൻെറ അപേക്ഷ.

ഉമ- പ്രേമം, നിങ്ങളെ ആളുകൾ മഹാമനസ്കനെന്നു പറയുന്നതു വെറുതെയല്ല. പക്ഷെ ഈ അബലയായ എന്നിൽ നിന്നു ഇത്രമഹത്തായ ത്യാഗത്തെ ആശിക്കുന്നതെന്തിനാണ് ? ആകട്ടെ, പ്രേമം, ഞാൻ ഒരു കാര്യംപറയാം. കേൾക്കുമോ?

പ്രേമം- ഓഹോ, പറഞ്ഞുകൊള്ളു.

ഉമ- ഞാൻ ദുർബ്ബലയാണെന്നു പറഞ്ഞല്ലോ. ഹൃദയത്തിൽ അതിയായ വ്യസനമുണ്ടാകുമ്പോൾ ഭഗവാനെ ആശ്രയിച്ചാൽ മാത്രമെ എനിക്കു മനസ്സമാധാനം ഉണ്ടാകയുള്ളു. അതുകൊണ്ടു ആ പൂജമുറിവരെ പോകുവാൻ എന്നെ ഒന്നു സഹായിക്കുമോ ? നിങ്ങളുടെ സഹായംകൂടാതെ പോകാൻ സാധിക്കയില്ല.

പ്രേമം- ജേഷ്ഠത്തീ, എന്നെ ആളുകൾ 'നാസ്തികൻ' എന്നാണ് വിളിക്കാറുള്ളതു്. എങ്കിലും ഞാൻ കൊണ്ടുപോകാം. പക്ഷെ അതുകൊണ്ടു ഫലമില്ലെന്നാണ് എൻെറ അഭിപ്രായം.

ഉമ- പ്രേമം, നിങ്ങൾക്കു നല്ല മനക്കരുത്തുണ്ടു്. അതുകൊണ്ടു് ദേവതമാരുടെ സഹായമൊന്നും ആവശ്യമില്ല. പക്ഷെ എനിക്കങ്ങിനെയല്ല. ഞാൻ തന്നെത്താൻ മേല്പോട്ടു കയറുവാൻ ശ്രമിക്കുന്തോറും ചളിയിൽ പൂണ്ടുപോകുന്നതുപോലെ തോന്നുന്നു.

പ്രേമം-ജ്യേഷ്ഠത്തീ, ഞാൻ പറയുന്നതു കേൾക്കു. എല്ലാവക്കും മനസ്സിന്നു ശക്തിയുണ്ടു്. പക്ഷെ, ചിലർ അതിനെ ഉപയോഗിക്കുന്നില്ല. ദേവന്മാരെയും ദേവിമാരെയുമൊന്നും ഇപ്പോൾ ആശ്രയിച്ചിട്ടു ആവശ്യമില്ല. ഹൃദയത്തിൽ കൈവെച്ചു പറയു—എനിക്കു ഏററവും വിലയേറിയ സാധനം ഞാൻ ഏററവും സ്നേഹിക്കുന്ന ആൾക്കു കൊടുത്തു. എൻെറ സർവ്വസ്വവും അദ്ദേഹത്തിന്നു കൊടുത്തു. ഈ വിശാലമനസ്കത ജ്യേഷ്ഠത്തിക്കുണ്ടെങ്കിൽ മനസ്സിന്നു ശാന്തതയുണ്ടാകുമെന്നു ഞാൻ ഉറപ്പു പറയുന്നു.

ഉമാ-(ദൃഢതയോടുകൂടി) പ്രേമം, എന്നാൽ അദ്ദേഹത്തേയും നിർമ്മലയേയും വിളിച്ചുകൊണ്ടുവരു.

പ്രേമം-വരട്ടെ, നല്ലപോലെ ആലോചിച്ചിട്ടു മതി. അങ്ങിനെ ചെയ്യാൻ നിശ്ചയിച്ചുവോ ?

ഉമ-ഉവ്വ്; നിശ്ചയിച്ചു. (വിനോദൻ പ്രവേശിക്കുന്നു. ഉമ കട്ടിലിൽനിന്നു എഴുന്നേററു അദ്ദേഹത്തിൻെറ കാല്ക്കൽ നമസ്കരിക്കുന്നു. പ്രേമം എഴുന്നേററു പോകുന്നു. വിനോദൻ അവളെ എഴുന്നേല്പിച്ചു കട്ടിലിൽ കൊണ്ടുപോയി ഇരുത്തി കണ്ണുനീർ തുടച്ചുകളയുന്നു.)

ഉമ-(തേങ്ങിത്തേങ്ങി കരഞ്ഞുകൊണ്ട്) ഞാൻ വലിയ തെററാണു ചെയ്തതു്. മാപ്പു തരു എനിക്ക്. അവിടുന്നു എൻെറ ഈ അപരാധം ക്ഷമിച്ചില്ലെങ്കിൽ പരലോകത്തിൽപോലും എനിക്കു ശാന്തിയുണ്ടാകയില്ല.

വിനോദൻ-ഉമേ, കരയാതിരിക്കു. എനിക്കു നിന്നോടു യാതൊരു ദ്വേഷ്യവും ഇല്ല.

ഉമ-എന്നാൽ പിന്നെ ഇന്നു മുഴുവൻ എൻെറ അടുക്കൽ വരാതിരുന്നതു എന്തുകൊണ്ടാണ് ?

വിനോദൻ-ഞാൻ ചെയ്തതു് തെററായി. ഉമ എൻെറ അപരാധം ക്ഷമിക്കുമോ ?

ഉമ-നിമ്മലയെന്താണു വരാത്തതു് ? (ഉറക്കെ) നിമ്മലേ, പ്രേമം, അകത്തേക്കു വരു. (നിമ്മലയും പ്രേമവും പ്രവേശിക്കുന്നു. ഉമ നിമ്മലയെ സസ്നേഹം അരികിൽ ഇരുത്തുന്നു. നിമ്മല ഉമയുടെ പാദംതൊട്ടു നമസ്കരിക്കുന്നു. ഉമ തലയിണയുടെ അടിയിൽനിന്നു ഒരു ആഭരണപ്പെട്ടിയെടുത്തു അതിൽനിന്നു ഒരു സ്വണ്ണഹാരം എടുത്തു നിമ്മലയുടെ കഴുത്തിൽ ധരിപ്പിച്ചശേഷം അവളെ സപ്രേമം ചുംബിക്കുന്നു).

ഉമ-നിമ്മലേ, മരിക്കുമ്പോഴും ഈ ഹാരം എൻെറ കഴുത്തിൽത്തന്നെ ഉണ്ടാകുമെന്നാണു ഞാൻ ഒരുകാലത്തു വിചാരിച്ചിരുന്നതു്. പക്ഷെ, ഇപ്പോൾ ഈ മാല നിൻെറ കഴുത്തിൽത്തന്നെയാണു കിടക്കേണ്ടതു്.

നിമ്മല-(പണിപ്പെട്ടു്) ജ്യേഷ്ഠത്തിഅമ്മേ, ഞാൻ ഈ ദയയ്ക്കു അഹയല്ല. ഇത്ര സ്നേഹത്തിന്നു എനിക്കു അഹതയില്ല.

ഉമ-നിമ്മലേ, നീ ഒരിക്കലും ഇവിടെനിന്നും പോകരുതു്. പോകാൻ ഞാൻ അനുവദിക്കയില്ല. ഈ ലോകത്തിൽ എനിക്കുള്ള സവ്വസ്വത്തോടും നിന്നെ ബന്ധിച്ചിരിക്കുന്നു. ആ ബന്ധത്തിൻെറ അടയാളമാണു ഈ മാല. ഇനി എനിക്കു സമാധാനത്തോടെ മരിക്കാം.

നിമ്മല-(പെട്ടെന്നു എഴുന്നേററ് ഹാരം കഴുത്തിൽനിന്നു ഊരിയിട്ടു) ജ്യേഷ്ഠത്തിയമ്മേ, ഇതു ശരിയല്ല. എന്നെ ആരോടും ബന്ധിക്കേണ്ട. എനിക്കതിന്നു ആഗ്രഹവും ഇല്ല. (ഹാരം ഉമയുടെ കാൽക്കൽ വെയ്ക്കുന്നു). ഈശ്വരൻ വിധിച്ചിട്ടില്ലാത്ത ഒരു കാര്യം മററുള്ളവരെ വഞ്ചിച്ചു അനു

ഭവിക്കുവാൻ എനിക്കു ആഗ്രഹമില്ല. ഈശ്വരൻ നിങ്ങൾക്കു സർവ്വമംഗളങ്ങളും നൽകട്ടെ. (നിർമ്മല വേഗം അവിടെനിന്നു പോകുന്നു.)

ഉമ-പ്രേമം, പ്രേമം, എല്ലാം കുഴപ്പത്തിലായല്ലൊ. നിർമ്മലയെവിടെപ്പോയി ? അവൾക്കു നല്ലപോലെ മനസ്സിലായിട്ടില്ലായിരിക്കുമോ?

പ്രേമം-അവൾക്കു നല്ലവണ്ണം മനസ്സിലായി. പക്ഷെ നിങ്ങളുടെ മനസ്സു ഇനിയും പരിശുദ്ധമായിട്ടില്ല. അതാണു നിർമ്മല നിങ്ങളുടെ ദാനം സ്വീകരിക്കാതിരുന്നത്. (ഉമ കിടക്കയിൽ മറിഞ്ഞുവീണു കരയുന്നു)

ഉമ-ഹാ, എൻെറ മനസ്സു ഇനിയും നന്നായില്ലേ ? എന്നാൽ എനിക്കു മരിച്ചാലും ശാന്തിയുണ്ടാകയില്ല. പ്രേമം, നീ മഹാനാണു്. എൻെറ മനസ്സു ശുദ്ധമാക്കിത്തരു. പ്രേമം, ഞാനെന്താണു ചെയ്യേണ്ടതു് ?

പ്രേമം-ജ്യേഷ്ഠത്തീ, ഇങ്ങിനെ വ്യസനിക്കാതെ സമാധാനത്തോടുകൂടി കുറച്ചുറങ്ങു. ഞാൻ എല്ലാം ശരിയാക്കിത്തരാം. (പോകുന്നു).

## രംഗം. 3

[കുറച്ചു ദിവസങ്ങൾക്കുശേഷം. ഉമയുടെ മുറി. കാലത്തു ആറുമണി സമയം. ആദ്യത്തേക്കാൾ കുറെക്കൂടി ക്ഷീണകായയായി ഉമ കട്ടിലിൽ കിടക്കുന്നു. വിനോദൻ അടുത്തുള്ള കസേരയിൽ വ്യസനഭാവത്തിൽ ഇരിക്കുന്നു. കയ്യിൽ ഒരു ഇംഗ്ലീഷുദിനപത്രമുണ്ടു്. വിനോദൻ എന്തോ ഔത്സുക്യത്തോടെ വായിക്കുന്നുണ്ടു്]

ഉമ—(ക്ഷീണിച്ചസ്വരത്തിൽ) പ്രേമവും നിർമ്മലയും എന്നാണോ ആവോ ജയിലിൽനിന്നു് വിമുക്തരാകുന്നതു്?

വിനോദൻ- (വേഗത്തിൽ എന്തോ രസമായ വർത്തമാനം വായിക്കുന്നതുപോലെ പേജുമറിക്കുന്നു) നില്ക്കു, ഇപ്പോൾ പറയാം. ഞാൻ ഇതു വായിച്ചു തീർക്കട്ടെ.

ഉമ- എന്താ, അവരെപ്പററി വല്ല വർത്തമാനവും ഉണ്ടോ.?

വിനോദൻ- (കടലാസിൽനിന്നു കണ്ണെടുക്കാതെതന്നെ). ഉം.

ഉമ- (വേഗത്തിൽ കട്ടിലിൽ എഴുന്നേററിരിക്കുന്നു)വേഗം പറയൂ. എന്താണുകാര്യം ?

വിനോദൻ- (ഒരു ദീർഘനിശ്വാസത്തോടുകൂടി പത്രം മേശമേൽ വലിച്ചെറിഞ്ഞിട്ടു) ഉമേ, എന്താണീചെയ്യുന്നതു്? പരിഭ്രമിക്കാതെ അവിടെത്തന്നെ കിടക്കു. എന്നാൽ പറയാം. യാതൊരു മാനസികക്ഷോഭവും ഉണ്ടാകരുതെന്നല്ലേ വൈദ്യൻ പറഞ്ഞിരിക്കുന്നതു് ?

ഉമാ-ഇനി ഡോക്ടർക്കു ഇവിടെ കാര്യമൊന്നും ഇല്ല. പറയൂ എന്താണു വർത്തമാനം ? അവരെ ഒരു നോക്കു കാണാൻ വേണ്ടിയാണു ഞാൻ

ഇതുവരെ ജീവിച്ചിരുന്നതു്. ആട്ടെ അവർ എന്തിനാണു ജയിലിൽ പോയതെന്നു പറഞ്ഞില്ലല്ലോ.

വിനോദൻ–ഇവിടെനിന്നു പോയ ഉടനെ നിമ്മല കോൺഗ്രസ്സിൽ ചേൎന്നു. സിവിൽ നിയമലംഘനം ആരംഭിച്ചപ്പോഠം നിമ്മലയും രാജദ്രോഹകുററത്തിന്നു ജയിലിൽ അയക്കപ്പെട്ടു. പ്രേമത്തിൻെറ ഉപദേശമനുസരിച്ചാണ് നിമ്മല കോൺഗ്രസ്സിൽ ചേൎന്നതു. അല്ലെങ്കിൽ അവഠം ആത്മഹത്യ ചെയ്യുമായിരുന്നു.

ഉമ– ജെയിലിലേക്കു എൻെറ എഴുത്തു കൊണ്ടുപോയി കൊടുത്തോ ?

വിനോദൻ– ഉവ്വ്. ജെയിലിൽ നിന്നു മോചനം ലഭിച്ചാൽ ഇവിടെ വന്നു കണ്ടിട്ടു പോകാമെന്നു വളരെ നിബ്ബന്ധിച്ചപ്പോഠം സമ്മതിച്ചു.

ഉമ– നോക്കു. ഞാൻ ഒരു കാൎയ്യം തീച്ച്യാക്കി. ഇത്തവണ ഞാൻ നിമ്മലയെ സ്വന്തം സഹോദരിയായി സ്വീകരിക്കും. ഇല്ല. എൻെറ മനസ്സിൽ യാതൊരു വിദ്വേഷവും ഇനി ശേഷിച്ചിട്ടില്ല.

(വിനോദൻെറ കണ്ണുകളിൽനിന്നു അശ്രുധാര ഒഴുകി. നിമ്മലയുടെ കണ്ണിലും കണ്ണുനീർ നിറഞ്ഞിരുന്നു. ഈ സമയത്താണ് നർസ് മുറിയിൽ പ്രവേശിച്ചതു്)

വിനോദൻ– എന്താണു നർസ് ? ഡോക്ടർ വന്നിട്ടുണ്ടോ ?

നർസ്– ഉവ്വ്.

(ഉമ ക്ഷീണത്തോടുകൂടി കിടക്കയിലേക്കുവീണു. ആംഗ്ലേയരീതിയിൽ വസ്ത്രധാരണം ചെയ്ത ഡോക്ടർ സ്റ്റെത്തസ്കോപ്പുമായി പ്രവേശിക്കുന്നു. വിനോദൻ എഴുന്നേല്ക്കുന്നു. വന്ന ഉടനെ ഡോക്ടർ രോഗിണിയുടെ നാഡി പരിശോധിക്കുന്നു. പരിശോധിച്ചശേഷം നിരാശനായി രോഗിണിയുടെ കയ്യ് പതുക്കെ അവിടെ വെക്കുന്നു. പിന്നീടു ഡോക്ടർ വിനോദൻെറ മുഖത്തേക്കു നോക്കി മൌനമായി നില്ക്കുന്നു. വിനോദനും ഒന്നും ചോദിക്കാൻ ധൈൎയ്യപ്പെടാതെ നില്ക്കുന്നു. ഈസമയത്തു ഉമ പതുക്കെ കണ്ണുതുറക്കുന്നു).

ഉമ–(നേത്തസ്വരത്തിൽ നിത്തിനിത്തിക്കൊണ്ടു്) ഡോക്ടർ, നിമ്മല വരുന്നതുവരെ എൻെറ ജീവനെ രക്ഷിക്കണം. എൻെറ സവ്വസ്വവും നൽകി അവളെ ആശീവ്വദിച്ചിട്ടുവേണം.........(ഉമ വീണ്ടും കണ്ണടയ്ക്കുന്നു. ഡോക്ടർ പുറത്തേക്കുപോകുന്നു. വിനോദനും ഡോക്ടരുടെകൂടെ പുറത്തേക്കുപോകുന്നു. ഉമ വീണ്ടും കണ്ണുതുറക്കുന്നു).

ഉമ-പ്രേമം, നീ പറഞ്ഞതു എനിക്കു സമ്മതമാണ്. എന്റെ സർവ്വസ്വവും അവൾക്കു കൊടുക്കാം. നിർമ്മലേ.........(ഉമ വീണ്ടും കണ്ണടയ്ക്കുന്നു. ഉമ എന്തോ പറയുന്നതുപോലെ ചുണ്ടനക്കിക്കൊണ്ടിരുന്നു. ഈ സമയത്തു വിനോദൻ പ്രേമത്തേയും നിർമ്മലയേയും കൂട്ടിക്കൊണ്ടു പ്രവേശിക്കുന്നു. നിർമ്മല ഒരു വെളുത്ത വസ്ത്രം ധരിച്ചിട്ടുണ്ട്. പ്രേമം (മലിനവേഷത്തിലാണ്. ഉമ പതുക്കെ കണ്ണുതുറന്നിട്ടു)

ഉമ-(ക്ഷീണിച്ച സ്വരത്തിൽ) പ്രേമം !

(വിനോദൻ ഉമയുടെ ചെവിയിൽ പതുക്കെ പറയുന്നു)

വിനോദൻ-ഉമേ, നോക്കു, ആരാണു വന്നിരിക്കുന്നതെന്നു.

ഉമ-(കണ്ണുതുറന്നിട്ടു) നിങ്ങളെല്ലാവരും പുറത്തേക്കു പോകു. നിർമ്മലേ, അടുത്തുവരു. (പ്രേമവും, വിനോദനും, നർസ്സും പുറത്തേക്കുപോകുന്നു.) നിർമ്മല ഉമയുടെ പാദം തൊട്ടു പ്രണാമം ചെയ്യുന്നു. പക്ഷെ അവളുടെ സ്പർശമേററ ഉടനെ ഉമ കാൽ വലിക്കുന്നു. ഉമ അസ്വാഭാവികമായ ഒരു മാതിരി ഉച്ചസ്വരത്തിൽ വിളിച്ചു പറയുന്നു.) അയ്യോ, എനിക്കിതു സാദ്ധ്യമല്ല; സാദ്ധ്യമല്ല. (ഉമയുടെ കണ്ണുകൾ തീക്കനൽപോലെ ജ്വലിക്കുന്നു. അവൾ പെട്ടെന്നു കിടക്കയിൽ എഴുന്നേററിരുന്നു ബലമായി നിർമ്മലയുടെ കൈ രണ്ടും പിടിച്ചു അഗ്നേയദൃഷ്ടിയാൽ അവളെ തുറിച്ചു നോക്കിക്കൊണ്ടു പറയുന്നു )

രാക്ഷസീ ! നീ എന്തിനിവിടെ വന്നു ? നിനക്കിവിടെ എന്താണു കാര്യം ? ഞാൻ മരിക്കയില്ല. തീർച്ചയായും തീർച്ചയായും മരിക്കുകയില്ല. പൈശാചികസ്വരത്തിൽ) ദുഷ്ടേ, പോ, ഇവിടെനിന്നു നിന്റെ മുഖം ഇവിടെ കാണരുതു്. നിന്റെ രക്തം കുടിച്ചെങ്കിലെ എനിക്കു തൃപ്തിവരികയുള്ളു. ജീവിച്ചിരിക്കുമ്പോൾ സാധിക്കാത്തപക്ഷം ഞാൻ പിശാചായിവന്നു നിന്റെ രക്തം കുടിക്കും. രാക്ഷസീ, നീയല്ലേ എന്റെ നാശത്തിന്നു കാരണഭൂത ? (ഇതുയും പറഞ്ഞതോടെ ശക്തിയെല്ലാം ക്ഷയിച്ചു ഹതപ്രാണയായി അവൾ നിലം പതിക്കുന്നു. ശബ്ദം കേട്ടു വിനോദനും പ്രേമവും ഓടിവരുന്നു. അവർ വീണു കിടക്കുന്ന ഉമയെ കണ്ടു സ്തബ്ധരായി നില്ക്കുന്നു. യവനികാപതനം)

# മധുമഞ്ജരി*

(എൽ. വെങ്കടേശ്വരൻ, ബി. എ.)

---

1.

വരുവിൻ പാനപാത്രമെടുക്കാം, മഴലെല്ലാം
മറക്കാം, മറന്നിടാം മായയാം ജീവിതത്തെ !
മന്നിലെച്ചളി പററാതെത്തിടാം വിണ്ണിൽ വേഗം,
മിന്നവെ ദ്രാക്ഷാരസം, ഖിന്നതക്കുണ്ടോ നേരം !
കാമുക ! കരയാതെ കുടിച്ചാൽ നിൻ കയ്യിലാം
കാമിനി, നിൻ കാമിതം തീവ്രമെന്നായ് ധരിക്കിൽ !
നിത്യമായ് മന്നിലൊന്നുമില്ലല്ലൊ, നേരത്തേ നാം
സത്യമാം ദ്രാക്ഷാരസം കുടിക്കാം കാത്തിടേണ്ട !! 1.

2.

പുഞ്ചിരിപ്പൂവാട നീ ചാർത്തണം വേഗം പച്ച
മഞ്ചമാം മൈതാനമെ ! വാനിലേക്കേറും കുന്നേ !
ഇന്നല്ലൊ നരമാററി യൌവനം ചാർത്തീടുന്നു
മന്നിലെ പ്രകൃതിയും വിണ്ണിലെ വെളിച്ചത്തിൽ !
കൈരവത്തിനു വീണ്ടും കണ്ടിടാം കലേശനെ
കൈതവം കലരാതെ കുളിരിൽ കുളിച്ചിടാം !
ചെമ്പകപ്പൊൻപൂവിതാ ചുംബിപ്പു പനിനീർപ്പൂ-
വമ്പിനാൽ നുകരുവാൻ മധുരം മകരന്ദം ! 2.

വാസന്ത വാതായനംവഴി നിൻ തോട്ടം പൂകും
വാനപ്പുഞ്ചിരികളെസ്സസ്നേഹം ഗ്രഹിച്ചാലും !
മാനസാഹ്ലാദം ചേപ്പാൻ മാത്രമായ് വന്നോരിവർ
മേലിലന്നിതുപോലെ വന്നീലയെന്നും വരാം !

---

* ഹാഫീസ്

സമ്മോദം വളൎത്തുവാൻ സ്വൎഗ്ഗത്തിൽനിന്നു വന്നോർ
ഹേമന്താഗമത്തിലൊ ഗമിക്കാമെന്നോക്കുമായ് !
ദേവി ! നീ നോക്കിയാലും വീണ്ടുമെന്നെയും ഭൂവിൽ
ദൈവത്തിൻ കിടാങ്ങളാം പുഷ്പങ്ങളേയും നന്നായ് !
ഞങ്ങൾ ജീവിക്കുന്നതും താവക സൌഖ്യത്തിനായ്,
ഞങ്ങളാഗ്രഹിപ്പതൊ സ്വാഗതം ലഭിക്കുവാൻ ! 3.

പോയി ഞാൻ മറവതിൽ മുന്നമായൊരിക്കൽ നീ
പുഞ്ചിരിപ്പൂനിലാവാൽ ധന്യനാക്കണമെന്നെ !! 4.

3.

"മുകരാം സൌന്ദൎയ്യമെന്നോൎത്തു നീ മുതിരുകിൽ
മകനേ, നാകം കാണാൻ കഴിയില്ലൊരുനാളും !
മായയാൽ ഭ്രമിക്കല്ലെ, മന്നിലെസ്സുഖം ദുഃഖം,
മൌനിയായ് ഭജിച്ചാലുമീശനെ മോക്ഷം നേടാൻ !
ഇന്നു നീ മരിച്ചാലുമാത്മാവു ജീവിച്ചിടാ–"
മെന്നൊന്നുമെന്നോടോതാൻ നില്ക്കേണ്ട പുരോഹിത !
അറികിൽ സൌന്ദൎയ്യം നാമറിഞ്ഞൂ സ്വൎഗ്ഗസൌഖ്യം,
മറക്കിൽ നമ്മെ, കാണാം മരതൻമൂലം മുന്നിൽ ! 5.

പുഷ്പങ്ങൾ നിത്യം കണ്ടും, പുഷ്കല ഗാനം കേട്ടും,
പൂജ്യരായ് ജീവിക്കുവാൻ പാരിതിൽ ജനിപ്പു നാം !
സൌന്ദൎയ്യത്തിൻെറ സത്യം കാണുവാൻ കണ്ണില്ലാത്ത
വിണ്ണെങ്ങു വിണ്ണായിടും മന്നാണുമെച്ചമപ്പോൾ ! 6.

4.

മയക്കും ഭ്രമമെന്തോ, മധുവൊ മാധുൎയ്യമൊ,
മദിരേക്ഷണതാനോ, മൂലമീമായക്കിപ്പോൾ ? 7.

മതി നീ കരയേണ്ട നിറയും പ്രേമം മുററും
മനമെ ! മറച്ചില്ലെ, മുത്തുപോലിതുനാളും !
പനിനീർപ്പൂവേ പേടിക്കേണ്ട നീ വിടൎന്നാലും
പരനിന്നസാദ്ധ്യം നിൻ സൌന്ദൎയ്യം ബന്ധിക്കുവാൻ !

മാനിനി! മൈതാനമോ മലരിൻ മെത്തയായി,
പാനപാത്രം ഗ്രഹിക്കൂ, പറയും വാക്കുകേൾക്കൂ!
ഹേമന്തദുഃഖം മാററാൻ മൂലികയുണ്ടെൻപക്കൽ
കശ്മലൻ നമിക്കുന്നു വിധിയും;—മോദം മോദം! 8.

മയക്കം ഭ്രമമെന്തോ, മധുവൊ മാധുര്യമൊ,
മദിരേക്ഷണതാനോ, മൂലമീമായക്കിപ്പോൾ!! 9.

5.

പോയി പോലവളെങ്ങോ, പാഞ്ഞു പിന്നാലെ ചിത്തം
പാരവശ്യത്തിൽപെട്ടും, പ്രാർത്ഥിച്ചും, വിശ്വസ്ഥനായ്! 10.

വന്നതും പ്രാർത്ഥിച്ചു ഞാൻ, കേണുതാൻ തിരിച്ചിടാം,
ഇന്നു മൽ പ്രേമം മായ്ക്കാൻ വിണ്ണിനും കഴിഞ്ഞിടാ!
ദേവി! നീയറിയുന്നിതെൻ പ്രേമപരിശുദ്ധി,
ഭാവിയിൽ ദൈവയോഗാൽ മേളിക്കുവാനായേക്കാം!
ലോകരും പഴിക്കട്ടെ, നാകത്തെ മുൻനിർത്തി ഞാൻ
നൽകിടാം സത്യം, തത്വം ഭാവിയിൽ തെളിഞ്ഞിടും! 11.

ക്രൌര്യത്തിൻ മർദ്ദനത്തിൽ വർത്തിച്ചുവെന്നാലും ഞാൻ
സ്ഥൈര്യവും വെടിയാതെൻ പ്രേമത്തിൽ വിശ്വസ്തനാം!
ആനന്ദലക്ഷ്മിതന്റെ ഗാനമാധുര്യം തൂകീ-
ട്ടാനയിപ്പാൻ നോക്കുകിൽ മാറിനിന്നീടും ദൂരെ!
കാൺമതും ഭവതിയെ കേൾപ്പതും നിൻ ഭാഷണം
കോൾമയിർക്കൊള്ളാൻ കാഴ്ച വേണ്ടെനിക്കൊന്നും വേറെ!
പിന്തുടർന്നീടുന്നു ഞാൻ പ്രേമത്തിൻ ജൈത്രയാത്ര-
ക്കന്തമില്ലല്ലൊ സ്വന്തം സ്ഥാനമില്ലല്ലൊ മററും!! 12.

# ആത്മശക്തി

(മുല്ലോത്തു് വി. നാരായണമേനോൻ).

( പാന )

വിശ്വസിക്കുക, നിന്നന്തരംഗത്തിൽ
വാഴ്ത്തും കുതുകേന വസിച്ചിട്ടും
ശാശ്വതൻെറ—സകലലോകേശൻെറ—
വിശ്വമോഹനമാകുന്ന രൂപത്തെ
സ്വീയമാമാത്മശക്തി ലസിക്കുവ-
തായതിലാം നിരൂപിച്ചു നോക്കുകിൽ.
ലോലമാ, മാസ്വരൂപത്തെയീക്ഷിക്കാൻ
നീലിമപെട്ടും വാനിലേക്കാനനം
എന്തിനായി നീ പൊന്തിച്ചു നോക്കുന്നു
ഹന്ത ! നീതാൻ നിനക്കിലാചിൽപ്രഭ
ചിത്തതാരിൽ സദാപി വിഹരിപ്പൂ
മത്തഭൃംശം മണിവർണ്ണ വിഗ്രഹം.

---

# കവച്ച്ക്കാരൻെറ ധർമ്മം

('ഹംസ്' മാസികയിൽ നിന്നു്)

ഒരു ധനികൻ ഒരു കാട്ടിൽക്കൂടി സഞ്ചരിക്കയായിരുന്നു. ഒരു കവച്ച്ക്കാരൻ ആയാളെ പിടികൂടി വധിക്കുവാൻ ഒരുങ്ങി. ഭയവിഹ്വലനായ ധനികൻ താഴ്മയോടെ പറഞ്ഞു:— "നിർദ്ദോഷിയായ എന്നെ കൊല്ലുന്നതെന്തിനാണു് ? എൻെറ പക്കലുള്ള ധനം മുഴുവനും എടുത്തു് എന്നെ കൊല്ലാതെ വിട്ടയക്കുവാൻ ദയവുണ്ടാകണേ." കവച്ച്ക്കാരൻ രണ്ടു് നിമിഷം ആലോചിച്ചിട്ടു് ഗൌരവത്തോടെ ഉത്തരം പറഞ്ഞു:— "താങ്കൾ ക്ഷമിക്കണം. താങ്കൾ സ്വന്തം മനസ്സാലെ തന്നിട്ടു് ഞാൻ സ്വീകരിച്ചാൽ അതു് ദാനമാകും. ദാനം കൈക്കൊള്ളുവാൻ ഞാൻ ബ്രാഹ്മണനല്ല. താങ്കളെ കവച്ച്ചെയ്യാതെ പോകുവാൻ അനുവദിക്കുന്നതായാൽ ഞാൻ ഭീരുവായി ഗണിക്കപ്പെട്ടും. താങ്കളെ കൊന്നു് ധനം കൈക്കലാക്കുന്നതാണു് എൻെറ ധർമ്മം."

---

# കാളിദാസൻ.

---

(ചന്ദ്രഹാസൻ)

മഹാകവി കാളിദാസൻെറ കാലനിർണ്ണയം സാഹിത്യകാരന്മാരെയും ചരിത്രകാരന്മാരെയും ഒരുപോലെ വിഷമിപ്പിച്ചിട്ടുള്ള ഒരു വിഷയമാണല്ലോ. ആധുനിക ഹിന്ദിസാഹിത്യത്തിലെ ഉത്തമ നാടകകർത്താവും ഒരു പ്രസിദ്ധ കവിയും ആയ ബാബു ജയശങ്കർ 'പ്രസാദ്' തൻെറ 'സ്കന്ദഗുപ്ത വിക്രമാദിത്യ'നാടകത്തിൽ ഈ വിഷയത്തെപ്പററി ശ്രദ്ധേയങ്ങളായ ചിലസംഗതികൾ സൂചിപ്പിച്ച് പ്രതിപാദിച്ചിട്ടുള്ളതു് മലയാളത്തിൽ സംഗ്രഹിച്ചെഴുതുന്നത് ഹിന്ദിഭാഷ അഭ്യസിക്കാത്ത 'ഭാരതീയകവിചക്രവർത്തി'യുടെ ആരാധകന്മാർക്ക് രസിക്കുമെന്ന് വിശ്വസിക്കുന്നു. പ്രസാദ്ജി സംസ്കൃതം, പ്രാകൃതം, പാലി മുതലായ പ്രാചീന ആര്യഭാഷകളിൽ നല്ല പണ്ഡിതനും ചെറുപ്പം മുതല്ക്കേ ചരിത്രപ്രധാനങ്ങളും സാഹിത്യപരവും ആയ പലേ വിഷയങ്ങളിൽ ഗവേഷണം നടത്തിയിട്ടുള്ള മാന്യനുമാകുന്നു. അദ്ദേഹത്തിൻെറ അഭിപ്രായങ്ങളെ ചുരുക്കി എഴുതുകമാത്രമാണ് ഈ ലേഖനത്തിൻെറ ഉദ്ദേശം.

മഹാകവി കാളിദാസൻ വിക്രമാദിത്യൻെറ സമകാലീനനായിരുന്നു എന്ന അഭിപ്രായം ഏതാണ്ട് സർവ്വസമ്മതമായിട്ടുള്ളതാണ്. ഈ വിക്രമാദിത്യൻെറ കാലം ക്രിസ്തുവിന്ന് മുമ്പ് ഒന്നാംശതാബ്ദത്തിലായിരുന്നു എന്നും അദ്ദേഹമാണ് വിക്രമസംവത്സരം നടപ്പിൽവരുത്തിയതെന്നും പല പണ്ഡിതന്മാരും അഭിപ്രായപ്പെട്ടിട്ടുണ്ട്. അതല്ല, വിക്രമാദിത്യൻ എന്ന സ്ഥാനംകൈക്കൊണ്ട രണ്ടാം ചന്ദ്രഗുപ്തനാണ് (400 എ. ഡി.) കാളിദാസൻെറ മിത്രമായിരുന്നതെന്നാണ് മററുചില പണ്ഡിതന്മാരുടെ അഭിപ്രായം. കാളിദാസൻെറ കാലം എ. ഡി. അഞ്ചാം നൂററാണ്ടിലോ ആറാംനൂററാണ്ടിലോ ആയിരുന്നു എന്ന് അഭിപ്രായമുള്ള പണ്ഡിതന്മാരും ഇല്ലായ്കയില്ല. പ്രാചീന ഭാരതത്തിൽ താഴെ വിവരിക്കുംപ്രകാരം മൂന്ന് വിക്രമാദിത്യന്മാരുണ്ടായിരുന്നു എന്നാണ് ബാബു ജയശങ്കർ പ്രസാദിൻെറ അന്വേഷണങ്ങൾ തെളിയിക്കുന്നത്.

(I) വിക്രമാദിത്യ 'സാഹസാങ്ക്.' (57. ബി. സി.) ഇദ്ദേഹം ഗന്ധർവ്വസേനൻെറ പുത്രനും മാലവ 'ഗണ രാഷ്ട്ര'ത്തിൻെറ മുഖ്യനായകനും ആയിരുന്നു. വിക്രമാദിത്യൻ എന്ന് ഇദ്ദേഹത്തിൻെറ പേരും "സാഹസാങ്ക്" എന്ന് സ്ഥാനവും ആയിരുന്നു. ഇദ്ദേഹമാണ് മധുരയിലെ

ശകന്മാരെ നശിപ്പിച്ചതും ദില്ലീ (ഡെൽഹി) രാജ്യം ജൈത്രപാലനെ ഏല്പിച്ചതും. (II) ചന്ദ്രഗുപ്ത 'വിക്രമാദിത്യൻ' (എ. ഡി. 385 (400?) മുതൽ 413വരെ) ഇദ്ദേഹം മഗധ ചക്രവത്തിയായിരുന്നു. (III) സ്കന്ദഗുപ്ത 'വിക്രമാദിത്യൻ' (എ. ഡി. 455 മുതൽ 467വരെ) ഇദ്ദേഹം മാലവയിലെ പ്രധാന നഗരിയായ ഉജ്ജയനിയെ തൻെറ രാജധാനിയാക്കി.

ഇവരിൽ ആദ്യത്തെ വിക്രമാദിത്യൻെറ സമകാലീനനായിരുന്ന ശാകുന്തളം മുതലായ നാടകങ്ങൾ എഴുതിയ കാളിദാസൻ. ഇദ്ദേഹം നാടകങ്ങളല്ലാതെ വേറെ ഗ്രന്ഥങ്ങൾ രചിച്ചതായി അറിവില്ല. രഘുവംശം, കുമാരസംഭവം, മേഘദൂതം എന്ന മൂന്ന് ഉത്തമകാവ്യങ്ങളുടെ കത്താവ് സ്കന്ദഗുപ്തൻെറ കാലത്തുണ്ടായിരുന്ന 'കാളിദാസൻ' എന്ന് സ്ഥാനപ്പേരുള്ള ഒരു കവിയായിരുന്നു. അദ്ദേഹത്തിൻെറ പേരു് മാതൃഗുപ്തനെന്നായിരുന്നു എന്നും സ്വദേശം കാശ്മീരമായിരുന്നു എന്നും വിശ്വസിക്കാൻ തക്കതായ കാരണങ്ങൾ ഉണ്ടു്. അദ്ദേഹം ബാല്യത്തിൽതന്നെ സ്കന്ദഗുപ്തൻെറ അച്ഛനായ കുമാരഗുപ്തൻെറ രാജധാനിയിൽ ഉണ്ടായിരുന്നു. (കുമാരഗുപ്തൻെറ സ്മരണക്കായിരിക്കാം 'കുമാരസംഭവം' രചിച്ചതെന്ന് അനുമാനിക്കുന്നതിൽ വിരോധമില്ല) പിന്നീട് സ്കന്ദഗുപ്തന്ന് അധികാരം പ്രാപ്തമായപ്പോൾ അദ്ദേഹം മാതൃഗുപ്തനെ കാശ്മീരാധിപതിയാക്കി. സ്കന്ദഗുപ്തൻ മരിച്ചപ്പോൾ മാതൃഗുപ്തൻ ദുഃഖിതനായി പലെടിക്കിലും സഞ്ചരിച്ച് സിംഹളരാജ്യത്ത് ചെല്ലുകയും 'മേഘദൂതം' രചിക്കുകയും ചെയ്തിരിക്കണം. 'രഘുവംശ'വും ഗുപ്തരാജാക്കന്മാരുടെ അധഃപതനത്തെ കണ്ടുകൊണ്ടു് രചിച്ചിട്ടുള്ളതാവാൻ വഴിയുണ്ടു്.

ഇതാണ് പ്രസാദ്ജിയുടെ അഭിപ്രായത്തിൻെറ ചുരുക്കം. ഇങ്ങിനെ ഒരഭിപ്രായം പ്രകടിപ്പിക്കാൻ തന്നെ പ്രേരിപ്പിച്ച കാരണങ്ങളുടെ ചുരുക്കവും താഴെ ചേക്കുന്നുണ്ടു്.

പതിനൊന്നാം നൂററാണ്ടിൽ ജീവിച്ചിരുന്ന രാജശേഖരൻെറ ഒരു ശ്ലോകം ജൽഹൺ കവിയുടെ 'സൂക്തിമുക്താവലി'യിലും ഹരികവിയുടെ 'സുഭാഷിതാവലി'യിലും കാണുന്നുണ്ടു്.

"ഏകോപി ജീയതേ ഹന്ത കാളിദാസോനകേനചിത്
ശൃംഗാരേ ലളിതോദ്ഗാരേ കാളിദാസ ത്രയീ കിമു. "

ഇതിൽനിന്ന് അദ്ദേഹത്തിൻെറ കാലംവരെ മൂന്ന് കാളിദാസന്മാരുണ്ടായിരുന്നു എന്ന് ധ്വനിക്കുന്നുണ്ടു്. 'ഋതുസംഹാരം' 'ശൃംഗാരതിലകം' മുതലായ ചില കാവ്യങ്ങൾ രചിച്ചത് 'രഘുവംശ' കത്താവായ മഹാകവി കാളിദാസനല്ലെന്നും എട്ടാം നൂററാണ്ടിലോ മററോ ബങ്കാളിൽ

ജീവിച്ചിരുന്ന വേറൊരു കാളിദാസനായിരിക്കാമെന്നും ചിലക്കഭിപ്രായമുണ്ടല്ലോ. രാജശേഖരൻ സൂചിപ്പിക്കുന്ന മൂന്നാമത്തെ കാളിദാസൻ ഒരു പക്ഷെ ഇൗ കവി ആയിരിക്കാം.

ഇതുവരെ കാളിദാസൻെറ കാലം നിർണ്ണയിക്കാൻ ശ്രമിച്ച പണ്ഡിതന്മാക്ക് ഒരു വൈഷമ്യം നേരിട്ടത് നാടകങ്ങളുടെയും ഉത്തമകാവ്യങ്ങളുടെയും കത്താവ് ഒരേ കാളിദാസനാണെന്ന് സങ്കല്പിച്ചതുകൊണ്ടാണ്.* കാളിദാസൻെറ ഗ്രന്ഥങ്ങളിൽനിന്ന് അവർ ഉദ്ധരിച്ചിട്ടുള്ള അംശങ്ങളെ സൂക്ഷ്മമായി പരിശോധിച്ചാൽ നാടകങ്ങളുടെ കത്താവ് ബി. സി. ഒന്നാം ശതാബ്ദത്തിൽ ജീവിച്ചിരുന്ന കാളിദാസനാണെന്നും കാവ്യങ്ങളുടെ കത്താവ് എ. ഡി. അഞ്ചാം നൂററാണ്ടിൻെറ അവസാനത്തിലും ആറാം നൂററാണ്ടിൻെറ ആദ്യത്തിലും ആയി ജീവിച്ചിരുന്ന വേറൊരു കാളിദാസനാണെന്നും എളുപ്പം അനുമാനിക്കാവുന്നതാണ്.(1)'രഘുവംശ'ത്തിൽ ഗുപ്തരാജാക്കന്മാരുടെ—പ്രധാനമായി കുമാരഗുപ്തൻ, സ്കന്ദഗുപ്തൻ മുതലായ അവസാനരാജാക്കന്മാരുടെ -വർണ്ണനയുണ്ട്. 'രഘുവംശ'ത്തിലെ അവസാനഭാഗങ്ങളിൽ ഗുപ്തവംശത്തിൻെറ ഐശ്വര്യഹീനമായ അന്തം പ്രതിബിംബിച്ച് കാണുന്നുണ്ട്. 'മേഘദൂതി'ൽ അവ്യക്തരൂപേണ കവിയുടെ കാശ്മീരവിയോഗത്തിൻെറ വർണ്ണനയുണ്ട്. 'രഘുവംശ'ത്തിലും 'കുമാരസംഭവ'ത്തിലും ഉള്ള വർണ്ണനങ്ങളിൽ അന്തിമ ഗുപ്തരാജാക്കന്മാരുടെ കാലത്തെ ഹൂണന്മാരുടെ ഉപദ്രങ്ങളുടെയുംമററും ധ്വനി സ്പഷ്ടമായുണ്ട്. എന്നാൽ നാടങ്ങളിലാകട്ടെ ഗുപ്തവംശക്കാരുടേയോ, ആ കാലത്തെ സ്പർശിക്കുന്നതോ, ആയ ഒരു വർണ്ണനപോലുമില്ല (2) നാടകകത്താവായ കാളിദാസൻ തനിക്ക് മുമ്പുണ്ടായിരുന്ന നാടകകത്താക്കന്മാരെപററി പറഞ്ഞിട്ടുള്ളതിൽ 'സൌമില്ല്'നയും 'കവിപുത്ര'നെയും പററി ഒന്നുംതന്നെ പറഞ്ഞിട്ടില്ല. (3) 'മാളവികാഗ്നിമിത്ര'ത്തിലെ കഥയുടെ രൂപം നോക്കുമ്പോൾ അത് ശുംഗവംശികളുടെ പതനത്തിന് വളരെക്കാലം കഴിഞ്ഞെഴുതിയതാണെന്ന് തോന്നുന്നില്ല. അവരുടെ പതനകാലത്ത് തന്നെയാണ് വിക്രമാദിത്യൻ ശക്തിശാലിയായത്. അതേകാലത്ത് എഴുതിയതുകൊണ്ടായിരിക്കണം കാളിദാസൻെറ നാടകത്തിലെ കഥക്ക് ഇൗ രൂപം സിദ്ധിച്ചത്. (4) കാവ്യങ്ങളിൽ ജ്യോതിഷ സംബന്ധമായ 'ജാമിത്ര' 'ഹോര' എന്ന പദങ്ങൾകാണുന്നുണ്ട്. ഇൗ പദങ്ങളുടെ പ്രചാരം ഭാരതത്തിൽ എ. ഡി. അഞ്ചാം ശതാബ്ദത്തിന്ന് സമീപത്താണ് ഉണ്ടായിട്ടുള്ളത്. എന്നാൽ നാടകങ്ങളിലാകട്ടെ ഇൗ പദങ്ങൾ കാണുന്നില്ല. ആയതുകൊണ്ട് രഘുവംശം മുതലായ കാവ്യങ്ങൾ എ. ഡി. അഞ്ചാം നൂററാണ്ടിനുശേഷം രചിക്കപ്പെട്ടു എന്നും നാടകങ്ങൾ ആ സമയത്തിന്ന് കുറെ മുമ്പ് രചിക്ക

പ്പെട്ടുവെന്നും അനുമാനിക്കാവുന്നതാണ്. (5) കാശീനിവാസിയായ പണ്ഡിത് കേശവപ്രസാദ് ജി മിശ്രയുടെ പക്കലുള്ള "അഭിജ്ഞാനശാകുന്തള"ത്തിന്റെ ഒരു പ്രാചീനമായ പ്രതിയിൽ താഴെ പറയുന്ന അംശം ഉണ്ട്.

"ആര്യേ, രസഭാവവിശേഷ ദീക്ഷാഗുരോഃ ശ്രീ വിക്രമാദിത്യ സാഹസാങ്കസ്യാഭിരൂപ ഭൂയിഷ്ഠേയം പരിഷത്ത് അസ്യാം ച കാളിദാസപ്രയുക്തേനാഭിജ്ഞാനശാകുന്തള നാമ്നാ നവേന നാടകേനോപസ്ഥാതവ്യമസ്മാഭിഃ" ഇതിൽനിന്ന് കാളിദാസൻ എഴുതിയ അഭിജ്ഞാനശാകുന്തളമെന്ന നവീന നാടകം 'സാഹസാങ്ക' എന്ന സ്ഥാനപ്പേരുള്ള വിക്രമാദിത്യന്റെ സദസ്സിൽ അഭിനയിക്കപ്പെട്ടു എന്നതു് വ്യക്തമാണ്. ഈ അവതരണത്തിൽ വിക്രമാദിത്യനെ രാജാവെന്നോ ചക്രവർത്തിയെന്നോ സംബോധന ചെയ്തുകാണാത്തതും ശ്രദ്ധേയമാണ്. ചുരുക്കിപ്പറയുന്നതായാൽ ശാകുന്തളകർത്താവായ കാളിദാസൻ (ഇതു് അദ്ദേഹത്തിന്റെ പേരാണ്) ബി. സി. ഒന്നാം ശതാബ്ദത്തിലെ മാലവഗണാധിപതിയായിരുന്ന വിക്രമാദിത്യ സാഹസാങ്കന്റെ സമകാലീനനായിരുന്നു എന്നും ചന്ദ്രഗുപ്ത വിക്രമാദിത്യന്റെയോ സ്കന്ദഗുപ്ത വിക്രമാദിത്യന്റെയോ സമകാലീനനല്ലായിരുന്നു എന്നും തെളിയുന്നു. (6) നാടകങ്ങളിലെ പ്രാകൃതം മാഗധീസമ്മിശ്രമാണ്. ഇതു് പ്രാചീനതയെ സൂചിപ്പിക്കുന്നു. അഞ്ചും ആറും നൂററാണ്ടുകളിലെ ഗ്രന്ഥങ്ങളിൽ മഹാരാഷ്ട്രീ പ്രാകൃതമാണ് സാധാരണയായി കാണുന്നതു്. (7) സിംഹളരാജാവായ കുമാരദാസൻ ചെറുപ്പത്തിൽ വിക്രമാദിത്യന്റെ രാജധാനിയിൽ താമസിച്ചിരുന്നതായും അവിടെ കാളിദാസകവിയുടെ മിത്രമായിത്തീർന്നതായും പിന്നീട് രണ്ടുപേരും ലങ്കയിലേക്ക് മടങ്ങിയതായും മററുമുള്ള കഥകൾ ഇപ്പോൾ ചരിത്രപ്രധാനങ്ങളെന്നു തെളിഞ്ഞു് കഴിഞ്ഞിരിക്കുന്നു. 'മഹാവംശ'മനുസരിച്ചു് കുമാരദാസന്റെ രാജ്യകാലം 511 മുതൽ 524 (എ. ഡി.) വരെയാണ്. ആയതുകൊണ്ടു് മേൽപറഞ്ഞ 'വിക്രമാദിത്യൻ' സ്കന്ദഗുപ്തനാണെന്നും മേൽപറഞ്ഞ 'കാളിദാസ'കവി മാതൃഗുപ്തനാണെന്നും സമ്മതിക്കേണ്ടിയിരിക്കുന്നു. (8) ആറാം നൂററാണ്ടിൽ രചിക്കപ്പെട്ടതെന്ന് വിചാരിക്കപ്പെടുന്ന 'ജ്യോതിർവ്വിദാഭരണം' ഈ കാളിദാസകവിയുടേതല്ലെന്ന് വിശ്വസിക്കുവാൻ യാതൊരു കാരണവും കാണുന്നില്ല. ഈ ഗ്രന്ഥത്തിന്റെ ഒരംശം താഴെ ചേർക്കുന്നു.

"കാവ്യത്രയം സുമതികൃദ്രഘുവംശ പൂർവ്വം, പൂർവ്വം തതോനനുകിയച്ഛ്രുതി കർമ്മവാദഃ, ജ്യോതിർവ്വിദാഭരണകാലവിധാനശാസ്ത്രം ശ്രീ കാളിദാസകവിതോഹി തതോ ബഭൂവ" ഇതിൽനിന്ന് ജ്യോതിർവ്വിദാഭരണകർത്താവായ കാളിദാസൻ കവി മാത്രമായിരുന്നു എന്നും അദ്ദേഹം

'കാവ്യത്രയം' (രഘുവംശം, കുമാരസംഭവം, മേഘദൂതം?) മാത്രമെ എഴുതിയിട്ടുള്ളു എന്നും തെളിയുന്നു. (9) 'രാജതരംഗിണി' എന്നഗ്രന്ഥത്തിൽ വർണ്ണിക്കപ്പെട്ടിട്ടുള്ള 'വിക്രമാദിത്യൻ' ഒരിക്കൽ പ്രസന്നനായി കാശ്മീർദേശം മാതൃഗുപ്തൻ എന്ന കവിക്കു സമ്മാനിച്ചതായി പറയുന്നുണ്ട്. ഡാക്റ്റർ ഭാഉദാജിയുടെ അഭിപ്രായം ഈ മാതൃഗുപ്തൻ തന്നെയാണ് മഹാകവി കാളിദാസനെന്നാണ്. വാസ്തവത്തിൽ ഈ മാതൃഗുപ്തൻ സ്കന്ദഗുപ്തന്റെ മിത്രമായിരുന്ന രണ്ടാം 'കാളിദാസ'നും 'കാവ്യത്രയ'ത്തിന്റെ കർത്താവും ആയിരിക്കാനെ വഴിയുള്ളു. (10) സ്കന്ദഗുപ്തന്റെ ശിലാലേഖനങ്ങളിലെ പദ്യരചനക്കും രഘുവംശത്തിലെ പദ്യരചനക്കും തമ്മിൽ വളരെ സാമ്യമുണ്ട്. (11) വിക്രമാദിത്യൻ കാശ്മീരദേശം മാതൃഗുപ്തന് സമ്മാനിച്ചു എന്നു പറഞ്ഞല്ലോ. 467-ൽ സ്കന്ദഗുപ്തൻ മരിച്ചപ്പോൾ മാതൃഗുപ്തൻ വിരക്തനായി തന്റെ രാജ്യം വിടുകയും കുമാരദാസനായുള്ള മൈത്രീബന്ധത്താൽ സിംഹളരാജ്യത്തേക്ക് പോകയും ചെയ്തു. ഈ സമയത്തായിരിക്കണം 'മേഘദൂതം' എഴുതിയതെന്ന് അനുമാനിക്കുന്നതിൽ അസാംഗത്യമൊന്നുമില്ല. 'ദേവപൂർവ്വം ഗിരിതേ……...' എന്നാരംഭിക്കുന്ന ശ്ലോകത്തിൽ ദേവഗിരിയിലെ സ്കന്ദരാജ പ്രതിമയുടെ യഥാർത്ഥ വർണ്ണനതന്നെയല്ലെ ?

ഈ ലേഖനത്തിന്റെ ആരംഭത്തിൽ പ്രസ്താവിച്ച "സ്കന്ദഗുപ്ത വിക്രമാദിത്യ" നാടകത്തിൽ കുമാരദാസനും മാതൃഗുപ്തകവിയും കഥാപാത്രങ്ങളാണ്. നാടകത്തിൽ സ്കന്ദഗുപ്തനുമായി ഇവരുടെ ബന്ധത്തെ സൂചിപ്പിക്കുന്ന ചില സംഭവങ്ങളും വർണ്ണിച്ചിട്ടുണ്ട്. വിക്രമാദിത്യന്മാരുടെയും കാളിദാസന്മാരുടെയും കാലങ്ങളെപ്പററിയുള്ള തന്റെ അഭിപ്രായങ്ങൾ രണ്ട് പരിശിഷ്ടങ്ങളിലാണ് നാടകകർത്താവ് വിവരിച്ചിട്ടുള്ളത്. പ്രസാദ് ജിയുടെ ഈ അഭിപ്രായങ്ങൾ സാഹിത്യകാരന്മാരുടെ ശ്രദ്ധയെ തീർച്ചയായും ആകർഷിക്കത്തക്കവയാണ്.

A 107

16 JUL 1938